A 1330 240217

# എന്റെ പൊന്നു്

A/1330 വി. എം. ചെറിയാൻ

1ന
ആണ
1൬ ഗ്രന്ഥാവലി

# ഫൗണ്ടൻലങ്ങ്

എന്റെ പെണ്ണ്

SEN GUPTA PUBLIC LIBRARY
Date........................
PUTHIYARA.

വി. എം. ചെറിയാന്റെ

കൃതികൾ

---

ഹിപ്നോട്ടിസം പ്രഥമപാഠങ്ങൾ

ടി ഉപരിപാഠങ്ങൾ

കാമസൂത്രം

ശകുനശാസ്ത്രം

Phala Deepika

Chamalkara Chintamani

Sakuna Sastra

ആരണ്യകന്യക (നോവൽ)

ആരണ്യപുത്രി ,,

അത്ഭുതവിഗ്രഹം ,,

വാനരനാരി ,,

വന്യവനിതകൾ ,,

എന്റെ പെണ്ണ് ,,

# എന്റെ പെണ്ണ്

(നോവൽ)

ഗ്രന്ഥകർത്താ:

വി. എം. ചെറിയാൻ

SEN GUPTA PUBLIC LIBRARY
P.O. Kuthiravattam
Calicut-16
Parayanchery

DISTRIBUTORS

നാഷനൽ ബുക്ക്സ്റ്റാൾ

കളരിക്കൽബസാർ കോട്ടയം

വില 12 ണ.

ഒന്നാംപതിപ്പ് കോപ്പി 1000
1954 ജൂൺ
(പകർപ്പവകാശം)

894.83
CHE

പ്രസാധകന്മാർ:
പി. പി. ബുക്കഡിപ്പൊ, കോട്ടയം.

അച്ചടി:
വി. ജി. പ്രസ്സ്, കോട്ടയം.

# എന്റെ പെണ്ണ്

പന്ത്രണ്ടണ ഗ്രന്ഥാവലിയിലെ ആറാം പുസ്തകമാണ് "എന്റെ പെണ്ണ്". ഇതിനു മുമ്പു പ്രസിദ്ധപ്പെടുത്തിയ അഞ്ചു പുസ്തകങ്ങൾക്കും ലഭിച്ച സ്വീകരണത്തിന്റെ അനുഭവം കൈവന്നുതുടങ്ങിയതുകൊണ്ടു "എന്റെ പെണ്ണിനെ" ഒരുക്കി ഇറക്കാൻ ഒരു പ്രത്യേക ഉശിരും ഉത്സാഹവും തോന്നുന്നുണ്ടു്. പ്രതീക്ഷയിൽ കവിഞ്ഞ പ്രോത്സാഹനം ഞങ്ങൾക്കു ലഭിച്ചതു്, പന്ത്രണ്ടണ വിലയെ ഉള്ളു എങ്കിലും, പുസ്തകങ്ങളുടെ ഉള്ളടക്കവും പുറംചട്ടയെ പോലെതന്നെ ഹൃദയാവർജ്ജകമായിരിക്കണമെന്നു നിഷ്കർഷിച്ചതുകൊണ്ടാണെന്നാണു് വിശ്വാസം. "എന്റെ പെണ്ണ്" അവളുടെ ചേട്ടത്തിമാരെക്കാൾ ഒരുതരത്തിലും പിന്നിലല്ലെന്നു പറയാൻ അല്പംപോലും സംശയം തോന്നുന്നില്ല. "എന്റെ പെണ്ണിനെ" പുത്രിയായി സ്വീകരിച്ചനുഗ്രഹിക്കണമെന്നുള്ള അപേക്ഷയോടുകൂടി സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

1954 ജൂൺ 10

പ്രസാധകർ

പി. പി. ബുക്കുഡിപ്പോ.

പുതുപ്പള്ളി കോട്ടയം.

# എൻെറ പെണ്ണ്

## പീഠിക

### കുരങ്ങുമനുഷ്യർ മലയായിൽ

കുലാലമ്പൂർ,
1954 ജനുവരി 1.

"അർദ്ധമനുഷ്യരും അർദ്ധകുരങ്ങുകളും ആയ വിചിത്ര ജീവികൾ ഉത്തരമലയായിലെ വൻകാടുകളിൽ നിന്നു പുറത്തു വന്നതു കണ്ടു് ഗ്രാമീണർ ഭയാക്രാന്തരായി എന്നു് മലയാ റേഡിയൊ പ്രസ്താവിക്കുന്നു. നീണ്ട ജടയും, ക്രൂരദംഷ്ട്രങ്ങളും ഉള്ള ഈ തരം ജീവികളെപ്പററി മലയൻ ചരിത്രത്തിൽ പറയുന്നുണ്ടു്. പെനാങ്ങിലെ വനത്തിൻെറ അതൃത്തിയോടടുത്ത ആ സ്ഥലത്തു് ഇവ വെള്ളത്തിൽ നീന്തുന്നതും, കൈകൾകൊണ്ടു് കിഴങ്ങുകൾ മാന്തി എടുക്കുന്നതും കണ്ടവരുണ്ടു്. നല്ല ഉയരവും നല്ല തടിയും, അരയോളം നീണ്ടുകിടക്കുന്ന ജടയും, വായടച്ചാലും പുറത്തേക്കു ചാടി നിൽക്കുന്ന ദംഷ്ട്രങ്ങളും, പെണ്ണിനും ആണിനും മുഖത്തു രോമവും, വല്ലാത്ത മുത്രവും ഉണ്ടെന്നാണു് പറയുന്നതു്. ഈ വാർത്ത യഥാർത്ഥമാണെന്നും, ഉന്നതമായ മലകളിലെ വൻ കാടുകളിൽ ഈ ജീവികൾ ധാരാളമുണ്ടായിരിക്കുമെന്നുമാണു് പൊതുവെയുള്ള അഭിപ്രായം"

നവ വത്സരാരംഭത്തിൽ പത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്ന ഈ വാർത്തയിലെ "വിചിത്രജീവികൾ" ആണു് "എൻെറ പെണ്ണി"ലെ "കുരഷ്യർ".

## അദ്ധ്യായം 1

നട്ടുച്ചസമയം. നാഗവർഗ്ഗക്കാരിൽ തന്നെ, അതിധീരന്മാർ പോലും കടന്നു ചെല്ലാൻ മടിക്കുന്ന നാഗമലയുടെ ഒരു ഉന്നത ശൃംഗത്തിന്റെ അത്യുച്ചത്തിലേക്കാണ് ആ കാട്ടാളകുടുംബം പോകുന്നതു്. അമ്പതു കുതിരശക്തിയുള്ള എൻജിൻ വലിക്കുന്ന മോട്ടോർ വാഹനമാണെങ്കിലും "ഫസ്റ്റ് ഗീയറിൽ" നിരങ്ങിനീങ്ങി വലിഞ്ഞു മാത്രം കേറാൻ പണി വരത്തക്ക കുത്തനെ ഉള്ള കേററം അവർ നടന്നു കേറുന്നതു കണ്ടാൽ സായാഹ്നസവാരിക്ക് ഇറങ്ങിയിരിക്കയാണെന്നു തോന്നും. അതി കഠിനമായ വെയിലിനോ, കുത്തനെയുള്ള ആ മലയ്ക്കോ അവരുടെ നെററിയിൽ ഒരു തുള്ളി വിയർപ്പ് വരുത്തുന്നതിനു കഴിഞ്ഞിട്ടില്ല. വൻ കാടും പാറക്കെട്ടുകളും മുൾപ്പടർപ്പുകളും അവരെ അല്പം പോലും ശല്യപ്പെടുത്തുന്നുമില്ല. തുറസ്സായ മൈതാനത്തിലൂടെ ഇളംകാററ് ആസ്വദിച്ച് ഉല്ലാസമായും ഉൽസാഹത്തോടും ഉലാത്തുന്ന രീതിയിലാണ് നടത്ത. തല കൊയ്ത്തു നിത്യത്തൊഴിലായി സ്വീകരിച്ചിട്ടുള്ള ശത്രുക്കൾ, ഘോരസർപ്പങ്ങൾ. ഭയങ്കര വന്യമൃഗങ്ങൾ എന്നിവയുടെ താവളസ്ഥലത്തു കൂടിയാണ് പ്രയാണം ചെയ്യുന്നതെന്നും, എപ്പോൾ വേണമെങ്കിലും അപകടം സംഭവിക്കാമെന്നും നന്നായി അറിയാമെങ്കിലും അതൊന്നും അറിഞ്ഞ ഭാവം കാണാനില്ല.

താവളസ്ഥലം വിട്ടൊഴിഞ്ഞു പോകേണ്ടി വന്നതുമൂലം ജാൻ അയാളുടെ കുടുംബത്തെ കൂട്ടിക്കൊണ്ട്, ആഹാരം കിട്ടാൻ മാർഗ്ഗമുള്ള ദേശം അന്വേഷിച്ചു പുറപ്പെട്ടിരിക്കയാണ്. ശത്രുസംഹാര വിദഗ്ദ്ധന്മാരും തല കൊയ്യുന്നതിൽ അഗ്രഗണ്യന്മാരും ആയ കുക്കിവർഗ്ഗത്തിന്റെ

ഒരു ശാഖയുടെ സർവാധിപതിയാണു് ജാൻ. ദുർവിധി
ദാനുചരന്മാർ ആരുമില്ലാത്ത നിലയിൽ എത്തിച്ച ആ
മനുഷ്യനെ ആ സ്ഥിതിയൊ, പുതിയ പാർപ്പിടം കണ്ടുപി
ടിക്കുന്നതിനു കാടും മേടും കടന്നു് പോകാൻ നിർബ്ബന്ധി
തനാക്കിയ വിധിയൊ അല്പം പോലും കലുക്കിയിട്ടില്ല.
കാണുന്നതെല്ലാം തൻേറതു് തന്നെ എന്നുള്ള ഭാവമാണു്
ഇപ്പോഴും മുഖത്തു് തെളിഞ്ഞു കാണുന്നതു്. ആറടി ഉ
യരം. ഒരു ഗജം വിരിവുള്ള മാർവിടം. രോമം നിറ
ഞ്ഞ മാർവിടത്തേക്കും ഇരുതോളുകളിലേക്കും പുറത്തേക്കും
കുലച്ചുമറിഞ്ഞു കിടക്കുന്ന കേശഭാരം കരിങ്കൽ തൂണുക
ളെ ലജ്ജിപ്പിക്കുന്ന തുടകളും കാലുകളും, ഇതാണു് ജാൻ.
അരയിൽ ഒരു മരവിരി ഉണ്ടു്. ലജ്ജ ഇല്ലാത്തതുകൊണ്ടു്
അതു മറയ്ക്കാൻ ഉദ്ദേശിച്ചല്ല ആ മരവിരി അരയിൽചുററി
യിരിക്കുന്നതെന്നു് ഒററനോട്ടത്തിൽ തന്നെ കാണാം. പാ
ള പോലുള്ള എന്തൊ സാധനം മടക്കി ശരിപ്പെടുത്തിയി
ട്ടുള്ള ഒരു പൊതി, മരവിരി വീണുപോകാതെ സൂക്ഷിക്കു
ന്നതിനായി അരയിൽ വട്ടംകെട്ടിയിട്ടുള്ള വള്ളിയുടെയും
മരവിരിയുടെയും ഇടയിൽ തിരുകിയിരിക്കുന്നു. വലം
കൈയ്യിൽ രണ്ടു കുന്തങ്ങൾ. വളവില്ലാത്ത മരക്കമ്പുകൾ
ഒടിച്ചെടുത്തു് അവയുടെ അഗ്രത്തിൽ അസ്ഥിക്കഷണ
ങ്ങൾ ചെറുവള്ളികൊണ്ടു് ബന്ധിച്ചു് ശരിപ്പെടുത്തി
യിട്ടുള്ള ആ കുന്തങ്ങൾ ജാൻ ആഞ്ഞെറിഞ്ഞാൽ, വൃക്ഷ
ങ്ങൾ തുളച്ചു കടക്കും. തോളിൽ ഉള്ള ആവനാഴിയും
നല്ലൊരു വില്ലും വെറും ആഭരണങ്ങളൊന്നുമല്ല.

യാതൊരു കൂസലും കൂടാതെ, ഇടത്തും വലത്തും വ
ശങ്ങളിൽ എന്തൊക്കെയൊ ചിലച്ചുകൊണ്ടു് നടക്കുന്ന
പന്ത്രണ്ടും പതിന്നാലും വയസ്സുപ്രായമുള്ള പുത്രന്മാരോടു്
നേരമ്പോക്കു പറഞ്ഞുനടക്കുന്ന ആ മനുഷ്യനെ പതിയി
രിക്കുന്ന ശത്രുവിനൊ വന്യമൃഗങ്ങൾക്കൊ ഇരയാക്കാൻ
യാതൊരു പ്രയാസവും ഉണ്ടാകയില്ലെന്നു നമുക്കുതോന്നാം.

പക്ഷെ പുഞ്ചിരി തൂകികൊണ്ടിരിക്കുന്ന ആ കണ്ണുകൾ, ഇരുവശത്തും മുമ്പിലും കണ്ണെത്തുന്നേടത്തെല്ലാം എപ്പോഴും പരിശോധിച്ചുകൊണ്ടാണിരിക്കുന്നതു്. അനേകായിരം അടി ഉയരത്തിൽ ആ ആകാശത്തിലൂടെ ലാസിപറക്കുന്ന പരുന്തിൻെറ കണ്ണിൽ അതിൻെറ ഇര പെടാതെ പോകുമെങ്കിൽ, വല്ലതുമെല്ലാം ജാൻെറ നോട്ടത്തിൽ പെടാതെയും വരാം. കണ്ണുകൾ മാത്രമല്ല അപകടം അറിയുന്നതിന് അയാൾക്കുള്ള മാർഗ്ഗം. ഓരോ പ്രാവശ്യം ശ്വസിക്കുന്ന വായുവും അയാൾ പരിശോധിക്കുന്നുണ്ട്. ജാൻെറ മൂക്ക് അയാളുടെ കമ്പിയില്ലാകമ്പിയന്ത്രമാണ്. മനുഷ്യൻ അടുത്തെവിടെ എങ്കിലും ഉണ്ടോ, ഉണ്ടെങ്കിൽ ഏതു ഭാഗത്തു് എത്രദൂരത്തിൽ എന്ന് ആ യന്ത്രം അയാൾക്കു അറിവു കൊടുക്കുന്നു. വന്യമൃഗങ്ങൾ, വേട്ടമൃഗങ്ങൾ ഇവയെപ്പററിയുള്ള സന്ദേശങ്ങളും ഈ യന്ത്രം സ്വീകരിച്ച്, അറിവ് എപ്പോഴും നൽകുന്നുണ്ട്. ഈ വിധം, ഒരു സർവാധിപതിയും സാർവഭൗമനുമായി മുമ്പോട്ടുനീങ്ങുന്ന ജാൻെറ പിമ്പിൽ ഉണ്ട് ഒരു സ്ത്രീ. യുവതി എന്നാണ് പറയേണ്ടതു്. അവളുടെ തലയിൽ ഒരു കെട്ടുണ്ട്, പുറത്തു് വള്ളിയോ ഇലകളോ എല്ലാം കൂട്ടിക്കെട്ടി ഉണ്ടാക്കിയ ഒരു തൊട്ടിലിൽ ഇരുന്നു ആഹ്ലാദശബ്ദം പുറപ്പെടുവിക്കുന്ന ഒരു ഉണ്ണിയും. പ്രായത്തിൽ അല്പം അന്തരമുണ്ടെങ്കിലും ആ വനിത ജാൻെറ പ്രേയസിയാണെന്നും, ജാനെക്കാൾ മഹാനായ ഒരു മനുഷ്യൻ വേറില്ലെന്നാണ് അവളുടെ അഭിപ്രായമെന്നും അവളുടെ സംഭാഷണവും നോട്ടവും തെളിയിക്കുന്നു. ജാൻെറ പ്രാണപ്രിയയുടെ അടുത്തു പിമ്പിൽ യൌവനത്തിൻെറപ്രവേശനദ്വാരത്തിലേക്കു എത്തിനോക്കി തുടങ്ങിയ ഒരു യുവതിയാണ്. അവൾ ധരിച്ചിരിക്കുന്ന വൽക്കലം യുവതിയുടെ താരുണ്യത്തിൻെറ മാററു വർദ്ധിപ്പിക്കയെല്ല, കടഞ്ഞെടുത്തതുപോലുള്ള അവളുടെ ആകാരത്തിൻെറ സൌഷ്ഠവം ആ മരവുരിക്ക് ഒരു പ്രത്യേ

ക ശ്രേഷ്ഠത നൽകുകയാണു് ചെയ്യുന്നതു്. ഗൃഹോപകരണങ്ങൾ എല്ലാം കൂട്ടികെട്ടിയുണ്ടാക്കിയ ഒരു ചുമടാണു് അവളുടെ തലയിൽ. ആ ചുമടു കൈ തൊടാതെ തലയിൽനിന്നു വീണുപോകാതെ ബാലൻസു ചെയ്യിച്ചു കൊണ്ടുള്ള അവളുടെ നടത്ത! ചുമടു് തലയിൽ നിന്നിറക്കിക്കഴിഞ്ഞാൽ ആ നടത്തയുടെ ഭംഗി നഷ്ടപ്പെട്ടുപോകുമൊ? യൗവ്വനത്തിലേക്കു പ്രവേശിക്കുവാൻ തുടങ്ങുന്ന അവൾ ദിവാസ്വപ്നം കാണുന്നുണ്ടോ, ആരോടും ഒന്നും പറയുന്നില്ല. മുഖത്തു് അല്പമൊരു വിഷാദഛായ ഉണ്ടു് എന്നു തോന്നുന്നു പരിചിതരായ ആളുകളെയും, പരിചിതരായ ചുററുപാടുകളെയുംഉപേക്ഷിച്ചു് പുറപ്പെട്ടതുകൊണ്ടായിരിക്കും.

യുവതിയുടെ അല്പം പിമ്പിലുണ്ടു് ഒരു യുവാവു്. പുതിയഒരു ലോകത്തിലേക്കുള്ള പുറപ്പാടു് അവനെവളരെ രസിപ്പിച്ചിട്ടുണ്ടെന്നു് ഉത്സാഹം തിളച്ചുമറിയുന്ന നോട്ടവും നടത്തയും വിളിച്ചുപറയുന്നു. യുവതിയേക്കാൾ അല്പം പ്രായം കൂടുതൽ ഉണ്ടെങ്കിലും അവൻെറ എടുപ്പും നടപ്പും ഇരുവശത്തേക്കുമുള്ള നോട്ടവും എല്ലാം ചുമതലകൾ ഒന്നും ഇതേവരയും അവൻെറ ചുമലിൽകേറിയിട്ടില്ലെന്നു തെളിയിക്കുന്നു. അവനുമുണ്ടു് കുന്തം രണ്ടു്. അവൻെറ പിന്നിൽ കൈയിൽ ഒരു കുന്തവും തോളിൽ ആവനാഴിയും വില്ലും ധരിച്ച ഒരു ചെറുപ്പക്കാരൻ. അയാൾ ജാഗരൂകനാണു്. എവിടെ നിന്നു വേണമെങ്കിലും ആക്രമണമുണ്ടാകാം. മുമ്പെ പോകുന്നവരുടെ പിൻഭാഗത്തു്, എവിടെ നിന്നെങ്കിലും, ശത്രുക്കളുടെയൊ വന്യമൃഗങ്ങളുടെയൊ ആക്രമണം ഉണ്ടാകുന്ന പക്ഷം നേരിടേണ്ട ചുമതല തന്നിക്കുണ്ടു്, എന്നു ശരിക്കു മനസ്സിലാക്കി അതിനു തയ്യാറായിട്ടാണു് അവൻ നടക്കുന്നതെന്നു് ഇരുവശത്തേക്കും ദൃഷ്ടികൾ പായിക്കുകയും ചെവി "വട്ടംപിടി"ക്കയും ചെയ്യുന്നതിൽ നിന്നു മനസ്സിലാക്കാവുന്നതാണു്.

ആസാം ബർമ്മാ എന്നീ രാജ്യങ്ങളുടെ അതൃത്തിപ്രദേ

ശം ഇന്നും നാഥനില്ലാകളരി തന്നെയാണ്. ബർമ്മാ ഗവൎമ്മെൻറും ഇന്ത്യാ ഗവൎമ്മെൻറും അവരുടെ രാജ്യാതൃത്തിയിൽ പെട്ടവ എന്ന് വാദിക്കയൊ രേഖാമൂലം സ്ഥാപിക്കയൊ ചെയ്യാത്തഭാഗങ്ങൾ ഇല്ലെന്ന് വേണമെങ്കിൽ പറയാം. എന്നാൽ ഈ പ്രദേശം ആരും സർവെ ചെയ്യുകപോലും ചെയ്തിട്ടില്ല. എത്ര ആയിരം ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ടതിന് എന്നു പറയാനും സാധിക്കയില്ല. ഇങ്ങനെ ഉടമസ്ഥരായി ആരുമാരും ഇല്ലാത്ത അനേകായിരം ചതുരശ്രമൈൽ ഭൂമി അങ്ങിനെ കിടക്കുവാൻ ശരിയായ കാരണങ്ങളുമുണ്ട്. മലയും മേടും ചുരവും വൻകാട്ടുമാണവിടെല്ലാം. വൃക്ഷങ്ങൾ വളരുന്നതിനു പററിയ ഉയരം വരെയ്ക്ക് മലകളിൽ ഇടതൂർന്നു വളരുന്ന വൻമരങ്ങളുടെ ഉയരം എത്രയാണെന്ന് ആരും അന്വേഷിച്ചിട്ടില്ല-അറിഞ്ഞിട്ടില്ല. വൻമരങ്ങളുടെ ഇടയിൽ, അല്ലെങ്കിൽ ചുവട്ടിൽ കാടുകൾ കാണുക സാധാരണയല്ല. എന്നാൽ നാഗമലകളിലെ-സൌകര്യത്തിനുവേണ്ടി നാഗമലകൾ എന്ന പേർ ഈ ഭൂവിഭാഗത്തിന് നൽകുകയാണ്-സ്ഥിതി അങ്ങിനെയല്ല, വൻമരങ്ങളുടെ ഇടയിലുമുണ്ട് ധാരാളം കാട്. അവിടെ ഇടതൂർന്നുവളരുന്നത് മുൾച്ചെടികളുമാണ്. വൻമരങ്ങളിൽനിന്ന് കാലാകാലങ്ങളായി അടർന്നുവീണിട്ടുള്ള കമ്പുകളും, ഓരോ കാരണവശാൽ മറിഞ്ഞു വീണിട്ടുള്ള മരങ്ങളും, വൻമരങ്ങളിൽ കേറിമറിഞ്ഞിട്ടുള്ള വള്ളികളുടെ ചുവട്ടിൽനിന്നു പൊട്ടിപുറപ്പെട്ടു നിലത്തുകൂടിയും മുൾച്ചെടികളിൽകൂടിയും ഓടിപടൎന്നിട്ടുള്ള വള്ളികളും എല്ലാം കൂട്ടികെട്ടിമറിഞ്ഞു് ആ പ്രദേശത്തെ അപ്രാപ്യമായ ഒരു കോട്ടതന്നെ ആക്കിയിട്ടുണ്ടെന്നു പറയാം. മലകളുടെ ചരിവുകളിൽനിന്ന് കല്ലും മരങ്ങളും തല്ലിതകൎത്തുകൊണ്ടു് ഉല്ലാസമായി ഗമിക്കുന്ന അരുവികൾ അവയ്ക്കു മാർഗ്ഗതടസ്സമായി നില്ക്കുന്ന പാറക്കെട്ടുകളിൽ നിന്നു കുത്തനെ കീഴ്പോട്ടു ചാടുന്നു. അപ്രതീക്ഷിതമായ ആ

വിദ്യകൊണ്ടു് അത്ഭുതപ്പെടുന്ന പാറക്കെട്ടുകളും, കല്ലുകളും ഉരുളും പുറപ്പെട്ടുവിച്ചുകൊണ്ടു് ഇഷ്ടാനുസരണം ഓടി പോകുന്ന അരുവികളും, ആ ഓട്ടക്കാരിൽ പലർചേൎന്നു അതിവേഗം സൃഷ്ടിച്ച വേഗതയേറിയ തോടുകളും നദികളും ആ മലകളുടെ അപ്രാപ്യാവസ്ഥയുടെ കാഠിന്യം വൎദ്ധിപ്പിക്കുന്നുണ്ടു്. കടുവാ, പുലി, കാട്ടുപോത്തു് മുതലായ വന്യമൃഗങ്ങളുടെ ഉത്തമസങ്കേതമായി തീൎന്നിട്ടുള്ള നാഗമലകളിൽ മനുഷ്യർ ഇല്ലെന്നു ധരിക്കരുതു്. അവിടെയും ഉണ്ടു് മനുഷ്യർ. വിവിധവൎഗ്ഗക്കാരും വിവിധസ്വഭാവക്കാരും ആയ മനുഷ്യർ ആ മലകളിൽ വളരെയുണ്ടു്. രാജ്യം തങ്ങളുടെ സ്വന്തമാണെന്നു തലസ്ഥാനനഗരികളിൽ ഉറച്ചിരുന്നുകൊണ്ടു് സ്ഥാപിക്കുന്നവരാരും, അവിടുത്തെ ജനസംഖ്യ എടുക്കാൻ തുനിഞ്ഞിട്ടില്ല. അതുകൊണ്ടു് എത്ര ആയിരമൊ, അല്ലെങ്കിൽ ലക്ഷമൊ ജനങ്ങൾ ഉണ്ടെന്നു് പറവാൻ നിവൃത്തിയില്ല. പരസ്പരം കൊന്നും തിന്നും നശിപ്പിക്കാൻ ശപഥം ചെയ്തിട്ടുള്ള പല വൎഗ്ഗക്കാരുണ്ടു്. തല കൊയ്യൽ തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ വളരെ ഉണ്ടെങ്കിലും വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്നവർ ചുരുക്കം തന്നെ.

ഒന്നു തീൎച്ചയാണു്. അവരിൽ ആരും നികുതി കൊടുക്കുന്നില്ല. പരിഷ്ക്കാരികളായി തീൎന്നിട്ടില്ല. ചില സ്ഥലങ്ങളിൽ വിദേശമിഷ്യനറിമാർ ചെന്നുകൂടി സുവിശേഷ വെളിച്ചം പ്രകാശിപ്പിക്കുന്നതിനും, അതോടൊപ്പം പരിഷ്ക്കാരസൂൎയ്യന്റെ കിരണങ്ങൾ കടത്തിവിടുന്നതിനും ശ്രമിക്കുന്നുണ്ടു്. വിദേശീയരുടെ പരിഷ്ക്കാരസൂൎയ്യകിരണങ്ങൾ നാഗമലകളിലെ കാട്ടാളന്മാരെ ഉന്നമിപ്പിക്കുമൊ അതൊ അധഃപ്പതിപ്പിക്കുമൊ എന്നതു് ഇവിടെ ചിന്താവിഷയമല്ല.

ഈ നാഗമലകളിലെ കാട്ടാളജാതികളിൽ ഒന്നിന്റെ തലവനായിരുന്ന ജാൻ സ്വകുടുംബാംഗങ്ങളുമൊരു

മിച്ച് പ്രയാണം ചെയ്യുന്നതാണ് നാം കണ്ടതു്. ആറന്റെ സ്ഥിരതാവളസ്ഥലങ്ങളിൽ കഴിക്കാൻ നിവൃത്തിയില്ലാതെ വന്നതു് ശത്രുക്കളുടെ ആക്രമണംകൊണ്ടും കാലാവസ്ഥയുടെ പ്രാതികൂല്യം കൊണ്ടുമല്ല. "വിപ്ളവം" പരിഷ്ക്കാരികളുടെ കുത്തകയാണെന്നും, ആ വിദ്യ അവർക്കു മാത്രമെ വശമുള്ളുഎന്നും ധരിക്കേണ്ടതില്ല. ജാൻ ജന്മശത്രുവായി ഗണിച്ചിരുന്ന ഒരുവൻ ചെന്നുകൂടി അവിടെ കലക്കമുണ്ടാക്കി. അതൊരു വിപ്ളവത്തിൽ അവസാനിക്കയും, ജാൻ സ്വവർഗ്ഗക്കാരെ ഉപേക്ഷിച്ച് പുറപ്പെടുകയും ചെയ്തു. വേട്ടമൃഗങ്ങളുടെ കുറവുകൊണ്ടു് താവളം മാററുകയല്ലെ നന്നെന്നു് അയാൾ ആലോചിച്ചുകൊണ്ടിരുന്ന കാലത്തു് ഇതു സംഭവിച്ചതുകൊണ്ടു ജാൻ വലിയ മനഃക്ലേശം അനുഭവിച്ചില്ലെന്നു പറയാം. ഈജിപ്തിലെ ഫറൂക്കു് രാജാവു് പല കപ്പലുകളിൽ സാമാനങ്ങളുമായിട്ടാണു് രാജ്യംവിട്ടു പോയതെങ്കിൽ, ജാൻ പുത്രിയുടെ തലയിലുള്ള ഒരു ഭാണ്ഡവും അയാളുടെ അരക്കെട്ടിൽ തിരുകിയ ഒരു പൊതിയും കൊണ്ടാണു് ഓടിയതു്. ജാനിന്റെ "നരിമാൻ" പിണങ്ങി പിരിഞ്ഞു പോകയില്ലെന്നും, പുത്രന്മാർ നാലുപേരും, ഏകപുത്രിയും തന്റെ ആജ്ഞ അനുസരിക്കുമെന്നും, കൈക്കരുത്തിനു് ഹാനി സംഭവിച്ചിട്ടില്ലെന്നും നല്ല നിശ്ചയമുണ്ടായിരുന്നതുകൊണ്ടു ഭാവിയെപ്പററി ജാൻ വ്യാകുലചിത്തനായതുമില്ല. പ്രഥമഭാര്യ നാലു പുത്രന്മാരെയും ഒരു പുത്രിയെയും കാഴ്ചവച്ചു കഴിഞ്ഞപ്പോൾ അവരുടെ ആരോഗ്യം നശിച്ചു. കരബലം ഉണ്ടെങ്കിൽ എത്ര ഭാര്യമാരെ വേണമെങ്കിലും സ്വീകരിക്കാമായിരുന്നിട്ടും ജാൻ അതിനു തുനിഞ്ഞില്ല. അയാൾ ഏകഭാര്യാവ്രതത്തിൽ കഴിച്ചു. ആ പരമാർത്ഥം അറിയാമായിരുന്ന പ്രായമായ പുത്രന്മാർ ഇരുവർക്കും പുത്രിക്കും അക്കാരണത്താൽതന്നെ അച്ഛനോടു പ്രത്യേക ബഹുമാനവും സ്നേഹവും തോന്നിയിരുന്നു. രോ

ഗിണിആയിത്തീന്ന പ്രഥമഭാര്യയുടെ പരമശേഷവും വേറൊരു സ്ത്രീയെ സ്വീകരിക്കാൻ അയാൾക്കു സന്തോഷമില്ലായിരുന്നു. ഗത്യന്തരമില്ലാതെ വന്നപ്പോൾ സ്വീകരിച്ച ദ്വിതീയഭാര്യയാണു ഇപ്പോൾ കൂടെയുള്ള സ്ത്രീ.

പ്രഥമപുത്രൻ സൂര്യനും ചിററമ്മയും തമ്മിൽ പ്രായത്തിൽ വലിയഅന്തരമില്ല. അതുകൊണ്ടും ജാത്യാചാരം അനുസരിച്ചും സൂര്യനും ചിററമ്മയും തമ്മിൽ സംസാരിക്കപോലും ചെയ്യാറില്ല. സൂര്യൻെറ അനുജൻ പുലിയാണു്. അവൻെറ അനുജത്തിയാണു് യൗവ്വനത്തിലേക്കു കാൽവച്ചുതുടങ്ങിയ ആ പെൺകുട്ടി, പ്രാവു്. അവളും ചിററമ്മയുമായി അലോഹ്യംഒന്നും കൂടാതെ കഴിയുന്നതു് രണ്ടാൾക്കും ജാനെ ഭയമായതുകൊണ്ടാണെന്നു പറയാതെ തരമില്ല. പ്രാവിൻെറ അനുജന്മാർ രണ്ടാൾക്കും ചിററമ്മയെ ഭക്തിയാണു്, ഭയവുമാണു്. അതുകൊണ്ടുതന്നെ ആയിരിക്കണം, കുട്ടികൾ അവരോടു വളരെ സ്വാതന്ത്ര്യമായി പെരുമാറാറില്ല.

ഇങ്ങിനെയുള്ള ഏഴു കുടുംബാംഗങ്ങളെയും കൂട്ടിക്കൊണ്ടാണു് സ്ഥാനഭ്രംശനായ ജാൻ പുറപ്പെട്ടിരിക്കുന്നതു്. സ്ഥിരവാസസ്ഥലം ഉണ്ടാക്കുക, കൃഷിചെയ്യുക, എന്നീ നിലകളിൽ എത്തിയിട്ടില്ലാതിരുന്നതുകൊണ്ടു് സ്ഥാനഭ്രംശവും വേർപാടും നഷ്ടമായി ഗണിക്കാനില്ലായിരുന്നു. എന്നാൽ അനുചരന്മാരുടെയും ആജ്ഞാനുവർത്തികളുടെയും അഭാവം അയാളെ ചിലസമയം വിഷമിപ്പിക്കുന്നുണ്ടായിരുന്നു. ജാതിത്തലവൻ എന്ന നിലയിൽ അയാൾക്കുണ്ടായിരുന്ന ഏക സ്വത്തു് ഒരു കത്തി ആയിരുന്നു. ഇരുമ്പിൻെറ ഉപയോഗം കുറെ എല്ലാം അറിയാമായിരുന്നെങ്കിലും അതു എവിടെ കിട്ടും എങ്ങിനെ കിട്ടും എന്നും വിവരമില്ലാതെ ക്രിസ്താബ്ദം 1953ലും ശിലായുഗത്തിൽ കഴിഞ്ഞുവന്ന ആ ജാതിക്കാരുടെ ഇടയിൽ ജാൻെറ കത്തി ഒരു അണുകബോംബുതന്നെ ആയി

രുന്നു. അപ്പന്റെ മരണസമയം ആ അമൂല്യസമ്പത്ത് അയാൾക്കു ലഭിച്ചതാണു്. അപ്പനു് അതു് എങ്ങനെ കിട്ടി എന്നൊരുത്തർക്കും അറിയാമായിരുന്നില്ല. സ്വജനങ്ങളെവിട്ടു ഓടിപ്പോന്ന സമയം ജാൻ അയാളുടെ അണുകഞ്ചാംബും എടുത്തിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അതാണു് പാളപ്പൊതിയോടൊപ്പം അയാളുടെ അരയിൽ കാണുന്ന ആ വികൃത സാധനം.

അവർ ഒരു മലമുകളിൽഎത്തി. രാത്രി എവിടെയാണു് കഴിക്കേണ്ടതെന്നു് ജാൻ ആലോചിക്കയാണു്. അത്താഴത്തിനു് എന്താണുവഴി എന്നുള്ള ചിന്ത അയാളെ അലട്ടുന്നില്ല. ഒരു നാലുനാഴികപ്പകലെ ഇനിയുള്ളൂ. മലമുകളിൽ ഒരു പാറക്കെട്ടു കണ്ടു. ജാൻ അതിനടുത്തു ചെന്നു നോക്കി. കിഴക്കാംതൂക്കമായ പാറയുടെ ഉയർന്ന ഒരു ഭാഗം അൽപം പുറത്തേക്കു തള്ളി തട്ടായി നിൽക്കുന്നതുകൊണ്ടു്, അതിന്റെ ചുവട്ടിൽ ഒരു ചെറുഗുഹപോലെ അൽപം സ്ഥലമുണ്ടു്. പാറ പുറത്തേക്കു തള്ളിനിൽക്കുന്നതുകൊണ്ടു് മഴ പെയ്താലും ആ ഗുഹ നനയുകയില്ല. അതുതന്നെ താവളത്തിനു പററിയ സ്ഥലം. അപ്പോഴേക്കു ഏററം പുറകിൽ ആയിരുന്ന സൂര്യൻവരെയ്ക്കു് എല്ലാവരും അവിടെ എത്തി. അടുത്തു് എവിടെ എങ്കിലും വെള്ളം ഉണ്ടോ എന്നു നോക്കാൻ പ്രാവു നിയോഗിക്കപ്പെട്ടു. അവൾ തലയിലെ കെട്ടിൽ നിന്നു് ഒരു മുളം കുററിയും എടുത്തുകൊണ്ടു് പുറപ്പെട്ടു. ആഹാരത്തിനു് എന്തുണ്ടെന്നു് നോക്കാൻ ജാൻ സൂര്യനോടു് ആജ്ഞാപിച്ചതനുസരിച്ചു് അവനും തിരിച്ചു.

ഇളയപുത്രന്മാർ കുറച്ചു ചുള്ളിക്കമ്പുകൾ കൊണ്ടുവന്നു കഴിഞ്ഞു. ജാൻ അയാളുടെ പൊതിയിൽ നിന്നു് രണ്ടു ചെറുകല്ലുകളും മററും എടുത്തു് അവതമ്മിൽ ഉരച്ചു് തീ ഉണ്ടാക്കി ചുള്ളികളിൽ പിടിപ്പിച്ചു ഒന്നാംതരം തീപ്പെട്ടി ഉരച്ചു തീ ഉണ്ടാക്കി ഒരു കടലാസിൽ കത്തിക്കുന്ന

തിന് പരിഷ്ക്കാരികൾക്കു വേണ്ടി വരുന്നതിൽ വളരെ കുറച്ചു സമയംകൊണ്ടു ജാൻ തീ കത്തിച്ച് ഒരു ആഴിതന്നെ ശരിപ്പെടുത്തി.

ഈ സമയമെല്ലാം ചിററമ്മ കുട്ടിയെ മുല ഊട്ടി വിശ്രമിക്കുകയാണ്. രണ്ടാമത്തെ പുത്രൻ ഒരു ജോലിയും ചെയ്യാതെ നിൽക്കുകയൊ ഇരിക്കുകയൊ ആയിരുന്നു എന്ന് ധരിക്കരുത്. എവിടെ താവളമടിച്ചാലും അവന് കാവൽ ജോലിയാണ് പതിവ്. അതനുസരിച്ച് ആജ്ഞലഭിക്കാതെതന്നെ അവൻ പാറക്കെട്ടിൽ ഉയൎന്ന ഒരു സ്ഥാനത്ത് കയറി എവിടെനിന്നെങ്കിലും ശത്രുക്കളൊ വന്യമൃഗങ്ങളൊ ആക്രമണത്തിനു വരുന്നുണ്ടോ എന്നു നോക്കുകയാണ്. തീ കത്തിശരിപ്പെട്ടപ്പോഴേക്ക് പ്രാവ് വെള്ളവും കൊണ്ടും, സൂൎയ്യൻ ഒരു മാൻപേടയെ എയ്തു തോളിൽ ഇട്ടുകൊണ്ടും എത്തിക്കഴിഞ്ഞു. ആ മലമുകളിൽ വെള്ളം എവിടെ ഉണ്ടെന്ന് പ്രാവിനും മാൻപേട എവിടെ ഉണ്ടെന്നു സൂൎയ്യനും അറിയാമായിരുന്നു എന്നു തോന്നത്തക്ക വിധം അത്ര ക്ഷണത്തിലും ആയാസരഹിതമായുമാണ് രണ്ടാളും കാൎയ്യം സാധിച്ചു മടങ്ങി എത്തിയത്.

മാൻപേടയെ അപ്പടിയെ ചുട്ട് എടുക്കത്തക്ക ആഴിയാണ് ജാൻ തയ്യാറാക്കിയത്. പാകം ചെയ്യൽ വേഗത്തിൽ തന്നെ കഴിഞ്ഞു. അതിനെ കഷണിക്കാൻ ജാൻ അയാളുടെ സ്ഥാന ചിഹ്നമായ കത്തി എടുത്തില്ല എന്നു പ്രത്യേകം പറയേണ്ടതുണ്ട്. പ്രാവിന്റെ തലയിൽ ഉണ്ടായിരുന്ന കെട്ടിൽ നിന്ന് മുളകൊണ്ടുള്ള രണ്ടു കത്തികൾ എടുത്ത് ഒന്നു ജാൻ തന്നെ പ്രയോഗിച്ചു, മററത് സൂൎയ്യനും. ക്ഷണത്തിൽ എഴാളുകൾക്കും നല്ല കഷണങ്ങൾ കിട്ടി. മാസം കടിച്ചു ചീന്തുമ്പോൾ രക്തം ഒലിക്കുകയൊ, കുറെ രോമങ്ങൾ ക്രാി അകത്തു ചെല്ലുകയൊ ചെയ്യുന്നെങ്കിൽ ആൎക്കു നഷ്ടം! അരനാഴികയ്ക്കുള്ളിൽ എല്ലാവരും മതിയാവോളം തിന്നു. കുറേശ്ശെ വെള്ളവും കു

ടിച്ചു. കൊച്ചുകുട്ടിക്കു് എന്തെങ്കിലും ചവച്ചു തിന്നാൻ പ്രായമായിട്ടില്ല. അതുകൊണ്ടു് അമ്മ മാംസഭക്ഷണം ചവച്ചപ്പോൾ ഒഴുകിവന്ന രക്തം കുറെ കൈകൊണ്ടു് വടിച്ചെടുത്തു് കുട്ടിക്കു കൊടുത്തു അവൾ സംതൃപ്തയായി.

ആഴി കുറെക്കൂടി ശരിയായിക്കൂട്ടി. രാത്രി മുഴുവൻ എരിഞ്ഞുകൊണ്ടിരിക്കുന്നതിനുവേണ്ട തടികൾ ചുററിലും ഇട്ടിട്ടു് അവർ ഉറക്കത്തിനുകേറി. തീയുള്ളതുകൊണ്ടു് മൃഗങ്ങൾ അടുക്കുകയില്ലെന്നു നിശ്ചയമാണു്. ശത്രുക്കൾ—മനുഷ്യർ—അവിടെങ്ങും ഇല്ലെന്നു് ജാൻ എങ്ങിനെയോ തീർച്ചപ്പെടുത്തി. അതുകൊണ്ടു് ആരും ഉറക്കമിളച്ചു കാവൽ ചെയ്യേണ്ട ആവശ്യമില്ലെന്നു അയാൾ കല്പിച്ചു. ആവക കാര്യങ്ങളിൽ ജാൻ വിദഗ്ദ്ധനാണെന്നു് സർവ്വസമ്മതി സിദ്ധിച്ചിരുന്നതുകൊണ്ടു്, അയാളുടെ ഭാര്യയോ പുത്രന്മാരൊ, ആ തീരുമാനത്തെ ചോദ്യം ചെയ്തില്ല, ചോദ്യം ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഓർത്തുമില്ലാ.

## അദ്ധ്യായം 2

പിറേറന്നാൾ സൂര്യൻ കണികണ്ടതു് ഒരു മ്ളാവിനെയാണു്. തലയ്ക്കൽ തന്നെ വച്ചിരുന്ന കുന്തങ്ങളും വില്ലും എടുത്തപ്പോഴേയ്ക്കു് അതു ഓടി. സൂര്യൻ എന്തൊ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് പുറകെ ഓട്ടമായി. സൂര്യൻ പുറപ്പെടുവിച്ച പ്രത്യേകശബ്ദം കേട്ടു് ഉണർന്ന കഥ മനസ്സിലാക്കിയ പുലിചേട്ടനെ അനുഗമിച്ചു. പുലി ഓടി എത്തുന്നതിനു് മുമ്പുതന്നെ സൂര്യൻ മ്ളാവുമായി അടുത്തു് ഒരു കുന്തം ചാണ്ടിക്കഴിഞ്ഞു. മ്ളാവു് ഒന്നു ചാടി. ആ ചാട്ടത്തിൽ തന്നെ ഒരു കുന്തംക്കൂടി അതി

ൻെറ ദേഹത്തു തറച്ചുകഴിഞ്ഞു മാളാവു് ഓടി അല്പദൂരത്തു ചെന്നുവീണു. ചേട്ടനും അനുജനും കൂടി വീണ മ്ളാവിൻെറ അടുക്കലേക്കു ഓടി. അവർ മ്ളാവിനോടു അടുത്തപ്പോൾ അതിൻെറ അടുക്കൽ ഒരു കരിമ്പടക്കെട്ട് "കരടിയാണു. സൂക്ഷിക്കണം" എന്നു ചേട്ടൻ അനുജനോടു പറഞ്ഞുകൊണ്ടു് കുന്തം ഓങ്ങിയപ്പോൾ, ആ മൃഗം രണ്ടുകാലിൽ വലിഞ്ഞു വലിഞ്ഞു നടന്നു് കാട്ടിൽമറഞ്ഞു

സൂര്യനും പുലിയും ഇതിനുമുമ്പു കണ്ടിട്ടില്ലാത്ത തരം ആയിരുന്നു അതു്. രണ്ടാളും അസാധാരണ മല്ലൻ. എന്നു വിശ്വസിച്ചിരുന്ന അവരുടെ അപ്പനെ ഉയരത്തിലും വലുപ്പത്തിലും പിൻതള്ളുന്ന ഒരുമനുഷ്യൻ. മനുഷ്യനാണോ? രണ്ടുകാലിൽ നടന്നു മറഞ്ഞതുകൊണ്ടു് മനുഷ്യൻ തന്നെ എന്നു തീർച്ചപ്പെടുത്താം. ഒടിഞ്ഞു,മറിഞ്ഞു് പാറിപ്പറന്നു കിടക്കുന്ന മുടി. രോമത്താൽ പൊതിയപ്പെട്ട ശരീരം. ഏകദേശം ശരീരത്തോളം തന്നെ വലുപ്പമുള്ള കാലുകളും കൈകളും. ഭയങ്കരങ്ങളായ തേററകൾ (ദംഷ്ട്രങ്ങൾ). പ്രാകൃതമായ നടപ്പു്. ഇത്രയുമേ യുവാക്കന്മാർ കണ്ടുള്ളു. അവർ മ്ളാവിനെ വലിച്ചിഴച്ചുകൊണ്ടു് വേഗത്തിൽ അപ്പൻെറ അടുക്കൽ എത്തി വിവരം ധരിപ്പിച്ചു. "മനുഷ്യകരടായിരിക്കാം. അവ ഈ പ്രദേശത്തുണ്ടെന്നു് ഞാൻ വിചാരിച്ചിരുന്നില്ല" എന്നാണു ജാൻ പറഞ്ഞതു്.

സൂര്യൻ മറുപടിയായി "കരടാണെന്നു തോന്നുന്നില്ല." എന്നു് പറഞ്ഞതു് ആരും കേൾക്കാഞ്ഞതു്, മ്ളാവിനെ വെട്ടി ശരിപ്പെടുത്തുന്നതിൽ എല്ലാവരുടെയും ശ്രദ്ധ കേന്ദ്രീകരിച്ചു പോയതുകൊണ്ടാണു്.

അന്നത്തെ ആഹാരത്തിനുള്ളവക രാവിലെ തന്നെ കിട്ടിയതുകൊണ്ടും, അവിടെ കൂടിയാൽ ഭക്ഷ്യക്ഷാമം ഉണ്ടാകയില്ലെന്നു തോന്നിയതുകൊണ്ടും യാത്രയ്ക്കു പ്രത്യേക ലക്ഷ്യം ഒന്നും ഇല്ലായിരുന്നതുകൊണ്ടും, തൽക്കാലം അ

വിട്ടെത്തന്നെ താമസിക്കാമെന്നുറച്ചു ജാൻ. ഉച്ചയ്ക്കുശേഷം വെള്ളം കൊണ്ടുവരുന്നതിനുപോയ പ്രാവ് എന്തൊ കറുത്തിരുണ്ട രോമംകൊണ്ടു പൊതിയപ്പെട്ട ശരീരമുള്ള ഒരു മനുഷ്യനൊ മൃഗമൊ ഒരു മരത്തിൻെറ മറവിൽനിന്നു കൊണ്ട് അവളെ നോക്കുന്നതായികണ്ടു എന്ന് പറഞ്ഞതു ജാൻ അത്ര കാര്യമായി ഗണിച്ചില്ല എന്ന് തോന്നുമായിരുന്നു "മനുഷ്യകുരങ്ങായയിരിക്കും" എന്നു പറഞ്ഞതുകേട്ടാൽ. എങ്കിലും രാത്രി ഉറക്കത്തിന് സമയമായപ്പോൾ, "ഓരോരുത്തർ മാറി മാറി കാവൽ ചെയ്കയാണു നന്നെന്നു തോന്നുന്നു. ആദ്യതവണ ഞാൻ തന്നെ ആയിക്കൊള്ളാം" എന്ന് ജാൻ പറയുകയുണ്ടായി. അപ്പോഴാണ് കാര്യം അല്പം ഗൗരവമുള്ളതായി അപ്പൻ ഗണിച്ചിട്ടുണ്ടെന്ന് പുത്രന്മാർക്ക മനസ്സിലായത്.

സൂര്യൻ പറഞ്ഞു:-"ഞങ്ങൾ രണ്ടാളും ഉള്ളപ്പോൾ അപ്പനെന്തിന് ഉറക്കം ഇളയ്ക്കുന്നു. പകുതി രാത്രികഴിയും വരെ ഞാൻ കാവൽ ചെയ്തു കൊള്ളാം. അല്ല പുലിക്ക് അർദ്ധരാത്രിക്കുശേഷമുള്ള സമയം ഉറക്കമിളച്ചിരിക്കാൻ പ്രയാസമെങ്കിൽ രണ്ടാമത്തെ തവണ ഞാൻ ആകാം."

പുലി പറഞ്ഞു:-ചേട്ടൻ പറഞ്ഞതുപോലെ തന്നെ ആകട്ടെ. രണ്ടാമത്തെ തവണ ഞാൻ ആയിക്കൊള്ളാം."

യുവാക്കൾ രണ്ടാളും മാറിമാറി കാവൽ ചെയ്തു. രാത്രിയിൽ വിശേഷവിധിയായി ഒന്നും സംഭവിച്ചില്ല. പ്രകാശമായതോടുകൂടി പുലിയുടെ കാവൽ അവസാനിപ്പിച്ച് അവൻ ഒന്നു കിടന്നു. അടുത്ത ക്ഷണത്തിൽ ഒരു കുട്ടിയുടെ കരച്ചിലും, ചിററമ്മയുടെ "അയ്യൊ എൻെറ കുഞ്ഞു്" എന്നനിലവിളിയും കേട്ട് പുലിയും സൂര്യനും ചാടി എണീററു. തലെന്നാൾ കണ്ട ആ സത്വം ചിററമ്മയുടെകുട്ടിയെ ഒരു കൈയ്യിൽ തൂക്കിപിടിച്ചുകൊണ്ടു പോ

കുന്നതും, ജാൻ അതിനെ പിൻതുടൎന്നു ഓടുന്നതുമാണു് അവർ കണ്ടതു്. ജാൻ ഓടി അടുക്കുന്നു എന്നറിഞ്ഞിട്ടും ആ സത്വത്തിന്നു് ഒരു ധൃതിയുമില്ല. കുന്തം എറിഞ്ഞാൽ കുട്ടിക്കു് അപകടം സംഭവിച്ചേക്കുമെന്നു ഭയന്നല്ല ജാൻ അതിന്നു് മുതിരാതിരുന്നതു്. ഭാൎയ്യയുടെ മുറവിളിയും കുട്ടിയുടെ നിലവിളിയും കേട്ടു് ജാൻ ഉണർന്നുനോക്കിയപ്പോൾ കണ്ടകാഴ്ച അയാളെ പരിഭ്രാന്തനാക്കിയതുകൊണ്ടു് ആയുധം എടുക്കുന്ന കാൎയ്യം അയാൾ ഓൎത്തതെ ഇല്ല. കുട്ടിയെ രക്ഷിക്കുന്നതിനുള്ള വെമ്പൽ വിവേകത്തെ പിൻതള്ളിക്കളഞ്ഞു എന്നുതന്നെ പറയാം. ജാൻ ആ സത്വത്തോടു് അടുത്തു. അയാൾ കുട്ടിയെ പിടിച്ചെടുക്കാൻ കൈനീട്ടി. ആ സത്വം യാതൊരു ബദ്ധപ്പാടും കൂടാതെ തിരിഞ്ഞു് ജാൻെറ തലയിൽ ഒന്നടിച്ചു. അയാൾ കുട്ടികൾ ചരടുചുററി എറിയുന്ന പമ്പരം കണക്കെ കറങ്ങിത്തെറിച്ചു ദൂരത്തുവീണു. ഒന്നുപിടഞ്ഞു. പിന്നെ അനങ്ങിയതെ ഇല്ല. സൂൎയ്യനും പുലിയും ഓടിഎത്തി. ജാൻെറതല കല്ലുകൊണ്ടു് ഇടിച്ചുടച്ച തരത്തിലാണവർ കണ്ടതു്. അപ്പൻെറ കഥ കഴിഞ്ഞതു തന്നെ എന്നു് അവൎക്കു ബോദ്ധ്യമായി.

മരിച്ച ആളിനുവേണ്ടി വിലപിക്ക എന്നൊരു പതിവു് അവൎക്കില്ല. അതിനുള്ള നൈരുകൎയ്യം ഇല്ലാഞ്ഞിട്ടായിരിക്കാം. ശത്രുക്കളുടെയൊ വന്യമൃഗങ്ങളുടെയൊ ആക്രമണം മൂലമാണു് ജാൻെറ പിതാവും പിതാമഹനും എല്ലാം മരണം പ്രാപിച്ചിട്ടുള്ളതെന്നു് അവൎക്കറിയാം. ആക്രമിച്ച ശത്രുവിൽനിന്നു് ഓടി രക്ഷപെടുകയൊ പ്രത്യാക്രമണംനടത്തി രക്ഷപെടുകയും പകരം വീട്ടുകയും ചെയ്കയൊ, ചെയ്യേണ്ടവൎക്കു വിലപിക്കാൻ സമയം ഉണ്ടാകയില്ലല്ലൊ.

"അപ്പൻ മരിച്ചുപോയി." എന്നു സൂൎയ്യൻ അഭിപ്രായപ്പെട്ട ക്ഷണത്തിൽ പുലി പറഞ്ഞു.—"ചേട്ടനാണ

ല്ലോ ഇനി ജാതിത്തലവൻ ഞാൻ എന്താണിപ്പോൾ ചെയ്യേണ്ടതെന്ന് ആജ്ഞാപിക്കണം."

സൂര്യൻ:-"അതെ, ഞാൻ ജാതിത്തലവനായി. നീയും പ്രാവുംകൂടി അപ്പന്റെ ശരീരം മറവുചെയ്യണം. ചിററമ്മയുടെ കുട്ടിയെ ജീവനോടെ കിട്ടുകയില്ലെങ്കിലും, അതിന്റെപുറകെ ഞാൻ പോകയാണ്. അപ്പനെ കൊന്ന ആ സത്വത്തിന്റെ താവളം കണ്ടുപിടിക്കാതെ പകരംവീട്ടാൻ സാധിക്കയില്ലല്ലോ."

പുലി -ഞാനും വരണമൊ

സൂര്യൻ:-"വേണ്ടാ. ഞാൻ തനിച്ചുമതി. മാത്രമല്ല കുട്ടികൾക്കും ചിററമ്മയ്ക്കും തുണയും വേണമല്ലോ."

പുലി:-"ഞങ്ങൾ ഇവിടെ തന്നെ..."

സൂര്യൻ:-"ഇവിടെ നിന്ന് മൂന്നു ദിവസത്തേയ്ക്ക് പോകേണ്ടാ. മൂന്നു ദിവസത്തിനകം ഞാൻ മടങ്ങി എത്തിയില്ലെങ്കിൽ, പിന്നെ മടങ്ങി വരികയില്ലെന്നും, എന്റെ കഥയും കഴിഞ്ഞു എന്നും മനസ്സിലാക്കിക്കൊണ്ടാൽ മതി."

പുലി:-"അപ്പോൾ..."

സൂര്യൻ:-"അപ്പോൾ നീ ജാതിത്തലവനാകും. പിന്നെ എന്താണ് വേണ്ടതെന്ന് നീ തന്നെ തീർച്ചപ്പെടുത്തണം."

പുലി:-"ചേട്ടൻ ഇപ്പോൾ തന്നെ പുറപ്പെടുകയാണൊ. ജാതിത്തലവന്റെ കത്തി എടുക്കേണ്ടയൊ."

സൂര്യൻ:-"കത്തി നീ സൂക്ഷിച്ചുകൊള്ളുക, ഞാൻ മടങ്ങിവന്നെങ്കിൽ വാങ്ങിക്കൊള്ളാം. അത്യാവശ്യത്തിനുവേണ്ട കുന്തവും അമ്പും എന്റെപക്കൽ ഉണ്ട്. അതുമതി."

പുലി:-"അങ്ങിനെ ആവട്ടെ."

സൂര്യൻ:-"നിങ്ങൾക്കൂടി എന്റെ അടുക്കലേക്കു വരണമെന്നാണെങ്കിൽ ഞാൻ പുകച്ചു കാണിക്കാം. ഞാൻ

മടങ്ങിവന്നില്ലെങ്കിൽ എന്താണു് വേണ്ടതെന്നു് നീ തീ
ർച്ചപ്പെടുത്തിക്കൊണ്ടാൽ മതിയെന്നു പറഞ്ഞല്ലൊ. നീ
യും രണ്ടു സ്ത്രീകളും കുറെ കുട്ടികളുംകൂടി ഇനി മുമ്പോട്ടുപോ
യാൽ എന്തെല്ലാം അപകടങ്ങൾ ആണു് വന്നു കൂടാവുന്ന
തു്? അതിൽ ഭേദം നമ്മുടെ ആളുകളുടെ ഇടയിലേക്കു മ
ടങ്ങിപോകയല്ലെ എന്നു് ആലോചിക്കുന്നതു കൊള്ളാം."

പുലി:–"യജമാനന്മാരായി കഴിഞ്ഞിടത്തു തന്നെ
ദാസന്മാരായി കഴിയേണ്ടിവരുന്നതു്..."

സൂര്യ്യൻ:–"അതു വലിയ പ്രയാസമാണെന്നു് ഞാൻ
സമ്മതിക്കുന്നു! എങ്കിലും പ്രാവിൻെറയും കുട്ടികളുടെയും
കാര്യ്യം വിസ്മരിച്ചു കളയരുതല്ലൊ. അപകടം സംഭവി
ക്കുമെന്നു് അറിഞ്ഞുകൊണ്ടു് അവരെ അതിലേക്കു വലി
ച്ചിഴയ്ക്കുന്നതു ഭംഗി ആയിരിക്കയില്ല."

പുലി:–"ചേട്ടൻ മടങ്ങിവരും. പിന്നെന്തിനു് അ
തേപ്പററി ഇപ്പോൾ ആലോചിക്കുന്നു."

സൂര്യ്യൻ:–"അച്ഛനെ കൊലപ്പെടുത്തിയവനെ ന
ശിപ്പിക്കേണ്ടതു് എൻെറ കടമയാണു്. അതിനുള്ള ശ്ര
മത്തിൽ പെട്ടുപോകുന്നു എങ്കിൽ അതിൽ കൂടുതൽ അ
ഭികാമ്യമായി ഒന്നുമില്ലെന്നാണു് നമ്മുടെ വിശ്വാസം.
ഞാൻ എൻെറ ധർമ്മം നിർവ്വഹിക്കുന്നതിനു പുറപ്പെടുന്നു.
ശത്രുവിനെ നശിപ്പിച്ചിട്ടു മടങ്ങിവരാൻ സാധിച്ചു എ
ങ്കിൽ വരാം. അതു നിശ്ചയമുള്ള കാര്യ്യമല്ല. അതുകൊ
ണ്ടു് ഇത്രയും പറഞ്ഞതാണു്. ഞാൻ ഇതാ പുറപ്പെടു
ന്നു." പുലിയുടെ കൈവശമുണ്ടായിരുന്ന നാലു കുന്തങ്ങ
ളിൽ മൂന്നുകൂടി വാങ്ങി സൂര്യ്യൻ.

പുലി പറഞ്ഞു:–"ഈ ഒരു കുന്തംകൂടി കൊണ്ടുപൊ
യ്ക്കൊള്ളണം"

സൂര്യ്യൻ:–"ആയുധം കൂടാതെ ഒരു ചുവടുപോലും വ
യ്ക്കരുതെന്നു് അച്ഛൻ പഠിപ്പിച്ചിട്ടുള്ളതു് മറന്നുപോയൊ.
അപകടങ്ങളുടെയും ശത്രുക്കളുടെയും മദ്ധ്യത്തിലാണു് നാം

എന്നും എപ്പോഴും എന്നുള്ള ഓൎമ്മ ഉണ്ടായിരിക്കണം. ചിററമ്മയുടെയും കുട്ടിയുടെയും നിലവിളികേട്ട് പരിഭ്രമിച്ച്, അച്ഛൻ ആയുധം ഒന്നുമെടുക്കാതെ പുറപ്പെട്ടതു കൊണ്ടല്ലെ ഈ അപകടം സംഭവിച്ചതു്? അദ്ദേഹം ഇതിനു മുമ്പൊരിക്കലും ആയുധംകൂടാതെ ഒരു ചുവടു വച്ചിട്ടുണ്ടായിരിക്കയില്ല. ആദ്യമായി പററിയ തെററിൻെറ ദാരുണഫലമാണു് നാമിപ്പോൾ അനുഭവിക്കുന്നതു്. അതു നമുക്കൊരു പാഠമായിരിക്കട്ടെ."

സൂൎയ്യൻ പുറപ്പെടാൻ തുടങ്ങിയപ്പോൾ പുലി പിന്നെയും പറഞ്ഞു, "അപകടപൂൎണ്ണമായ ഒരു പൎയ്യടനത്തിനാണല്ലൊ ചേട്ടൻ പുറപ്പെടുന്നതു്. തനിയെ പോകുന്നതിൽ നന്നു് ഞാൻകൂടി വരുന്നതല്ലെ."

സൂൎയ്യൻ:—"എനിക്കപകടം സംഭവിച്ചാൽ ഒരാളെ നഷ്ടപ്പെടുകയുള്ളു. ആ സ്ഥാനം സ്വീകരിക്കാൻ നീയുണ്ടു്. ചിററമ്മയെയും പ്രാവിനെയും കുട്ടികളെയും അശരണരായി വിട്ടുംവച്ചു നാം രണ്ടാളും കൂടി പുറപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് എത്ര ഭയങ്കരമാകാം എന്നു് ഓൎക്കാതെയാണു് നീ പറയുന്നതു്. രണ്ടാളുകൾ ഉള്ളതുകൊണ്ടു അപകടം കൂടാതെ നമുക്കു മടങ്ങി എത്താൻ സാധിച്ചു എന്നുതന്നെ വയ്ക്കാം. പക്ഷെ മടങ്ങി എത്തുമ്പോൾ കുടുംബാംഗങ്ങളിൽ ആരെങ്കിലും ബാക്കി ഇല്ലെങ്കിലൊ? വേണ്ടാ, ഞാൻ തനിയെ പൊയ്ക്കൊള്ളാം. അതാണെൻെറ ധൎമ്മം. കുടുംബസംരക്ഷണം, തൽക്കാലത്തേക്കു നിൻെറ ചുമതലയും."

പിന്നെ പുലിക്കു് എന്തെങ്കിലും പറയാൻ അവസരം കൊടുക്കാതെ സൂൎയ്യൻ പുറപ്പെട്ടുകഴിഞ്ഞു. അവൻ നടക്കുകയല്ല, ഓടുകയാണു്. കുതിച്ചു പായുകയാണെന്നു് ധരിക്കരുതു്. കുതിരയുടെ "ട്രോട്ടു്"പോലെ അതിവേഗത്തിൽ നടക്കുന്നതിനു് ഇവരെ ചെറുപ്പം മുതൽ തന്നെ അഭ്യസിപ്പിക്കുന്നതാണു്. എത്രദൂരം വേണമെ

ങ്കിലും പോകാം. ഓടുന്നതിനോട്ട് അടുത്തവേഗം കിട്ടും, എന്നാൽ ക്ഷീണം അതിനനുസരച്ചുണ്ടാകയുമില്ല. അച്ഛന്റെ ഘാതകൻ പോയവഴിയെ തന്നെയാണ് സൂര്യൻ പോകുന്നതു്. നല്ല ചെളിയിൽ കൂടി നടന്നാൽ കാൽ പാട്ട് നമുക്ക കാണാൻ കഴിയുമല്ലൊ. പുൽതകിടിയിൽ കൂടിയൊ പാറപ്പുറത്തുകൂടിയൊ നടന്നുപോകുന്ന ആളിൻെറയൊ മൃഗങ്ങളുടെയൊ കാൽപാട്ട ചെളിയിൽ പതിഞ്ഞ പാട്ട് നാം കാണുന്നതു പോലെ തന്നെ നിഷ്പ്രയാസം കാണാൻ സാധിക്കും ഈ കാട്ടാളന്മാക്ക്. തലമുറതലമുറക്കാലങ്ങളിലെ പരിചയവും അഭ്യസനവും ആവശ്യവും അവരെ അതിന് വിദഗ്ദ്ധന്മാരാക്കിയിട്ടുണ്ടു്. പോരെങ്കിൽ സൂര്യൻ അന്വേഷിച്ചു പുറപ്പെട്ടിരിക്കുന്ന ആളന്റെ—മൃഗത്തിന്റെ—കാൽപാട്ട് സാധാരണ മനുഷ്യന്റെ ചുവട്ടടികളെക്കാൾ വളരെ വലുതുമാണു്. പാദത്തിന്റെ എല്ലാംഭാഗവും നിലത്തു ശരിക്ക പതിയുന്നുണ്ടു് പാദങ്ങളുടെ ഉടമസ്ഥന്റെ ഭാരക്കൂടുതൽകൊണ്ടു്, ഉറയ്ക്കാത്ത മണ്ണുള്ളിടത്തു തറഞ്ഞു താഴുന്നുമുണ്ടു.

സൂര്യൻ അതിവേഗം യാത്രചെയ്യുകയാണു്. അസാധാരണ ബലവാനായ അവന്റെ അച്ഛനെ കൈ കൊണ്ടു്, ഒററ അടിക്ക് അകപ്പെടുത്തിയതു് മനുഷ്യനാണൊ ആൾ കുരങ്ങാണൊ എന്നാണു് അവന്റെ ആലോചന. കുരങ്ങിന്റെ ലക്ഷണങ്ങൾപലതുണ്ടു്. മനുഷ്യന്റെ ലക്ഷണങ്ങളും ധാരാളമുണ്ടു്. കുരങ്ങ് ഇരുകാലിൽ നടക്കുന്നതുപോലല്ല അതിന്റെ നടത്ത. എന്നാൽ അതിനോട്ട സാമ്യമുണ്ടു് താനും. ആ സത്വം മനുഷ്യനൊ മൃഗമൊ എന്നു വളരെ ആലോചിച്ചിട്ടും ഒരു തീരുമാനത്തിൽ എത്താൻ സൂര്യനു് സാധിച്ചില്ല. എങ്കിലും, നാഗമലകളുടെ വടക്കുകിഴക്കു ഭാഗത്തു് മിക്കവൊറും കുരങ്ങ് തന്നൊ എന്ന പറയാവുന്ന ഒരു തരം കുരങ്ങുമനുഷ്യരായ കാട്ടാളന്മാരു

ണ്ടെന്നും, ശരിയായ സംസാരഭാഷയും കല്ലു് ഒഴിച്ചു മററു് ആയുധങ്ങളും ഇല്ലാത്ത അവർ കാട്ടുപോത്തു കടുവാ തുടങ്ങിയ ഭയങ്കര വന്യമൃഗങ്ങളെപോലും എതിരിട്ടു് അടിച്ചു വീഴ്ത്തിക്കളെയുമെന്നും കേട്ടിട്ടുള്ളതു് ഓമ്മവന്നു. അതെല്ലാം വെറും കെട്ടുകഥകളാണെന്നാണു് സൂൎയ്യന്റെ വൎഗ്ഗക്കാർ എല്ലാവരും ഗണിച്ചിരുന്നതു്. കെട്ടുകഥയല്ല എന്നു് അനുഭവം ഇപ്പോൾ തെളിയിച്ചു. അവന്റെ അച്ഛനെ കൊന്നതു് കുരങ്ങുമനുഷ്യൻ തന്നെ ആയിരിക്കണെമെന്നു വിശ്വാസമായിത്തുടങ്ങി സൂൎയ്യനു്.

ഇത്ര ശക്തനും ഭയങ്കരനും ആയ ശത്രുവിനെ കണ്ടുമുട്ടിയാൽ എന്തുചെയ്യണമെന്നു അവൻ ആലോചിച്ചില്ല. അവർ അങ്ങിനെ ആലോചിക്കാറില്ല. അതിനു അവസരം കിട്ടാറില്ലാത്തതുകൊണ്ടായിരിക്കാം. ആ ഭയങ്കര സത്വത്തോടു എതിരിട്ടാൽ അപകടം സംഭവിക്കയില്ലേ എന്നൊരു ശങ്കയൊ ഭയമൊ അതും ഉണ്ടായില്ല അവനു്. ജനനം മുതൽ മരണംവരെ രാവും പകലും ഒന്നുപോലെ അപകടങ്ങളുടെ വക്കിലും ശത്രുക്കളുടെ മദ്ധ്യത്തിലും കഴിച്ചുകൂട്ടേണ്ടവർ, കൂട്ടുന്നവർ, ഭയപ്പെടാൻ തുടങ്ങിയാൽ അതിനെന്താണു് പരിഹാരം. അവസാനം? അതുകൊണ്ടായിരിക്കണം ആപത്തിനെപ്പററി യാതൊരു ശങ്കയും സ്രഷ്ടാവു് അവൎക്കു് നല്കാതിരിക്കുന്നതു്. സമയം പോകുന്നതു് സൂൎയ്യൻ അറിയുന്നില്ല. എത്ര ദൂരം സഞ്ചരിച്ചു എന്നു് അറിഞ്ഞുകൂടാ. ആലോചനയില്ല. വിശപ്പുമില്ല, ദാഹവുമില്ല. അച്ഛനെ അപായപ്പെടുത്തിയ ശത്രുവിനെ കണ്ടുമുട്ടണം. അവനെ നശിപ്പിക്കണം എന്നുള്ള ചിന്ത മാത്രമെ ആ യുവാവിനുള്ളു. അതെ, പ്രതികാരമോഹം അവനെ പരിപൂൎണ്ണമായി ഗ്രസിച്ചിരിക്കയാണു്. അതാണു് അവനെ നയിക്കുന്ന ശക്തി. വിശപ്പും ദാഹവും ക്ഷീണവും എല്ലാം അതു് ഇല്ലാതാക്കിയിരിക്കുന്നു. സൂൎയ്യൻ ഒരു ചെറുപുഴയുടെ വക്കത്തു് എത്തി. ശത്രുവിന്റെ

കാൽപാട്ട് കാണാനില്ലാതായി. അതും അവനെ തോല്പിച്ചില്ല. മുട്ടനീർ മാത്രമെ വെള്ളമുള്ളു പുഴയിൽ. സൂൎയ്യന് സംശയമൊന്നുമില്ല. അവൻെറ ശത്രു പുഴയിൽ ഇറങ്ങി മറുകര കടന്നതുതന്നെ. അവനും പുഴയിൽ ഇറങ്ങി. ഇടയ്ക്കിടയ്ക്കു വെള്ളത്തിൽ ഉയൎന്നു നില്ക്കുന്ന പാറക്കല്ലുകളിൽ ശത്രുവിൻെറ കാൽപാട്ട് അവൻ കണ്ടുപിടിച്ചു. അവൻ കരയിൽ കേറി കാൽപാടുകൾ നോക്കി അതിവേഗം യാത്ര തുടൎന്നു. അൽപംമുമ്പോട്ട് ചെന്നപ്പോൾ ഒരു കുന്നിൽ മരക്കൂട്ടത്തിനിടയിൽ നിന്ന് പുക അൽപമായി ഉയരുന്നതു കണ്ടു. കുരങ്ങു മനുഷ്യൎക്കു തീയുണ്ടോ അതിൻെറ ഉപയോഗം അറിയാമൊ എന്ന് സൂൎയ്യന് നിശ്ചയം ഉണ്ടായിരുന്നില്ല. പുക ഉയരുന്നതു് അവർ കൂട്ടിയ തീയിൽ നിന്നായിരിക്കുമൊ എന്നു സംശയം തോന്നി. നടപ്പിൻെറ-ഓട്ടത്തിൻെറ -വേഗത് കുറച്ചില്ലെങ്കിലും പുറമ്പാടും ശരിക്കു പരിശോധിച്ചും കുറേക്കൂടി സൂക്ഷിച്ചുമായി മുമ്പോട്ടുള്ള പോക്ക്. തീയിൽ ചുടുന്ന മാംസത്തിൻെറ ഗന്ധം അവൻെറ മൂക്കിൽ തട്ടി. സൂൎയ്യൻെറ സംശയം തീൎന്നു. ശത്രുവിൻെറ സങ്കേതത്തിൽ താൻ എത്തിയിരിക്കുന്നു എന്ന് അവനു ബോദ്ധ്യമായി. പാകം ചെയ്യുന്ന മാംസം എവിടെ നിന്നു കിട്ടിയതാണെന്നും മനസ്സിലായി, അച്ഛനെ കൊന്ന ശത്രു തൻെറ സഹോദരൻെറ മാംസം പാകം ചെയ്തു തിന്നുകൊണ്ടിരിക്കുമ്പോൾ അവനെ നിഗ്രഹിക്കാൻ സാധിച്ചിരുന്നെങ്കിൽ എന്നായി സൂൎയ്യൻെറ ചിന്ത. അവൻ ശബ്ദം അൽപം പോലുമുണ്ടാക്കാതെ സൂക്ഷിച്ച് മുമ്പോട്ട് അടുത്തു. മരങ്ങളുടെ ഇടയിൽക്കൂടി, കാട്ടിൽക്കൂടി ഇഴഞ്ഞു വലിഞ്ഞു് അവൻ പുക പുറപ്പെട്ട കുന്നിൻെറ മുകൾഭാഗത്തോട്ട് അടുത്തു. ഒരു പാറക്കൂട്ടം, അതിൻെറ മദ്ധ്യത്തിൽ ഒരു ഗുഹാ ദ്വാരം. മുൻഭാഗത്തു് പുകഞ്ഞുകൊണ്ടിരിക്കുന്ന, കത്തിതീരാറായ ഒരു അഗ്നികുണ്ഡം, ഇവയാണ് ഒരു മര

ത്തിൻെറ മറവിൽ നിന്നുകൊണ്ടു് നോക്കിയ സൂര്യൻ കണ്ടതു്. അതു് താൻ അന്വേഷിച്ചു പുറപ്പെട്ട ശത്രുവിൻെറ ആസ്ഥാനമാണെന്നു് യുവാവു തീർപ്പെടുത്തി. കുതിച്ചു ചാടിച്ചെന്നു് കുന്തമെറിഞ്ഞു് അവനെ അകപ്പെടുത്തണമെന്നുണ്ടായിരുന്ന മോഹത്തെ സൂര്യൻ കടിഞ്ഞാൺ ഇട്ടു നിറുത്തി. സത്വം ഗുഹയിൽ നിന്നു പുറത്തേക്കു വരുന്നു എങ്കിൽ അപ്പോൾ ഓടിക്കുകയായിരിക്കും ഉത്തമം എന്നോർച്ചു് അവൻ ഉറച്ചുനിന്നു.

ഗുഹയുടെ ഉള്ളിൽ ഒന്നിലധികം ആളുണ്ടെന്നു് അവിടെ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ശബ്ദം വ്യക്തമാക്കി. എന്തൊക്കെയൊ ശബ്ദം പുറപ്പെടുന്നു എന്നല്ലാതെ സംസാരിക്കുന്നു എന്നു പറഞ്ഞുക്രുടാ. എന്നാൽ മൃഗങ്ങളുടെ മുരമ്മലൊ അതുപോലുള്ള ശബ്ദമൊ അല്ലതാനും. സൂര്യൻ തക്കംനോക്കി നിൽക്കുകയാണു്. പക്ഷെ ശത്രു അവസരം കൊടുക്കുന്ന ലക്ഷണമില്ല. ഗുഹയുടെ ഉള്ളിൽ നിന്നു് ഒരു തരം വികൃതമായ ചിരി കേൾക്കുന്നു. ഇടയ്ക്കിടയ്ക്കു ഒരു കുട്ടിയുടെ സന്തോഷശബ്ദവും. അവരുടെ ആഹ്ളാദശബ്ദം സൂര്യനെ രോഷാകുലനാക്കി. തൻെറ അച്ഛനെ കൊന്നശേഷം സഹോദരനെ തട്ടിക്കൊണ്ടുവന്നു് ചുട്ടുതിന്നു മദിക്കുന്ന ആ സത്വത്തെ കൈയിൽ കിട്ടിയാൽ...അവനു ധൃതി ആയി. ആ ആഹ്ളാദശബ്ദം കേട്ടുകൊണ്ടു് അനങ്ങാതെ നിൽക്കാൻ സാധിക്കയില്ലെന്നു തോന്നി. എന്നിട്ടും അവൻ തന്നെത്താൻ അടക്കി. ശത്രു ദുർബലനായാൽതന്നെയും, അവൻെറ ആ സ്ഥാനത്തുകേറി ആക്രമിക്കരുതു് എന്നു് വിവേകം അവനോടു ഉപദേശിച്ചു. പോരെങ്കിൽ ആ ഗുഹാദ്വാരം അൽപം ഉയരത്തിലാണു്. ഉണ്ടക്കല്ലുകൾ നിറഞ്ഞതാണു് ദ്വാരത്തിലേക്കു അടുക്കുന്നതിനുള്ള ചാഞ്ഞു ചരിഞ്ഞു കിടക്കുന്ന ആ മാർഗ്ഗം. ഓടി മുകളിലേക്കു കേറാൻ ശ്രമിച്ചാൽ അപകടം നിശ്ചയമാണു്. സൂര്യൻ കാൽ ഉറപ്പിച്ചു ചവി

ട്ടി, ഗുഹാദ്വാരത്തിൽ നിന്നു കണ്ണുപറിക്കാതെ നോക്കിക്കൊണ്ടു നിൽപായി. പള്ളനിറഞ്ഞതുകൊണ്ടു് സംതൃപ്തരായ ഗുഹാവാസികൾ പിന്നെയും സന്തോഷശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. അവയെല്ലാം സൂര്യന്റെ ചെവിയിൽ ആണിപോലെ തറഞ്ഞു കേറുന്നു എന്നവനു തോന്നി. ശാരീരികമായ എന്തു ക്ലേശവും സഹിക്കാൻ അവനു് ജന്മസിദ്ധമായ ശക്തി ഉണ്ടു്. ആ ആഹ്ലാദശബ്ദം അവനെ വെല്ലുവിളിക്കയാണെന്നു്, അവന്റെ പൗരുഷത്തെയും സമരസാമർത്ഥ്യത്തെയും ചോദ്യം ചെയ്കയാണെന്നു് തോന്നിത്തുടങ്ങി. അതു് സൂര്യനെ കുഴക്കി. അടക്കാൻ കഴിവില്ലാത്ത ആഗ്രഹം, ഗുഹയിൽ കടന്നു് ശത്രുവിനെ സംഹരിക്കണമെന്നുള്ള മോഹം അവന്റെ വിവേകത്തെ പിൻതള്ളിത്തുടങ്ങി. ആ സമയത്താണു് ഒരു കുട്ടി, അല്ലെങ്കിൽ ചെറു സത്വം ഗുഹാദ്വാരത്തിൽ പ്രത്യക്ഷപ്പെട്ടതു്. അതു് കൈയിൽ ഉണ്ടായിരുന്ന എന്തോ വായിൽ വച്ചു കടിച്ചുചീന്തുന്നു. സൂര്യൻ സൂക്ഷിച്ചു നോക്കി. ആ ചെറുസത്വം കടിച്ചു ചീന്തി തിന്നുകൊണ്ടിരുന്നതു് അവന്റെ സഹോദരന്റെ കൈകളിൽ ഒന്നു് ആണെന്നു് ബോദ്ധ്യമായി. സൂര്യന്റെ വിവേകം കാററിൽ പറന്നു പോയി. അതിഭയങ്കരമായ ഒരു അലറലോടുകൂടി അവൻ ഗുഹാദ്വാരത്തിലേക്കു പാഞ്ഞു. ആനന്ദിച്ചു തുള്ളിച്ചാടി നടന്ന ആ ചെറുസത്വം ഭയപ്പെട്ടു് ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ഗുഹയുടെ അന്തർഭാഗത്തേക്കു് ഓടിമറഞ്ഞു.

SEN GUPTA PUBLIC LIBRARY
P.O. Kuthiravattam
Calicut-16
Parayanchery

# അദ്ധ്യായം 3

സൂര്യൻ അലറിക്കൊണ്ടു് അടുത്തിട്ടു് ഗുഹയുടെ ഉള്ളിൽ നിന്നു് ആരും പുറത്തേയ്ക്കു വന്നില്ല. അവൻ ഗുഹാദ്വാരത്തിൽ എത്തി. അകത്തേക്കു ചാടിക്കേറണമെന്നു തോന്നി. എങ്കിലും, വിവേകം ഉന്നൻ്റ് അവനെതടഞ്ഞു നിറുത്തി. അരിശംതീക്കുന്നതിനും, ശത്രുവിനെ പുറത്തു കൊണ്ടുവരുന്നതിനും ആയി യുവാവു് ഒട്ടധികം അസഭ്യം പറയുകയും കുന്തംകൊണ്ടു് കല്ലിൽ അടിക്കയും ചെയ്തു. "എടാ കുരങ്ങിൻെറ മകനെ, കൊച്ചുകുട്ടിയുടെ മാംസം ചുട്ടുതിന്നുന്ന കുരങ്ങാ, ചുണയുണ്ടെങ്കിൽ ഇറങ്ങിവാടാ" എന്നിങ്ങനെ വീണ്ടുംവീണ്ടും അട്ടഹസിച്ചു. എന്നിട്ടും ഗുഹയ്ക്കുള്ളിൽനിന്നു് ഒരു ശബ്ദവുമില്ല. സൂര്യൻ പിന്നെയും അട്ടഹസിച്ചു. ഒരു കുന്തം ഗുഹയ്ക്കുള്ളിലേക്കു് എറിഞ്ഞു. തൽക്ഷണം അവൻെറ തലയുടെ അടുത്തുകൂടി എന്തോ ഇരമ്പി പാഞ്ഞു പോയതായി തോന്നി. അവൻ ഗുഹയുടെ ഉള്ളിലെ ഇരുട്ടിലേയ്ക്കു സൂക്ഷിച്ചുനോക്കി. അവിടെ നിന്നുകൊണ്ടു, അവൻെറശത്രു സൂര്യനെലക്ഷ്യമാക്കി കല്ലു് എറിയുകയാണു്. ശത്രുഎറിയുന്നതുകണ്ടു് സൂര്യൻ കുനിഞ്ഞുകളഞ്ഞില്ലായിരുന്നു എങ്കിൽ രണ്ടാമത്തെ ഏറു ലക്ഷ്യത്തിൽ ശരിക്കു കൊള്ളുമായിരുന്നു. വീണ്ടും കല്ലു് എറിയുന്നതിനു തുനിയാതെ സൂര്യനെ അടുത്തുപിടിച്ചു് ഞെരിച്ചു് തകർത്തു തരിപ്പണമാക്കുന്നതിനു് ശത്രു ഗുഹദ്വാരത്തിൽനിന്നു കീഴ്പോട്ടു ഓടി. ഒരു മല ഇളകി വരുന്നതുപോലുള്ള വരവുകണ്ടിട്ടു സൂര്യൻ ചലിച്ചോ? ചലിച്ചില്ലെന്നു മാത്രമല്ല, നിമിഷനേരത്തിനിടയിൽ സമരത്തിൽ എന്തുതന്ത്രമാണു് പ്രയോഗിക്കേണ്ടതെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു.

സൂൎയ്യൻ ഒരുകാൽ പിമ്പോട്ടു മാററികുത്തി, ആ മഹാമേരുവുമായുണ്ടാകാൻ പോകുന്ന സംഘട്ടനം കൊണ്ടു് മറിഞ്ഞുവീഴാതെ നില്ക്കുന്നതിനു് ഒരുങ്ങി. കുരങ്ങുമനുഷ്യൻ അടുത്തുപിടിക്കാൻ ഒരുങ്ങി പാഞ്ഞു് ആഞ്ഞടുത്തു. സൂൎയ്യൻ അധികം ആയാസപ്പെടേണ്ടി വന്നില്ല. അവൻ ഒരു കുന്തം ആഞ്ഞെറിഞ്ഞു. കുരങ്ങുമനുഷ്യൻെറ മുമ്പോട്ടുള്ള കുതിച്ചു ചാട്ടത്തിൻെറ ഊക്കുമാത്രം മതിയായിരുന്നു സൂൎയ്യൻെറ കുന്തം അവൻെറ നെഞ്ചിൽ തറഞ്ഞുകേറുന്നതിനു്. ഏറിൻെറ വേഗംകൂടി ആയപ്പോൾ അതു് ആ മഹാമല്ലൻെറ ശരീരംതുളച്ചു് മറുപുറംകടന്നു. ഒരു മലമറിയുന്നതുപോലെ അവൻ മറിഞ്ഞുരുണ്ടു് സൂൎയ്യൻെറ കാൽക്കൽവന്നുവീണു് ആ പ്രദേശമെല്ലാം രക്തത്തിൽകുളിപ്പിച്ചു.

ആകമാനം വിറച്ചു് അന്ത്യശ്വാസം വലിക്കുന്ന ശത്രുവിൻെറ മരണവേദനകണ്ടു ആനന്ദിക്കാൻ സാധിച്ചില്ല സൂൎയ്യനു്. അപ്പോഴേയ്ക്കു ഗുഹാദ്വാരത്തിൽ നിന്നു് ചുമയ്ക്കുന്നതുപോലൊരു ശബ്ദംകേട്ടു് അവിടേയ്ക്കു നോക്കി. അവൻെറ മുമ്പിൽ മറിഞ്ഞുവീണുകിടക്കുന്ന മലയ്ക്കു അനുയോജ്യമായ ഒരു പെൺസത്വം അവിടെ പ്രത്യക്ഷപ്പെട്ടു. അവളുടെ ഇണയെ അകപ്പെടുത്തിയവൻെറ കഥകഴിക്കാൻ അലറിക്കൊണ്ടു പുറപ്പെട്ട ആ താടകയുടെ മുഖഭാവവും അട്ടഹാസവും കണ്ടും കേട്ടും കുലുങ്ങാഞ്ഞതു് സൂൎയ്യൻ യഥാൎത്ഥത്തിൽ ഒരു ധീരൻ ആയതുകൊണ്ടു് മാത്രമാണു്. മണ്ണുമാന്തിയും മരത്തിൽകേറിയും നല്ലശക്തിയും അഭ്യസനവും ലഭിച്ചിട്ടുള്ള കൈകളും പുലിനഖംപോലുള്ള വിരലുകളുംകൊണ്ടു് സൂൎയ്യനെ പിടിച്ചു ഞെക്കി കീറി തകൎക്കാനായിരുന്നു അവളുടെ പുറപ്പാടു്. അവൻ ഇത്തവണ കുന്തം എറിയാതെ ശരിക്കു് നീട്ടിപിടിച്ചു കൊടുക്കമാത്രമാണു് ചെയ്തതു്. ആ കുരങ്ങുസ്ത്രീ സൂൎയ്യൻെറ കുന്തത്തെ ലക്ഷ്യമാക്കിയൊ അലക്ഷ്യമാക്കിയൊ പാഞ്ഞടുത്തു. കരിങ്കൽ പാറക്കെട്ടുകളെ ലജ്ജിപ്പിക്കുന്ന അവളു

ടെ കൊങ്കദ്വയങ്ങളുടെ മദ്ധ്യത്തിൽ തറഞ്ഞു കേറിയ കുന്തം, സൂൎയ്യൻ അവൻെറ ശക്തി അല്പംപോലും പ്രയോഗിക്കാതെ മറുപുറംകടന്നു. ഭാൎയ്യയും ഭൎത്താവിനെ അനുഗമിച്ചു. ആ മല മറിഞ്ഞുവീണു് ഒരു കുന്തംകൂടി നഷ്ടപ്പെട്ടുത്തരുതെന്നുവെച്ചു്, അവൾ മറിഞ്ഞു് പോയ പോക്കിനു സൂൎയ്യൻ കുന്തം വലിച്ചൂരി എടുത്തുകൊണ്ടു് ഗുഹയിലേക്കു ഓടിക്കേറി.

അവനെനോക്കി എന്തൊക്കെയൊ ചിലയ്ക്കുന്നു ഒരു ജന്തു. ഗുഹയ്ക്കു പുറത്തു മരിച്ചു മലൎന്നുകിടക്കുന്ന ആ സത്വങ്ങളുടെ ഒരു ചെറിയ പതിപ്പുതന്നെ. കുരങ്ങിൻെറ മാതിരിയാണു് പ്രകൃതം. ദേഹമെല്ലാം രോമംകൊണ്ടു് മൂടിയിരിക്കുന്നു. ഈ ചെറിയ സത്വമാണു് സൂൎയ്യൻെറ അനുജൻെറ കൈയ്യിലെ മാംസം കടിച്ചുപറിച്ചു തിന്നുകൊണ്ടു് അല്പസമയം മുമ്പു് ഗുഹാദ്വാരത്തിൽ നിന്നു് നോക്കിയതു്. അവനെ ഒരു തരത്തിലും ദ്രോഹിച്ചിട്ടില്ലാത്ത ആ കിടാവിനെ കൊല്ലണമൊ വേണ്ടയൊ എന്നു് ആലോചിച്ചില്ല ആലോചിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. പ്രകൃതിയോടും ചുററുപാടുമുള്ള സൎവ്വത്തോടും പടവെട്ടി കഴിഞ്ഞു വന്ന ആദിമ മനുഷ്യൎക്കു് ആ തരത്തിലുള്ള അലിവൊ കരുണയൊ ഉണ്ടായിരുന്നുവെങ്കിൽ, മനുഷ്യവൎഗ്ഗം തന്നെ ഭൂമുഖത്തു നിന്നു മാഞ്ഞു പോകാനിടയുണ്ടായിരുന്നു. അങ്ങിനെ അവൻെറ ശത്രുവിൻെറ വിത്തുകൂടി നശിപ്പിക്കാൻ കിട്ടിയ അവസരം ഉപയോഗിക്കാതിരിക്കാം എന്നു് സൂൎയ്യനു് അറിയാമായിരുന്നില്ല. ആ കുട്ടി നിലവിളിച്ചു കൊണ്ടു് ഓടി. പ്രധാന ഗുഹയ്ക്കുള്ളിൽ വേറൊരു ഗുഹയുള്ളതിലേക്കായിരുന്നു അതിൻെറ ഓട്ടം. അതിൽ പ്രവേശിക്കാറാകുന്നതു വരെ അതിൻെറ ഓട്ടവും നിലവിളിയും കൌതുക പൂൎവ്വം കണ്ടും കേട്ടും കൊണ്ടുനിന്ന സൂൎയ്യൻ, ഒരു കുന്തം എറിഞ്ഞു. കുട്ടി അതിൽ കോൎത്തുപോയി. സൂൎയ്യൻ അവൻെറ കുന്തം

വലിച്ചൂരി എടുത്തശേഷം കുട്ടിയുടെ ശരീരം കാൽകൊണ്ടു് തട്ടി ഗുഹയ്ക്കു പുറത്തുതള്ളി.

അറ്റൂന്റെ ഘാതകനെയും അവന്റെ കുടുംബത്തെയും നശിപ്പിച്ചു കഴിഞ്ഞപ്പോൾ സൂര്യന് വിശപ്പും ദാഹവും തോന്നി. എങ്കിലും ജോലിപൂർത്തി ആകാഞ്ഞതുകൊണ്ടു് പൈദാഹങ്ങൾ അടക്കിയിട്ടു്, കുരങ്ങുമനുഷ്യന്റെയും അവന്റെഇണയുടെയും കുട്ടിയുടെയും മൃതദേഹം ഉരുട്ടിവലിച്ചു് പുഴയിൽ തട്ടി. അതു കഴിഞ്ഞു് കുറെ പഴങ്ങൾ പറിച്ചു തിന്നു വിശപ്പടക്കി. അതും കഴിഞ്ഞാണു് ശത്രുസംഹാരി ആയ ജാതിത്തലവൻ അയാളുടെ അനുയായികൾ അടുത്തുവന്നു കൊള്ളുന്നതിനു്, മുൻകൂട്ടി പറഞ്ഞുവച്ച അടയാളം കാണിച്ചതു്-പുക പുറപ്പെടുവിച്ചതു്. പുക കാണുന്ന ക്ഷണത്തിൽ തന്നെ പുലിയും പ്രാവും ചിററമ്മയും കൊച്ചുനുജന്മാരും അവിടേക്കു പുറപ്പെടുമെന്നു നിശ്ചയമുണ്ടായിരുന്നതുകൊണ്ടു് അവരുടെ വരവു പ്രതീക്ഷിച്ചു ചിലഒരുക്കങ്ങൾ ചെയ്‌വാൻ തുടങ്ങി സൂര്യൻ.

കുടുംബത്തലവനെന്ന നിലയിൽ അവരുടെ ഭാവി പ്രവൎത്തനരംഗം ഏതായിരിക്കണമെന്നും, പ്രവൎത്തനം ഏതു രീതിയിലായിരിക്കണമെന്നും, ആലോചിക്കുന്നതിനു് ഏതാനും മണിക്കൂറുകൾക്കു മുമ്പു് ആ പടവിയിൽ അപ്രതീക്ഷിതമായി പ്രവേശിച്ച സൂര്യനു് ഇപ്പോൾ മാത്രമാണു് സമയം ലഭിച്ചതു്. ജീവിക്കണമെങ്കിൽ കൈയ്ക്കും മനസ്സിനും ചുറുക്കും കരുത്തും ഒരുപോലെ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നു് അറിഞ്ഞ പ്രകൃതിമാതാവു് അവ രണ്ടും, അവളുടെ പ്രാകൃതസന്താനങ്ങൾക്കു് നൽകുക സാധാരണമാണു്. സൂര്യനേയും ഇക്കാൎയ്യത്തിൽ അവൾ ശരിക്കു് അനുഗ്രഹിച്ചിരുന്നു. ശത്രുവിനെ കൊന്നശേഷം, കുടുംബാംഗങ്ങൾ വരണം എന്നു് അടയാളം കാണിക്കുന്നതിനുമുമ്പു് തന്നെ ഭാവി നടപടികൾ

ക്ക് ഒരു പ്ളാൻ അവൻ തയ്യാറാക്കി.

അവൻ കൊന്ന കുരങ്ങുമനുഷ്യരുടെ ഗുഹ ആസ്ഥാനമാക്കി തൽക്കാലം അവിടെ താമസമാക്കാമെന്നാണ് സൂര്യൻ നിശ്ചയിച്ചത്. ആറേഴ അംഗങ്ങൾക്കു താമസത്തിനുള്ള വലുപ്പമുണ്ട് ഗുഹയ്ക്കു്. ശത്രുക്കൾ ആക്രമണത്തിന് വരുന്നപക്ഷം നിരോധനത്തിന് ഉയന്ന സ്ഥലത്തുള്ള നില സൌകര്യം നൽകുന്നു. അടുത്തു തന്നെ പുഴ ഉള്ളതുകൊണ്ട് വെള്ളത്തിനു ക്ഷാമം വരുകയില്ല. വേട്ടയ്ക്കു മൃഗങ്ങൾ ആ പ്രദേശത്തു ധാരാളമുണ്ടെന്ന് ഒററനോട്ടത്തിൽ തന്നെ വിദഗ്ദ്ധനായ ആ യുവാവ് മനസ്സിലാക്കി. കായ്കനികളും കിഴങ്ങുകളും ധാരളമുണ്ട്. ഇങ്ങിനെ നാനാവിധത്തിലും അനുയോജ്യമായ ഒരു വാസസ്ഥലം കണ്ടുപിടിച്ചിട്ടാണ് സൂര്യൻ സ്വകുടുംബാംഗങ്ങൾ വന്നുചേരുന്നതിന് ധൂമസന്ദേശം നൽകിയതു്. മനുഷ്യഭുക്കുകളായ കുരങ്ങുമനുഷ്യൻ, ആ ഗുഹയിൽ അങ്ങിങ്ങായി ഇട്ടിരുന്ന അസ്ഥിക്കൂട്ടങ്ങളും മററു മലിന വസ്തുക്കളും എല്ലാം സൂര്യൻ മാററി അവിടംശുചിപ്പെടുത്തിക്കഴിഞ്ഞു് സ്വജനങ്ങളെ സ്വാഗതം ചെയ്യുവാൻ ഗുഹാദ്വാരത്തിൽ കാത്തിരിക്കുമ്പോളാണ് അനുജന്മാരും സഹോദരിയും ചിററമ്മയും ചെന്നുചേന്നതു്.

അവർ ചെന്നപ്പോഴും പുതിയ ജാതിത്തലവൻ വിശ്രമിക്കയല്ല. ഗുഹയിലേക്കുള്ള മാർഗ്ഗത്തിനു സമീപം ഒരു കല്ലിൽ ഇരുന്നു ആററുമണൽ കയ്യിൽ വാരി അതുകൊണ്ടു കുന്തങ്ങൾ മിനുക്കുകയാണു്.

സൂര്യൻ പറഞ്ഞു:–"അച്ഛനെ അപായപ്പെടുത്തിയ ആ സത്വം ഒരു കുരങ്ങുമനുഷ്യനായിരുന്നു. ഞാൻ അവന്റെ കഥകഴിച്ചു. അവന്റെ വംശത്തെയും നശിപ്പിച്ചു. അവന്റെയും ഭാര്യയുടെയും പുത്രന്റെയും ശവം ഞാൻ പുഴയിൽ ഒഴുക്കി. ഈ ഗുഹ നമ്മുടെ സ്വന്തമാണിപ്പോൾ, താമസത്തിനുവേണ്ട സൌകര്യങ്ങൾ എ

ല്ലാം ഇവിടെ ഉണ്ട്. ചുററിലും വേട്ടമൃഗങ്ങളും ഫലമൂലാദികളും ധാരാളമുണ്ട്. നമുക്ക് ഇവിടെ താവളം ഉറപ്പിക്കാമെന്നാണ് ഞാൻ തീർച്ചപ്പെടുത്തിയതു്."

പുതിയ കുടുംബനാഥൻെറ തീരുമാനത്തെ ചോദ്യം ചെയ്‌വാൻ ആരുമുണ്ടായിരുന്നില്ല. അവർ അവിടെ താമസമാക്കി. ചുററിലുമുള്ള പ്രദേശങ്ങൾ കണ്ടറിയുന്നതിനു പുലി ഒരുപ്രയാണം ചെയ്തു മടങ്ങിഎത്തി നൽകിയ റിപ്പോർട്ട് സൂര്യനെ അല്പം കുലുക്കി. അയാൾ കൊന്നൊഴുക്കിയ കുരങ്ങുമനുഷ്യരുടെ മൃതശരീരങ്ങൾ ഏതാനും നാഴിക താഴത്തുചെന്നു് കരയിൽ അടിഞ്ഞതു് ചില കുരങ്ങുമനുഷ്യർ കൂടി എടുത്തുകൊണ്ടു പോകുന്നതു് പുലി കണ്ടു അത്രെ.

സൂര്യൻ ചോദിച്ചു—"നീ കണ്ടോ. എത്ര സത്വങ്ങൾ ഉണ്ടായിരുന്നു."

പുലി—"ഞാൻ കണ്ടു. അഞ്ചെട്ട് ഉണ്ടായിരുന്നു. എല്ലാം ഭയങ്കരന്മാർ തന്നെ."

സൂര്യൻ— "ചത്തഴുകിയ ശവം തിന്നാൻ കൊണ്ടുപോകുആയിരുന്നിരിക്കാം."

പുലി—"അതാണെന്നു തോന്നുന്നില്ല. ഞാൻ ഒരു കുന്നിൻെറ മുകളിൽ ഒളിച്ചിരിക്കയായിരുന്നു. വളരെ അടുത്തു കണ്ടില്ല എങ്കിലും ഉത്സാഹമായിട്ടല്ല അവ എടുത്തുകൊണ്ടു പോയതെന്നു എനിക്കുതോന്നി. തിന്നാനാണെങ്കിൽ സന്തോഷത്തോടെ കൊണ്ടുപോകുമല്ലൊ. അതുമല്ല, കണ്ടേടിക്കിൽ വച്ചുതന്നെ മുറിച്ചോ മററോ മാംസം എടുത്തുകൊണ്ടു പോകാമായിരുന്നല്ലൊ."

സൂര്യൻ—"അവരുടെ വർഗ്ഗക്കാരെ തിന്നുകയില്ലായിരിക്കും."

പുലി—"ഏതായാലും രണ്ടുമൂന്നു ദിവസത്തെ വഴിക്കപ്പുറത്തു് ആ വർഗ്ഗക്കാർ കുറെ ഉണ്ട്. പകരം വീട്ടുന്നതിനു് ഇങ്ങോട്ടു പുറപ്പെട്ടുമോ എന്തൊ. അവരുടെ

അസ്ഥാനവും ആയിരുന്നല്ലൊ."

സൂൎയ്യൻ—"ഞാൻ അതും ആലോചിക്കാതിരുന്നില്ല. നമുക്ക ഇവിടെ ചില പണികൾ എല്ലാം ചെയ്യണം. പാറ കിടക്കുന്നതുകൊണ്ടു പിമ്പിൽ കൂടി വന്ന് നമ്മുടെ ഗുഹയെ അക്രമിക്കാൻ സാധിക്കയില്ല. മുൻപിൽ നിന്നാണെങ്കിൽ പുഴ കടക്കാതെ ഇവിടെ എത്താനും പററുകയില്ല. ശത്രുക്കൾ പുഴകടക്കുമ്പോൾ തന്നെ നമുക്ക കാണത്തക്കവണ്ണം കാട്ട് കളയണം"

പുലി—"ഇന്നുതന്നെ ശരിപ്പെടുത്തിക്കളയാം."

സൂൎയ്യൻ—"പിന്നൊന്നുകൂടി ചെയ്യുവാനുണ്ടു്. ഗുഹയിൽ കടക്കണമെങ്കിൽ ചരിഞ്ഞുകിടക്കുന്ന ഈ വഴിയിൽ കൂടി മേല്പോട്ടു കേറണമല്ലൊ അതു ക്ഷണത്തിൽ സാധിക്കാത്തവിധം കുറെ കല്ലുകൾ കൊണ്ടുവന്ന് അവിടവിടെ ഇടണം"

പുലി—"അതും വേഗത്തിൽ ചെയ്തുതീൎക്കാം"

സൂൎയ്യൻ—"പിന്നെ വേണ്ടതു് ഗുഹാദ്വാരത്തിന്റെ വലുപ്പം കുറയ്ക്കുകയാണു്."

പുലി—"അതിനും രണ്ടുമൂന്നു കല്ലുകൾ മതി."

സൂൎയ്യൻ—"ഇത്രയും മേൽപോട്ടു കൊണ്ടുചെല്ലണമല്ലൊ."

പുലി—"അതു സാരമില്ല. നമ്മൾ രണ്ടുപേരും പ്രാവും ചിററമ്മയും ഉണ്ടല്ലൊ. ഇടയ്ക്കിടയ്ക്കു അടവച്ചു തരാൻ കുട്ടികളെയും കൂട്ടാം."

സൂൎയ്യൻ—"അത്രയും ശരിപ്പെട്ടുകഴിഞ്ഞാൽ പിന്നെ നമ്മിൽ ഒരാളെ ഉള്ളെങ്കിൽപോലും നമ്മുടെ ഗുഹയെ ശത്രുക്കൾക്ക ആക്രമിച്ചു പിടിച്ചടക്കാൻ വേഗം സാധിക്കയില്ല."

പുലി—"അതെങ്ങിനെ പററും."

സൂൎയ്യൻ—"ഈ വഴിയിൽ കല്ലുകൾവച്ചു ശരിപ്പെടുത്തിയാൽ ഒന്നു് അല്ലെങ്കിൽ രണ്ടു് ആൾക്കല്ലാതെ ഒരു

മിച്ചു മേൽപ്പോട്ടു കേറാൻ ഇടകാണുകയില്ല. മുകളിൽ ഗുഹാദ്വാരത്തിൽ നിൽക്കുന്ന ആളിന്റെ കുന്തത്തിനു അവർ ഇര ആയിക്കൊള്ളും."

പുലി—"എന്നാലും......"

സൂര്യൻ—"കേട്ടുകൊള്ളണം. ഗുഹാദ്വാരത്തിൽ നിന്നു താഴത്തേക്കു ക്ഷണത്തിൽ ഉരുട്ടിവിടത്തക്ക വിധം കുറെ കല്ലുകൾ അവിടെക്കൊണ്ടു് സ്ഥാപിക്കണം. "അട" എടുത്തു മാററിയാൽ അവ ഉരുണ്ടുപോരത്തക്ക വിധമായിരിക്കണം. അപ്പോൾ കുട്ടികൾക്കു വേണമെങ്കിലും ശത്രുക്കളെ നശിപ്പിക്കാൻ സാധിക്കും."

പുലി—"അതു ശരിയാണു്."

സൂര്യൻ—"വേറൊന്നുകൂടി ചെയ്‌വാനുണ്ടു്. കുറെ അധികം കുന്തങ്ങൾ ഉണ്ടാക്കി ഗുഹയിൽ സൂക്ഷിക്കണം."

പുലി—"അവയ്ക്കുവേണ്ടതെല്ലാം......"

സൂര്യൻ—"ഒരു പ്രയാസവുമില്ല. ആ വൃത്തികെട്ട സത്വങ്ങൾ തിന്നവയുടെ ഒട്ടധികം വലിയ എല്ലുകൾ അകത്തെ ഗുഹയുടെ ഒരു കോണിൽ കിടപ്പുണ്ടു്. അവയിൽ കുറെ തല്ലിപ്പൊട്ടിച്ചാൽ കുന്തത്തിനു് എത്ര തല വേണമെങ്കിലും കിട്ടും. കുന്തത്തിനു് വേണ്ട കമ്പുകൾക്കു് ഒരു പഞ്ഞവും വരാനില്ലെന്നു നീ കണ്ടു കാണുമല്ലോ"

പുതിയ തലവന്റെ പ്ലാൻ അനുസരിച്ചു് നിരോധനത്തിനുവേണ്ട ഏർപ്പാടുകൾ എല്ലാം ഒരാഴ്ചക്കുള്ളിൽ പൂർത്തിയായി കഴിഞ്ഞപ്പോളാണു്, അവരുടെ പുതിയ വാസസ്ഥലത്തിന്റെ വൈശിഷ്ട്യം പ്രാവിനും മററും മനസ്സിലായതു്. സൂര്യന്റെ കൊച്ചനുജന്മാരും ഈ പ്രവർത്തനങ്ങളിൽ ഉത്സാഹപൂർവ്വം പങ്കെടുത്തു. എല്ലാം ശരിപ്പെടുത്തികഴിഞ്ഞശേഷം സൂര്യൻ നൽകിയ നിർദ്ദേശവും കുട്ടികളുടെ ഉത്സാഹത്തിനു മകുടം ചാർത്തുക

തന്നെ ചെയ്തു.

സൂര്യൻ കുട്ടികളോടു പറഞ്ഞു: "ഞാനും പുലിയും ഇവിടെ ഇല്ലാത്ത സമയമെല്ലാം നിങ്ങൾ രണ്ടാളും പുഴയുടെ വക്കത്തുണ്ടായിരിക്കണം. ഏതുവശത്തു നിന്നെങ്കിലും ശത്രുക്കൾ വരുന്നുണ്ടോ എന്ന് ഉററുനോക്കിക്കൊണ്ടിരിക്കുന്നതു നിങ്ങളുടെ ചുമതലയാണ്. ആരെങ്കിലും വരുന്നതു കണ്ടാൽ തൽക്ഷണം പ്രാവിനെയും ചിററമ്മയെയും വിളിച്ചറിയിച്ച ശേഷം നിങ്ങളും ഗുഹയിൽ ഓടിഎത്തിക്കൊള്ളണം. പ്രാവും ചിററമ്മയും കുന്തമെറിയുന്ന സമയം നിങ്ങൾ പിമ്പിൽ നിന്ന് അവർക്കു കുന്തം എടുത്തുകൊടുക്കയും അവർ ആവശ്യപ്പെടുന്ന മററു സഹായങ്ങൾ ചെയ്തുകൊടുക്കയും, ആജ്ഞ അനുസരിച്ച് പ്രവർത്തിയ്ക്കുകയും ചെയ്തുകൊള്ളണം."

പുലി-:"വേറൊന്നുകൂടി ചെയ്യുന്നതു് നന്നായിരിക്കയില്ലേ എന്ന് എനിക്കു തോന്നുന്നു. വേണ്ടില്ലെന്നു ചേട്ടന് തോന്നുന്നെങ്കിൽ......"

ജാതിത്തലവന് ഉപദേശം കൊടുക്കാൻ ശ്രമിക്കയാണെന്നു തോന്നിയെങ്കിലോ എന്നു സംശയിച്ചാണ് പുലി ഇത്രയും പറഞ്ഞതു്.

സൂര്യൻ.-"എന്താണെന്നുകേൾക്കാതെ അഭിപ്രായം പറയുന്നതെങ്ങിനെയാണ്. ശത്രുക്കളുടെ ആക്രമണം ഉണ്ടാകുന്നപക്ഷം അതിനെ ചെറുക്കാൻ പററിയ ഏതു മാർഗ്ഗംസ്വീകരിക്കുന്നതിനും ഞാൻ എപ്പോഴും തയ്യാറാണ്. തുറന്നു പറയണം കേൾക്കട്ടെ."

പുലി:-"ചിററമ്മയ്ക്കും പ്രാവിനും കുന്തം ചാണ്ടാൻ വലിയ പരിചയമൊന്നുമില്ലല്ലോ. അപ്പോൾ കുന്തം ശേഖരിച്ചു വച്ചതുകൊണ്ട്. നാം ഇവിടെ ഇല്ലാത്ത സമയത്താണ് ആക്രമണം ഉണ്ടാകുന്നതെങ്കിൽ, വലിയ പ്രയോജനമില്ലായിരിക്കും. അവർ രണ്ടുപേരെയും കുട്ടികളെയും കുന്തം എറിയാൻ പഠിപ്പിച്ചാലെന്താണ്."

സൂര്യൻ:-"വളരെ നല്ല അഭിപ്രായമാണ്. ചിററമ്മയെ നീ പഠിപ്പിക്കണം. മററു മൂന്നാളെയും ഞാൻ പഠിപ്പിക്കാം."

അങ്ങിനെ നിരോധനത്തിനുള്ള ഏർപ്പാടുകൾ എല്ലാം ശരിപ്പെടുത്തി പല ദിവസങ്ങൾ കഴിഞ്ഞിട്ടും ആക്രമണം ഉണ്ടായില്ല. ശത്രുക്കളെ ആരും എങ്ങും കണ്ടതുമില്ല. അവരുടെ ജാഗ്രത കുറഞ്ഞു തുടങ്ങി.

ഒരു ദിവസം പുലി വേട്ടയ്ക്കുപുറപ്പെട്ടു. ഒരു കാട്ടുപശുവിനെകണ്ടു് കുന്തംചാടുന്നതിനു് അവസരം പാർത്തു്, കാററു പാങ്ങു് നോക്കി അതിൻെറപുറകെ കൂടി. പല മലകൾ കേറി ഇറങ്ങിയ ശേഷമാണു് കുന്തം എറിയാൻ സാധിച്ചതു്. കുന്തം കാട്ടുപശുവിൻെറ ഹൃദയസ്ഥാനത്തു തറച്ചുകേറി. അതു് നിലംപതിച്ചു. പുലിക്കു് അവൻെറ വേട്ടമൃഗത്തോടു് അടുക്കാൻ സാധിച്ചില്ല. അതിനു മുമ്പു് ഒട്ടധികം കുരങ്ങു മനുഷ്യർ ഒരു കാട്ടിൽ നിന്നു് എന്തൊക്കെയൊ ചിലച്ചുകൊണ്ടു് പശുവിനെ വളഞ്ഞു കഴിഞ്ഞു ഏതാനും വാരമൊ മാസമൊ ആയിട്ടും ശത്രുക്കൾ ആക്രമണത്തിനു വരാതിരുന്നതുകൊണ്ടു് അപകടം ഒഴിഞ്ഞു എന്നു് ധരിക്കേണ്ടതില്ലെന്നു് ആ സംഭവം സൂര്യനെയും സഹോദരനെയും ധരിപ്പിച്ചു, അന്നു നിറുത്തി ഒരാൾ തനിയെ വേട്ടയ്ക്കുപോകുന്ന ഏർപ്പാടു്. മാത്രമല്ല ഗുഹയുടെ നിരോധനങ്ങൾ കുറേ കൂടി ശക്തിപ്പെടുത്തുകയും ക്രമീകരിക്കയും ചെയ്കയും ഉണ്ടായി. കൊച്ചനുജന്മാർ ഗുഹയുടെ മുൻഭാഗത്തു് പുഴവക്കുവരയല്ലാതെ മററൊരിടത്തും പോകരുതെന്നു് സൂര്യൻ കർശനമായ ആജ്ഞ നൽകി. സ്ത്രീകളും പ്രത്യേകം സൂക്ഷിക്കയും കരുതലോടുകൂടിയിരിക്കയും ചെയ്യണമെന്നും നിർദ്ദേശിച്ചു. പുഴയിൽ നിന്നു് വെള്ളംഎടുക്കാൻ ഒരുസ്ത്രീ പുറപ്പെട്ടാൽമററവൾ ഗുഹയുടെ പ്രവേശന ദ്വാരത്തിൽ കുന്തവും ഏന്തി തയ്യാറായി നിന്നുകൊള്ളണമെന്നും ആജ്ഞാപിച്ചു. അങ്ങി

നെ അവർ വീണ്ടും ഒരു സമരാടിസ്ഥാനത്തിൽ കാര്യങ്ങൾ ശരിപ്പെടുത്തി, എപ്പോഴും ജാഗരൂകരായി കഴിഞ്ഞു വരുമ്പോളാണു് കുരങ്ങുമനുഷ്യരുടെ ആക്രമണം ഉണ്ടായി. സൂര്യനും പുലിയും ആസ്ഥാനത്തു തന്നെ ഉള്ള സമയത്തു് ആക്രമണം ഉണ്ടായതിൽ നിന്നു് ശത്രുക്കൾ ഒരുങ്ങിയാണു് വന്നിരിക്കുന്നതെന്നു് സഹോദരന്മാർ മനസ്സിലാക്കി.

## അദ്ധ്യായം 4

ചിററമ്മ വെള്ളം എടുക്കുന്നതിനു പുഴയിലേക്കു പുറപ്പെട്ടപ്പോൾ പ്രാവ് ഗുഹാദ്വാരത്തിൽ കുന്തവുമേന്തി പാറാവു ചെയ്യുന്നുണ്ടായിരുന്നു. ചിററമ്മ വെള്ളം എടുക്കുന്ന ദിക്കിലാണു് അവളുടെ ദൃഷ്ടി പതിഞ്ഞിരുന്നതും. എന്നാൽ യുവതിയുടെ മനസ്സ്, എവിടെല്ലാമൊ ചുററിത്തിരിഞ്ഞു കൊണ്ടിരുന്നതു കൊണ്ടു് ചിററമ്മയെ അവൾ കണ്ടില്ലെന്നു മാത്രം. അവരുടെ നിലവിളി കേട്ടു് പ്രാവ് ദിവാസ്വപ്നത്തിൽ നിന്നുണർന്നു. ഒട്ടേറെ കുരങ്ങുമനുഷ്യർ പുഴയിൽ. അവരിൽ ഒരുവൻ ചിററമ്മയെ അടിച്ചു അവർ നിലം പതിച്ചു. ആദ്യം അടിച്ചുവനും അവൻെറ സഹായത്തിനു് എത്തിയ മറെറാരുവനും പുഴയിൽ നിന്നെടുത്ത കല്ലുകൾ കൊണ്ടു് ഓരോന്നിടിച്ചു. ചിററമ്മയുടെ നിലവിളി നിന്നു. കഷ്ടപ്പാടവസാനിച്ചു. ആക്രമിച്ചവർ മൃത ശരീരവും എടുത്തുകൊണ്ടു് പുഴയിൽ ക്രൂടി നടന്നു് കാട്ടിൽ കേറി മറഞ്ഞു. ഇതെല്ലാം ക്ഷണത്തിൽ കഴിഞ്ഞു. അപ്പോഴേക്കു ചിററമ്മയുടെയും പ്രാവിൻെറയും നിലവിളികേട്ടു് സൂര്യനും പുലിയും അനുജന്മാരും എണീററു് പ്രാവിൻെറ സമീപം

ഗുഹാദ്വാരത്തിൽ എത്തി. ചിററമ്മയെ കൊല്ലുന്നതും ശവം എടുത്തുകൊണ്ടു പോകുന്നതും അവരും കണ്ടു. അവർ ചാടി ഇറങ്ങിയില്ല. ചാടി പുറപ്പെട്ടാൽ അപകടം നിശ്ചയമാണെന്നറിയാം. എന്താണ് വേണ്ടതെന്ന് ആലോചിക്കുന്നതിനും സമയം കിട്ടിയില്ല. അതിനു മുമ്പു തന്നെ പുഴവക്കത്തു നിന്ന് ഒട്ടധികം കുരങ്ങുമനുഷ്യർ ഗുഹയെ ലക്ഷ്യമാക്കി ഓടി അടുത്തു. രണ്ടു ബാലന്മാരും ഒരു യുവതിയും ഉൾപെടെ അഞ്ചുപേരുണ്ടു് നിരോധത്തിന്. എണ്ണത്തിൽ അവരുടെ അഞ്ചിരട്ടി മലപോലുള്ള മല്ലന്മാരാണ് ആക്രമണത്തിനു അടുത്തിരിക്കുന്നതു്. കുരങ്ങു മനുഷ്യരും എന്തൊ എല്ലാം ശബ്ദം പുറപ്പെടുവിച്ചുകൊണ്ടാണു പുറപ്പാടു്. എല്ലാററിന്റെറ കൈയിലും രണ്ടു് നല്ല ഉണ്ടപ്പാറക്കല്ലുകൾ. ചിലർ അവ ഗുഹാദ്വാരത്തെ ലക്ഷ്യമാക്കി വലിച്ചെറിയുന്നുണ്ടു്. മററുള്ളവ ലക്ഷ്യത്തോടു കുറെക്കൂടി അടുത്തിട്ട് എറിയാൻ ഒരുങ്ങി ഓടി അടുക്കുകയാണ്. അവരുടെ ആക്രമണത്തിനുമുണ്ടു് എന്തൊ ഒരു ക്രമമൊ അടുക്കൊ എല്ലാം എന്ന് സൂര്യന് തോന്നി. കുരങ്ങുമനുഷ്യരുടെ ആക്രമണത്തെ ചെറുക്കാൻ ഒരുങ്ങിനിൽക്കുകയാണ് സൂര്യനും പുലിയും പ്രാവും. ബാലന്മാർ മുന്നണിയിൽ നിൽക്കുന്നവർക്കു് ആവശ്യമനുസരിച്ചു കുന്തം കൊടുക്കാൻ ഒരുങ്ങി പിമ്പിലും. ശത്രുക്കൾ അടുത്തുവന്നാലും തന്റെ ആജ്ഞയനുസരിച്ചല്ലാതെ കുന്തം ചാണ്ടരുതെന്നു സൂര്യൻ പ്രത്യേകം ഓർഡർ നൽകിയിരുന്നു. കല്ലുകൾ വലിച്ചെറിഞ്ഞു കൊണ്ടും മുരമ്മിക്കൊണ്ടും ആ വാനര നരന്മാർ ഗുഹയോടു് അടുത്തടുത്തു വന്നു. നന്നാ അടുത്തു. പ്രാവ് ഒരു കുന്തം എറിയാൻ സൂര്യൻ ആജ്ഞനൽകി. അതി ഭയങ്കരന്മാരായ ആ കാട്ടാളപരിഷ ഓടി അടുത്തടുത്തു വരുന്നതു കണ്ടിട്ടും അല്പം പോലും പരിഭ്രാന്തയാകാതെ ഉറച്ചുനിന്നു് ആയുവതി സർവ ശക്തികളും പ്രയോഗിച്ച് കുന്തം എറിഞ്ഞു. ഇള

കാത്ത മനസ്സിൻെറ പരിപൂർണ്ണമായ നിയന്ത്രണത്തിനു വിധേയമായിരുന്ന വിറയ്ക്കാത്ത കൈകൾ കൊണ്ടു് അവൾ തൊടുത്തെറിഞ്ഞ കുന്തം അതിൻെറ ലക്ഷ്യത്തിൽ തന്നെ പതിച്ചു. എന്തെങ്കിലും ആക്രമണത്തിനു വന്നാൽ, ഒരേ സമയം രണ്ടു പേരിൽ കൂടുതൽ ഗുഹാദ്വാരത്തെ സമീപിക്കാൻ സാധിക്കാത്ത തരത്തിൽ അവിടം ക്രമപ്പെടുത്തിയിരുന്നു എന്നു് മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. സൂര്യൻ ആ തന്ത്രം പ്രയോഗിച്ചതുകൊണ്ടു ആക്രമണകാരികൾക്കു ഇരട്ട അണിയായി മാത്രമെ ഗുഹാദ്വാരത്തിലേക്കു ഓടി അടുക്കാൻ സാധിച്ചുള്ളു. ഉയരത്തിൽ നിന്നു കൊണ്ടു പ്രാവു എറിഞ്ഞ കുന്തം മുന്നണിയിലെ രണ്ടു യോദ്ധാക്കളിൽ ഒരുവൻെറ കണ്ണിൽ തറച്ചു കേറി. അവൻ ഒരു ഭയങ്കര ശബ്ദം പുറപ്പെടുവിച്ചു കൊണ്ടു് പിന്നോട്ടു മറിഞ്ഞു് പിമ്പിൽ നിന്നു് ഓടിവന്നവർക്കു് മാർഗ്ഗതടസ്സം ഉണ്ടാക്കി. ആ കുഴപ്പം ഉണ്ടായ ഘട്ടത്തിൽ തന്നെ മുന്നണിയിലെ രണ്ടാമൻെറ നെഞ്ചിൽ തറച്ചു കേറി മറുവശം കടന്നു പുലി എറിഞ്ഞ കുന്തം. അതോടെ ആ അണിയിലും കുഴപ്പമായി. പക്ഷെ അതു കൊണ്ടൊന്നും ആക്രമണത്തിൻെറ ശക്തി കുറഞ്ഞില്ല. അൽപ സമയത്തേക്കു കുഴപ്പം ഉണ്ടായി എന്നു മാത്രമെയുള്ളു. കുന്തമേററു വീണവരുടെ മുഖത്തും നെഞ്ചിലും ചവിട്ടി മുമ്പോട്ടു കേറുകയാണു് പിമ്പിൽ നിന്ന അവരുടെ സഹോദരങ്ങൾ ചെയ്തതു്.

ആക്രമണത്തിൻെറ മാററും ശക്തിയും വർദ്ധിച്ചു. കരങ്ങു മനുഷ്യരുടെ ഇരമ്പിക്കേററത്തെ തടയാൻ സൂര്യനും പുലിയും സഹോദരിയും കുന്തം വർഷിച്ചു തുടങ്ങി. എതിരാളികൾക്കു കല്ലു മാത്രമാണല്ലൊ ആയുധമായിട്ടുള്ളതു്. ആയുധത്തിൻെറ കുറവു് ഭടന്മാരുടെ ബാഹുല്യം കൊണ്ടു് പരിഹരിക്കാനാണൊ അവർ തീർച്ചയാക്കിയിരിക്കുന്നതു്? നിരോധകർക്കു ആയുധമില്ലാതാകുന്നതുവ

രയ്ക്കു ആക്രമിക്കാമെന്നും അതു വരയ്ക്കു ഭടന്മാരെ ബലികഴിക്കാമെന്നുമാണൊ അവരുടെ നിശ്ചയം, അതാണൊ അവരുടെ സമരതന്ത്രം? കുന്തത്തിൻെറ സ്റ്റോക്കു് അവസാനിപ്പിക്കുന്നതു് തെററാണെന്നു തോന്നുകയാലാണൊ അതൊ കുന്തം എറിഞ്ഞു് ശത്രുക്കളെ പിൻതിരിക്കാൻ സാധിക്കയില്ലെന്നു് മനസ്സിലായതുകൊണ്ടാണൊ, ഗുഹാദ്വാരത്തിൽ ഒരുക്കിവെച്ചിരുന്ന കല്ലുകൾ ഓരോന്നായി കീഴ്പോട്ടു അയയ്ക്കാൻ സൂര്യൻ തീരുമാനിച്ചു. ആദ്യത്തെ കല്ല് നാലുശത്രുക്കളെ അരച്ചുകൊണ്ടാണു് കീഴ്പോട്ടു പോയതു്. അതിൽ രണ്ടുപേരുടെ കഥ അപ്പോൾ തന്നെ അവസാനിച്ചു. അശേഷം പ്രതീക്ഷിക്കാതിരുന്ന ഒരു നിരോധനാക്രമണമായിരുന്നു അതു്. അക്കാരണത്താൽ തന്നെ അതു് കുരങ്ങുമനുഷ്യരെ വിഭ്രാന്തരാക്കി. രണ്ടുമൂന്നു കല്ലുകൾക്കൂടി കീഴ്പ്പോട്ടു ചെല്ലുകയും ചിലരെ എല്ലാം കൊല്ലുകയും മററു ചിലരുടെ കാലുകൾ തകൎക്കുകയും ചെയ്തപ്പോഴേക്കു് അവയെപ്പററി അവൎക്കുണ്ടായ ഭീതിയും തീർന്നു. എന്തെല്ലാം നാശനഷ്ടങ്ങൾ സഹിച്ചാലും ആ ഗുഹ വീണ്ടെടുക്കണമെന്നു തീർച്ചപ്പെട്ടത്തിപുറപ്പെട്ട ശത്രുക്കൾ പിന്നെയും മുമ്പോട്ടു അടുക്കുകയാണു്. വളരെപ്പേർ കൊല്ലപ്പെടുകയൊ മുറിവേൽക്കുകയൊ ചെയ്തു എങ്കിലും പ്രതിരോധകരേക്കാൾ പലമടങ്ങധികമുണ്ടു് ആക്രമണകാരികൾ ഇപ്പോഴും.

അവർ വീണ്ടും മുമ്പോട്ടടുത്തു. സൂര്യൻ തയ്യാറാക്കി വച്ചിരുന്ന കല്ലുകൾ എല്ലാം തീൎന്നു. കുന്തങ്ങൾ തീരാറായി. ഇനി എന്താണുവേണ്ടതെന്നു് അയാൾ ആലോചിച്ചു. തീർച്ചപ്പെടുത്തുന്നതിന്നു് അവസരമുണ്ടായില്ല. അപ്പോഴേക്കു ശത്രുക്കൾ ഗുഹാദ്വാരത്തിൽ എത്തിക്കഴിഞ്ഞു. കാര്യത്തിൻെറ ഗതിയും ഗൌരവവും മനസ്സിലാക്കിയ പ്രാവു് ഗുഹയ്ക്കുള്ളിലേക്കു ചാടുന്നതു കണ്ടു. അടുത്തനിമിഷം എരിയുന്ന ഒരു തീക്കൊള്ളി

യുമായി അവൾ സമരരംഗത്തു പ്രത്യക്ഷപ്പെട്ടു. ആക്രമ ണാനൈന്യത്തിൻെറ മുന്നണിയിൽനിന്നു് അതിനെ ന യിച്ചു രണ്ടാളുകളുടെ മുടിക്കും താടിമീശയ്ക്കും തീ വെ യ്ക്കാൻ ഞൊടിയിടയെ പ്രാവിനുവേണ്ടി വന്നുള്ളു. കു രങ്ങന്മാർ ഒരിക്കലും പ്രതീക്ഷിച്ചിരുന്ന ഒരു ആക്രമണമു റയൊ ആയുധമൊ ആയിരുന്നില്ല അതു്. മുടിക്കും താ ടിമീശയ്ക്കും തീ കത്തിക്കൊള്ളുന്നതിനെ അവഗണിച്ചു സ മരം ചെയ്യാൻ ആർക്കെങ്കിലും സാധിക്കുമൊ? അഗ്നി പരീക്ഷയിൽ അകപ്പെട്ട ആ വീരന്മാർ രണ്ടും തിരി ഞ്ഞു് ഓടി. അവരുടെ പിമ്പിൽ ഉണ്ടായിരുന്നവരെ എല്ലാം ചരിഞ്ഞ ആ മാർഗ്ഗത്തിൽ തള്ളിമറിച്ചിട്ടു് അ വർ ഓടി. വീണവരും വിരണ്ടെണീററു് ഓട്ടമായി. അതോടുകൂടി ആക്രമണം അവസാനിക്കയും ചെയ്തു.

പ്രതിരോധകരിൽ ആർക്കും അപകടമൊന്നും സം ഭവിച്ചില്ല.

സൂര്യനു് വിജയലബ്ധിയിൽ ആഹ്ളാദമുണ്ടാ യില്ല. ശത്രുക്കളുടെ സംഖ്യാബലവും മരണം വരിക്കുന്ന തിലുള്ള കൂസലില്ലായ്മയും അവൻെറ സന്തോഷത്തെ പരിഭ്രമമായിമാററി. എല്ലാ മുൻകരുതലുകളും ചെയ്തി രുന്നിട്ടും, വേണ്ട ഒരുക്കങ്ങൾ എല്ലാം നടത്തിയിരുന്നി ട്ടും. അവസാനത്തിൽ ഭാഗ്യം കൊണ്ടു് മാത്രം-പ്രാവി ൻെറ കൊള്ളി പ്രയോഗംകൊണ്ടു്-തോൽവിയിലും നാ ശത്തിലും നിന്നു രക്ഷപെട്ടതെന്നുള്ള ബോധമവനെ വി ഷമിപ്പിച്ചു.

കൊച്ചനിയന്മാക്കു് ആക്രമണം തീരാത്ത ഉത്സാ ഹത്തിനു് കാരണമായി ഭവിച്ചു. അന്നുമുതൽ അവരും യോദ്ധാക്കളുടെ കൂട്ടത്തിലായി എന്നായിരുന്നു അവരു ടെ ഭാവം. "കുരങ്ങുമനുഷ്യർ" എന്നൊ ശത്രുക്കൾ എ ന്നൊ അന്നോവരയ്ക്കു വിളിക്കപ്പെട്ടിരുന്ന ഭീകര സത്വ ങ്ങൾക്കു് അവർ "കുരഷ്യർ" എന്നു് പേർ കൊ

ട്ടുത്ത ആ പേർ അനുയോജ്യമെന്ന് സൂര്യനും പുലിയും പ്രായവും സമ്മതിക്കുകൂടി ചെയ്തപ്പോഴേക്കു കുട്ടികൾ യുദ്ധ വീരന്മാർ തന്നെ ആയിത്തീർന്നു!

ശത്രുക്കളുടെ ആക്രമണം പ്രതീക്ഷിച്ച് രണ്ടുമാസം അവർ കാത്തിരുന്നു. അപ്പോഴേക്കു മഴക്കാലമായി. രാപ്പകലില്ലാതെ മഴ. ഇടമുറിയാതെയുള്ള മഴ. ലോകത്തിൽ ഏററവും അധികം മഴ പെയ്യുന്നതു് ഈ പ്രദേശത്താണ്. മഴക്കാലം കഴിഞ്ഞു എന്നു ബോദ്ധ്യമായ ക്ഷണത്തിൽ തന്നെ പുലിയെ കാവലിനാക്കിയിട്ട് സൂര്യൻ വേട്ടയ്ക്കു പുറപ്പെട്ടു, ഒരാഴ്ചത്തെ ആഹാരത്തിനുള്ള വക ഒരു മണിക്കൂർ കൊണ്ടു് അയാൾ സമ്പാദിച്ചു. ആഹാരം ശരിക്കു കിട്ടിയപ്പോഴേക്ക് എല്ലാവർക്കും ഉശിരായി. സൂര്യനും പുലിയും മാറിമാറി ആ പ്രദേശമെല്ലാം ചുററിനടന്നിട്ടും ശത്രുക്കളായ കുരങ്ങന്മാരെ കണ്ടില്ല. അവർ മഴക്കാലത്തു് ആ രാജ്യം വിട്ടു പോകപതിവായിരിക്കണമെന്നവർ അനുമാനിച്ചു. ശത്രുഭയംകൂടി മാറിയപ്പോൾ അവർ ഉത്സാഹഭരിതരായി. വാസസ്ഥലത്തിന് പ്രത്യേക കാവൽ തന്നെ വേണ്ടെന്നു വച്ചു വേട്ടയ്ക്കു പുറപ്പെട്ടുതുടങ്ങി. എവിടെല്ലാം പോയാലും വൈകുന്നേരമാകുമ്പോഴേക്കു ഗുഹയിലെത്തുക എന്നുള്ള പതിവും പാലിക്കാതായി.

സമീപപ്രദേശങ്ങളിൽ ജനവാസമുണ്ടോ, ആരെല്ലാമാണ്, അവിടുത്തെ സ്ഥിതിഗതികൾ എന്തെല്ലാമാണ് എന്ന് അറിയുന്നതിനു സൂര്യനും പുലിയും ഒരുമിച്ച് ഒരു സുദീർഘപ്രയാണത്തിന് പുറപ്പെട്ടു. സൂര്യന് ഒരു പ്രത്യേക ഉദ്ദേശ്യം കൂടി ഉണ്ടായിരുന്നു. അതു് അവൻ പുലിയെ അറിയിച്ചിരുന്നില്ല.

ഒരു ദിവസം അവർ ഒരു മലമുകളിൽ നിന്നു ചുററിലും നോക്കുമ്പോൾ വളരെ ദൂരത്തു് ഒരു പുക ഉയരുന്നതു കണ്ടു. സൂര്യൻ ഉത്സാഹഭരിതനായി പുലിയോടു പറഞ്ഞു. "നോക്കണം അതാ, അക്കാണുന്ന പുക മനുഷ്യർ

കത്തിച്ച തീയിൽ നിന്നുയരുന്നതാണു്. കുരങ്ങു മനുഷ്യരല്ല, സാക്ഷാൽ മനുഷ്യർ, നമ്മെപോലുള്ള മനുഷ്യർ. ഞാൻ അവിടെ വരയ്യൊന്നു പോകയാണു്."

പുലി:-"അവർ ശത്രുക്കളൊ മിത്രങ്ങളൊ എന്നു് നിശ്ചയമില്ലല്ലൊ. അതുകൊണ്ടു് പോകാതിരിക്കയല്ലെ നന്നു്. പോകേണ്ട ആവശ്യവും ഇല്ലല്ലൊ."

സൂൎയ്യൻ:-"കുരഷ്യരല്ലാത്തതുകൊണ്ടു്, നമ്മെ പോലുള്ള മനുഷ്യരായതുകൊണ്ടു് ശത്രുത ഉണ്ടായാലും നിന്നു പറയാം."

പുലി:-"എന്നാലും ആവശ്യമില്ലാതെ അവരുടെ ഇടയിൽ ചെന്നു കേറണമൊ."

സൂൎയ്യൻ:-"ആവശ്യമുള്ളതുകൊണ്ടാണു് പോകാമെന്നു വച്ചതു്."

പുലി:-"ആവശ്യമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

സൂൎയ്യൻ:-"അവർ മനുഷ്യരാണല്ലൊ. അപ്പോൾ അക്കൂട്ടത്തിൽ പെണ്ണുങ്ങളും ഉണ്ടായിരിക്കും. എനിക്കു് ഒരു പെണ്ണിനെ വേണം."

പുലിക്കു് വാദഗതി അത്ര ബോദ്ധ്യമായില്ല. അത്രയ്ക്കു പ്രായമാകാത്തതു കൊണ്ടാണു് ബോദ്ധ്യ മാകാത്തതെന്നായിരുന്നു സൂൎയ്യന്റെ അഭിപ്രായം. കുടുംബ നാഥനും ജാതിത്തലവനും ആയ സൂൎയ്യന്റെ ആജ്ഞ അനുസരിക്കാൻ ബാദ്ധ്യസ്ഥനായതു കൊണ്ടു് സമ്മതിക്കുന്നു എന്നു് വ്യക്തമാകത്തക്ക സ്വരത്തിൽ പുലി പറഞ്ഞു, "ചേട്ടന്റെ ഇഷ്ടമനുസരിച്ചു ചെയ്യാട്ടെ. ഞാൻ കൂടെ വരണമൊ, അല്ലെങ്കിൽ ഞാൻ എന്തു ചെയ്യണം?"

സൂൎയ്യൻ:-"കുടുംബ, നാഥന്റെയും ജാതിത്തലവന്റെയും ചുമതലകൾ ഞാൻ മടങ്ങിവരുന്നതു വരയ്ക്കു നീ ഏൽക്കണം, പ്രാവും കുട്ടികളും തനിച്ചാണല്ലൊ താമസം. അവിടേക്കു മടങ്ങുകയായിരിക്കും നന്നു്!"

പുലി:-"ഉടൻ തന്നെ പോകാം. ചേട്ടൻ എപ്പോഴേക്കു മടങ്ങി എത്തും.

സൂൎയ്യൻ:-"കഴിയുന്നത്ര വേഗത്തിൽ എന്നല്ലാതെ ഇപ്പോൾ പറയുന്നതിന്നു സാധിക്കയില്ലല്ലൊ. എന്റെ ഉദ്ദേശം സാധിച്ചാൽ..." അല്പം ലജ്ജയോടു കൂടി പുഞ്ചിരി തൂകിക്കൊണ്ടു്" ഞങ്ങൾ രണ്ടാളും കൂടി വേഗത്തിൽ തന്നെ വന്നു ചേരും."

പുലി:-"സാധിക്കാതിരിക്കാനെന്താണുള്ളതു്."

സൂൎയ്യൻ:-"ഞാൻ ചെല്ലുന്ന ദിക്കിൽ എനിക്കു യോജിച്ച ഒരു പെണ്ണുണ്ടായിരിക്കണം. അവളെ പിടിച്ചെടുക്കാൻ അവസരം കിട്ടണം. എന്റെ ഭാൎയ്യ ആകുന്നതിന്നും കൂടെ പോരുന്നതിന്നും അവളെമെരുക്കണം. അവളുടെ ആളുകളുടെ പിടിയിൽ പെടാതെ രക്ഷപെടണം. ഇങ്ങനെ എന്തെല്ലാം കിടക്കുന്നു. ഞാൻ പോയി വരട്ടെ അതു വരയ്ക്കു നീ തന്നെ ജാതിത്തലവൻ. ഞാൻ മടങ്ങി എത്താത്ത പക്ഷം കുടുംബത്തലവനും ജാതിത്തലവനും ആയിത്തീരുന്ന നീ നമ്മുടെ സഹോദരിയെയും സഹോദരന്മാരെയും രക്ഷിക്കാൻ ബാദ്ധ്യസ്ഥനാണെന്നു്.ഓൎമ്മപ്പെടുത്തേണ്ടതു് എന്റെ ചുമതലയായതുകൊണ്ടു്, അക്കാൎയ്യം ഓൎമ്മപ്പെടുത്തുകയും ചുമതല ഏല്പിക്കയും ചെയ്യുന്നു."

മൂന്നാം ദിവസമാണു്, പുക പൊങ്ങിക്കണ്ട പ്രദേശത്തു് സൂൎയ്യൻ എത്തിച്ചേൎന്നതു്. അവിടെ താവളം ഉറപ്പിച്ചിരിക്കുന്നവർ ആരാണെന്നും, അവരുടെ സംഖ്യാബലം നടപടികൾ മുതലായവ എന്തെല്ലാമാണെന്നും, അക്കൂട്ടത്തിൽ അവനു് അനുയോജ്യയായ പെണ്ണു ഉണ്ടോ എന്നും ഉററുനോക്കി അറിയുന്നതിന്നും രണ്ടു ദിവസം വേണ്ടതായി വന്നു. അവന്റെ വൎഗ്ഗത്തോടു വിദൂരബന്ധമുള്ള ഒരു വൎഗ്ഗക്കാരാണു് അവിടെ താൽക്കാലികമായി താമസം ഉറപ്പിച്ചിരിക്കുന്നതു്. അവനു് അനുയോ

ജ്യയായ ഒരു യുവതി അക്കൂട്ടത്തിൽ ഉണ്ടെന്നു് ഒരു മര കൊമ്പിൽ ഒളിഞ്ഞിരുന്നു നോക്കി സൂൎയ്യൻ കണ്ടു പിടിച്ചു. ജത്യാചാരങ്ങൾ അറിയാമായിരുന്നതു കൊണ്ടു് ആ യുവതി അവിവാഹിത ആണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. കന്യകയെ അപഹരിച്ചു സ്വീകരിക്കുക, അതിനുശേഷം സൌകൎയ്യപ്പെട്ടാൽ, സൌകൎയ്യപ്പെടുമ്പോൾ അവളുടെ ഗുരു ജനങ്ങളുടെ അനുമതി വാങ്ങുക എന്നുള്ളതായിരുന്നു അവരുടെ ആചാരം. പെണ്ണിന്റെ അനുമതി ആരായാറില്ല. അതൊരു കാൎയ്യമായി ആരും പരിഗണിക്കയുമില്ല. ഒരുവൻ പിടിച്ചെടുത്തു് ഇണയായി സ്വീകരിച്ച ശേഷം അതൃപ്തി പ്രദർശിപ്പിക്കയൊ മോചനം നേടുന്നതിന്നു ശ്രമിക്കയൊ ചെയ്യുന്ന യുവതികൾ വളരെ ചുരുക്കമായിരുന്നതാണു് ഇതിനു കാരണം.

സൂൎയ്യൻ മനസ്സുകൊണ്ടു് വരിച്ച പെണ്ണിനെ തട്ടിക്കൊണ്ടു കടക്കുന്നതിനു അവസരം കാത്തു് മരക്കൊമ്പുകളിൽ തന്നെ പല ദിവസങ്ങൾ കഴിച്ചു കൂട്ടേണ്ടതായി വന്നു. ഒരു ദിവസം, ഒരു ചെറിയ ജലാശയത്തിന്റെ കരയിൽ നിൽക്കുന്ന ഒരു വൃക്ഷത്തിന്റെ കൊമ്പുകൾക്കിടയിൽ പതിയിരിക്കയാണു് സൂൎയ്യൻ. സൂൎയ്യതാപം അവനെ സ്പർശിക്കയെ ഇല്ല. സുഖമുള്ള ഇളം കാററു്, സൂൎയ്യൻ മയങ്ങിപ്പോയി. വെള്ളത്തിൽ എന്തൊ ഒരു ശബ്ദം കേട്ടാണവൻ ഉണൎന്നതു്. നോക്കിയപ്പോൾ കണ്ട കാഴ്ച അവന്റെ ഹൃദയത്തുടിപ്പു് പല മടങ്ങു വർദ്ധിപ്പിച്ചു. അവൻ തെരഞ്ഞെടുത്ത പെൺകുട്ടി കുളിക്കാൻ കുളത്തിൽ ചാടിയ ശബ്ദമാണു് സൂൎയ്യനെ ഉണൎത്തിയതു്. തേടിയ വള്ളി കാലിൽ ചുററുന്നതിനെക്കാൾ ശുഭകരമായ ഒരു സംഭവം ഉണ്ടാകാനുണ്ടോ?

ശ്വാസം കഴിച്ചാൽ മരക്കൊമ്പുകൾ ഇളകി അവൻ അവിടെ ഉണ്ടെന്നു് അവൾ മനസ്സിലാക്കി ഓടിപ്പൊ

യ്ക്കുളഞ്ഞെങ്കിലൊ എന്നാണ് സൂര്യന്റെ പേടി. അ വിടെ പതിയിരുന്ന് മതിയാവോളം അവളെ കണ്ടു. ക ഴുത്തു നീർ വെള്ളത്തിൽ നിൽക്കുമ്പോൾ അവളുടെ ചു റ്റിലും വെള്ളത്തിനു മീതെ പരന്നു കിടക്കുന്ന മുടിക്കു് യുവതിയോളം തന്നെ നീളമുണ്ടായിരിക്കണം എന്നവൻ അനുമാനിച്ചു. ആ മുഖം! ആ കണ്ണുകൾ, അധരങ്ങൾ! ആരെങ്കിലും തന്നെ കാണുന്നുണ്ടെന്നു അല്പം പോലും സം ശയം ഇല്ലാതിരുന്നതുകൊണ്ടു് ഉത്സാഹത്തോടും പ്രസരി പ്പോടും കൂടി അവൾ ആ കുളത്തിൽ വലിയ ഓളമുണ്ടാക ത്തക്കവിധം പരയ്ക്കുകയും നീന്തുകയും ചെയ്തു. കൃഷ്ണശി ലയിൽ കടഞ്ഞെടുത്ത ആ ശരീരം ഒരു വേട്ടക്കാരന്റെ ഭാര്യയ്ക്കു അനുയോജ്യം തന്നെ. അവനായി പ്രത്യേകം സൃഷ്ടിക്കപ്പെട്ടവളാണ്. സംശയമൊന്നുമില്ല. അല്ലാ ത്ത പക്ഷം വേട്ടയ്ക്കിറങ്ങിയപ്പോൾ യാദൃഛികമായി പു ക പൊങ്ങുന്നതു കാണണമൊ? മാർഗ്ഗത്തിൽ യാതൊരു ത ടസ്സവും കൂടാതെ അവൻ അവിടെ എത്തുമൊ? അവൻ പതിയിരുന്നിടത്തു തന്നെ അവൾ തനിയെ വന്നു കൂടു മൊ. ഇതായിരുന്നു സൂര്യന്റെ ചിന്താഗതി. (കുളക്കര യിൽ ചെന്നു കൂടിയാൽ യുവതി അവിടെ കുളിക്കാൻ വ രുമെന്നൂഹിച്ചാണ് അവൻ അവിടെ സ്ഥാനം ഉറപ്പി ച്ചതെന്നും ഒരു പെണ്ണിനെ കിട്ടാനല്ല മാറ്റം ആരാഞ്ഞാ ണ് അവൻ കുടിയിൽ നിന്ന് ഇറങ്ങിയതെന്നും ഉള്ള വ സ്തുത അവൻ വിസ്മരിച്ചു കളഞ്ഞു.) ഈ വിധം അവ ന്റെ കൈയിലേക്കു എറിഞ്ഞു കൊടുത്ത ഭംഗിയും മാധു ര്യവും ഉള്ള ആ കനി അവനു കിട്ടാതെ പോകുമെന്നു സം ശയിച്ചില്ലെന്നു മാത്രമല്ല, കിട്ടിപ്പോയി എന്നു വിശ്വ സിക്കയും കൂടി ചെയ്തു സൂര്യൻ.

എങ്ങിനെയാണ് അവളെ സമീപിക്കേണ്ടതു്, എ ങ്ങിനെയാണ് അവളെ പിടികൂടേണ്ടതു്? യുവതിയു ടെ സൌന്ദര്യവും യൌവ്വനവുംകണ്ടു് തലയ്ക്കു മത്തുപിടിച്ചു

പോയതുകൊണ്ടു് പ്രവൎത്തനപദ്ധതി കണ്ടു പിടിച്ചു് ശരിപ്പെടുത്തുന്നതിനു് സൂൎയ്യനു് കഴിഞ്ഞില്ല. കണ്ണും മനസ്സും അവളിൽ നിന്നു മാററുന്നതിനു് അവൻ അശക്തനായി. അവളെ നോക്കി ഇരുന്നുകൊണ്ടു് "എൻെറ പെണ്ണു്, എൻെറ പെണ്ണു്" എന്നു ഉരുവിടുന്നതിനല്ലാതെ മററൊന്നിനും അവനു് ശക്തിയില്ലാതായി. യുവതി കുളികഴിഞ്ഞു കരയിൽ കേറി. പ്രകൃതിയുടെ പുത്രിയായ അവൾക്കു്, കുളിച്ചാൽ തുവൎത്തുക എന്നൊരേൎപ്പാടുണ്ടെന്നോ അറിഞ്ഞു കൂടാ. അതിൻെറ ആവശ്യം എന്താണെന്നു ആരെങ്കിലും പറഞ്ഞു കൊടുത്താൽ തന്നെ മനസ്സിലാകയുമില്ല. വെള്ളം ഒലിച്ചു കൊണ്ടിരിക്കാതെ കഴിക്കുന്നതിനു് കൈവിരലുകൾ കൊണ്ടു് ദേഹത്തുണ്ടായിരുന്ന വെള്ളം വടിച്ചു കളഞ്ഞു, മുടി കൂട്ടിപ്പിടിച്ചു് ഒന്നു പിഴിഞ്ഞു, കരയിലിരുന്ന മാൻ തുകൽ എടുത്തു ധരിച്ചു. അതു കഴിഞ്ഞു് കുളത്തിൻ കരയിൽ വീണു കിടന്ന ഒരു തടിയിന്മേൽ ഇരുന്നു കൊണ്ടു് തലമുടി കോതാൻ തുടങ്ങി. അവൾ മുടി കോതുന്നതിലും ഉണ്ടു് വൈശിഷ്ട്യം, പ്രത്യേകത, സൌന്ദൎയ്യം എന്നു തോന്നിയ സൂൎയ്യൻ, അതെല്ലാം കണ്ടു് സംപൂൎണ്ണ സംതൃപ്തനായി മരക്കൊമ്പിൽ ഇരിക്കയാണു്. എത്ര ദിവസം വേണമെങ്കിലും എത്ര കാലം വേണമെങ്കിലും അങ്ങിനെ ഇരിക്കാമെന്നു പറയുമായിരുന്നു അവനോടു് ആരെങ്കിലും അപ്പോൾ ചോദിച്ചിരുന്നു എങ്കിൽ.

യുവതി മുടി മുറയ്ക്കു കോതിക്കൊണ്ടിരിക്കുന്നെങ്കിലും ആ ജോലിക്കു കൈവിരലുകളെ നിയോഗിച്ചിട്ടു് അവളുടെ മനസ്സു് എവിടേയ്ക്കോ പോയി എന്നു്, കോതലിൽ പ്രത്യക്ഷപ്പെട്ട അലസത തെളിയിക്കുന്നുണ്ടു്. വിവാഹപ്രായമായ ആ തരുണിയുടെ മനസ്സു് എവിടെല്ലാം പോയി എന്നും എന്തെല്ലാം കണ്ടു എന്നും, എന്തെല്ലാം കാണാൻ ആഗ്രഹിച്ചു എന്നും, ആരായുന്നതു് അധൎമ്മമാ

ണ്. ജാതിത്തലവനായ അവളുടെ അച്ഛൻ പുത്രിക്കു കണ്ടു വച്ചിരിക്കുന്ന പുരുഷൻ സ്വവർഗ്ഗത്തിലേക്കു ശക്തനായ ഒരു യുവാവാണെന്ന് അദ്ദേഹം ചിലപ്പോൾ സൂചിപ്പിക്കാറുണ്ടായിരുന്നു. ആ മല്ലൻെറ പ്രതിമ മനസ്സിൽ പ്രതിഷ്ഠിച്ച് അതിനെ ആരാധിച്ചുകൊണ്ടിരിക്കയാണൊ അവൾ? ആരറിഞ്ഞു.

യുവതി ഉറക്കത്തിൽ നിന്ന് എന്നോണം ഉണർന്നു. സൂര്യനും ഞെട്ടി ഉണർന്നു. താൻ കണ്ടതിൽ ചില ഭാഗങ്ങൾ സ്വപ്നമാണെന്നും, ഉടനടി വേണ്ടതു് ചെയ്യാത്തപക്ഷം യഥാർത്ഥമായുള്ള ഭാഗവും ഉടൻ തന്നെ സ്വപ്നസമാനമായി മാറുമെന്നും അവനു് ബോദ്ധ്യമായി. ക്ഷണത്തിൽ കർമ്മനിരതനായി. അവൻ ഒരു കുന്തം എടുത്തു് യുവതിയിരുന്ന ദിക്കിലേക്കു ചാണ്ടി. അതു് വാഴത്തണ്ടിനു തുല്ല്യമായ തുടയുടെ സമീപത്തു ചെന്ന് അവൾ ധരിച്ചിരുന്ന മാൻതുകൽ തുളച്ച് അവൾ ആസനമാക്കിയിരുന്ന തടിയിൽ തറച്ചു കേറി നിന്നു വിറച്ചു. യുവതി ഭയന്നു് നിലവിളിച്ചു കൊണ്ടു് ചാടി എണീക്കാൻ നോക്കി. അപ്പൊഴാണു് താൻ ഒരു തടവുകാരി ആയിപ്പോയി എന്നു മനസ്സിലായതു്. ആ കടുംകൈയുടെ കർത്താവാരെന്നു് കണ്ണുകൾ ഉയർത്തി നോക്കി.

## അദ്ധ്യായം 5

"കിട്ടിപ്പോയി." എന്നുള്ള ജയഭേരിയോടുകൂടി സൂര്യൻ മരക്കൊമ്പിൽ നിന്നു് ഒരു ചാട്ടം യുവതിയുടെ സമീപത്തേക്കു്. അപരിചിതനായ യുവാവിൻെറ അപ്രതീക്ഷിതമായ ആഗമനം യുവതിയെ പരിഭ്രാന്തയാ

ക്കി. അവൾ എണീററോടാൻ ശ്രമിച്ചു. അവളെ തടവുകാരിയാക്കിയ കുന്തത്തിന്ന് സൂര്യൻെറ ഉരുക്കുപോലുള്ള കൈകൾ പിൻതുണ നൽകി. സൂര്യൻ അവളെ തൊട്ടതോടെ യുവതിയുടെ ഭയം കോപമായി മാറി. അവൾ അവനെ അടിച്ചു. അമ്മിക്കല്ലുപോലെ ഉറച്ചതും വിരിഞ്ഞതും ആയ മാറിൽ പതിച്ച കൈകൾക്കു വേദന ഉണ്ടായി എങ്കിൽ സൂര്യന്ന് അത്ത് അത്യന്തം ആനന്ദപ്രദമായിട്ടാണ് തോന്നിയത്ത്. അടികൊണ്ടൊരു വിശേഷവും ഇല്ലെന്നു കണ്ടപ്പോൾ യുവതി അവൻെറ മുഖം മാന്തിക്കീറുന്നതിന്നു ശ്രമിച്ചു. സൂര്യൻ അവളുടെ രണ്ടുകൈകളെയും ഒരു കൈയിൽ തടവുകാരാക്കി

സൂര്യൻ പറഞ്ഞു:–"ഭയപ്പെടാനൊന്നുമില്ല. നീ എൻെറ പെണ്ണാണു്, എൻെറ പെണ്ണു്, ഞാൻ ഉപദ്രവിക്കയില്ല. നിലവിളി നിറുത്തണം."

രണ്ടാളുകളുടെയും ഭാഷ തമ്മിൽ വളരെ സാമ്യം ഉണ്ടായിരുന്നതുകൊണ്ടു് സൂര്യൻ പറഞ്ഞതു് യുവതിക്കു മനസ്സിലായി.

ഭയപ്പെട്ടാണു്. നിലവിളിച്ചതെന്നു സൂര്യൻ പറഞ്ഞ ക്ഷണത്തിൽ യുവതി നിലവിളി നിറുത്തി, സഗൌരവം പറഞ്ഞു.- "ഞാൻ ഭയപ്പെട്ടാണു് നിലവിളിച്ചതെന്നു ധരിച്ച വിഡ്ഢിത്വത്തിൻെറ ഫലം ഇപ്പോൾ തന്നെ അറിയും. കൈയിൽനിന്നു വിട്ടുകയാണു് നന്നു്."

സൂര്യൻ:–"പെണ്ണിൻെറ പൊണ്ണക്കാര്യ്യം കേട്ടു കൈയിൽ കിട്ടിയതു കളയുന്നവനല്ല സൂര്യൻ. ഇതാ ഞാൻ കുന്തമൂരി. വരൂ നമുക്കു പോകാം."

യുവതി:–"വന്നവഴിക്കു പോകാൻ സാധിക്കുമെങ്കിൽ ഓടിപ്പൊയ്ക്കൊള്ളാൻ ഞാൻ അനുവദിക്കാം. അരനിമിഷത്തിനകം എൻെറ അച്ഛനും മററും ഇവിടെ എത്തും"

സൂര്യൻ:–"ആരെല്ലാം വന്നാലും, കിട്ടിയതു് ഉപേ

ക്ഷിച്ചു പേടിച്ചു പോകുന്നവനല്ല ഞാൻ.

യുവതി:-"അച്ഛൻ ഇപ്പോൾ ഇവിടെ എത്തും. അദ്ദേഹത്തോടൊന്നിച്ചു മഹാമല്ലനായ മിത്രലും വരും. ഞാൻ നിലവിളിച്ചതു് അവർ കേട്ടിട്ടുണ്ടു്. സംശയമില്ല. നിങ്ങൾ ചെയ്ത അപരാധം ഞാൻ ക്ഷമിച്ചിരിക്കുന്നു. വേഗം കടന്നു കൊള്ളണം. ജീവൻ വേണമെങ്കിൽ ഓടിക്കൊള്ളുക."

യുവതി പറഞ്ഞുതീരുന്നതിനു മുമ്പുതന്നെ ആരൊക്കെയൊ ഓടിച്ചെല്ലുന്നുണ്ടെന്നു് കാലൊച്ചയും പലർ ഒരുമിച്ചു് ഉറച്ചു സംസാരിക്കുന്നതും കേട്ടു് സൂര്യൻ മനസ്സിലാക്കി. അതുകൊണ്ടും അവൻ കുലുങ്ങിയില്ല. അവൻ യുവതിയുടെ അരയിലും തോളിലും പിടിച്ചു്, അടിയും ഇടിയും ഒന്നും കൂട്ടാക്കാതെ എടുത്തു തോളിൽ കിടത്തിക്കൊണ്ടു്, "ആരുടെ അച്ഛൻ വന്നാലും ഏതു മിന്നൽ വന്നാലും എന്റെ പെണ്ണിനെ വിട്ടിട്ടു പോകാൻ നിശ്ചയിച്ചിട്ടില്ല" എന്നു പറഞ്ഞു് ശബ്ദം കേട്ട ദിക്കിനു് എതിർ ഭാഗത്തേക്കു ഓടി. യുവതി തോളിൽ കിടന്നുകൊണ്ടു് കാലുകൾകൊണ്ടു് അവന്റെ മാറത്തു് ചവിട്ടുകയൊ ഇടിക്കയൊ ചെയ്യുന്നുണ്ടു്. ഒരു കൈകൊണ്ടു് മുടിയിൽ പിടിച്ചു വലിക്കയും മറേറ കൈ കൊണ്ടു് തലയിലും മുഖത്തും ഇടിക്കയും മുറവിളി കൂട്ടുകയും ചെയ്യുകയാണു്. സൂര്യൻ അതൊന്നും അറിയുന്നതേ ഇല്ല.

അവിടേക്കു ഓടിച്ചെന്നവർ സൂര്യനെയും യുവതിയെയും കണ്ടു. കുന്തം ചാട്ടാൻ അവരിൽ ഒരുവൻ കൈ ഓങ്ങിയപ്പോൾ അവരുടെ നേതാവും യുവതിയുടെ അച്ഛനും ജാതിത്തലവനുമായ സിംഹം പറഞ്ഞു. "കുന്തം എറിയരുതു്. കുട്ടിക്കു് അപകടം സംഭവിച്ചേക്കാം. അവനെ ഓടിച്ചു പിടച്ചാൽ മതി."

"അങ്ങിനെ ആകട്ടെ. ഞാൻ അവനെ പിടിച്ചു കൊള്ളാം." എന്നു മറുപടി പറഞ്ഞുകൊണ്ടു് കുന്തം ചാ

ണ്ടാൻ ഭാവിച്ച മല്ലൻ മുമ്പിൽ കടന്നു് കുതിച്ചുപാഞ്ഞു. പുത്രിക്കു് അനുയോജ്യനായ വരൻ എന്നു് സിംഹം തീർച്ചപ്പെടുത്തിയിരുന്ന മിന്നലായിരുന്നു അതു്.

ഇടിക്കയും തൊഴിക്കയും മുടിയിൽ പിടിച്ചു വലിക്കയും ചെയ്യുന്ന ഒരു തരുണീമണി തോളിൽ ഉണ്ടായിരുന്നിട്ടും സൂൎയ്യന്റെ ഓട്ടത്തിനു വേഗത ഒട്ടും കുറവല്ല. മിന്നൽ പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും അവനെ അടുത്തു പിടിക്കാൻ സാധിക്കുന്നില്ല.

സൂൎയ്യൻ യുവതിയെ തോളിൽ വഹിച്ചുകൊണ്ടു് ആദ്യം. മിന്നൽ രണ്ടാമതു്. സിംഹവും മററനുചരന്മാരും അവന്റെ പിമ്പിൽ. ഇങ്ങിനെയാണു് അവരുടെ പന്തയഓട്ടം. സൂൎയ്യനു് മാൎഗ്ഗതടസ്സമുണ്ടാക്കിയ ഒരു പാറക്കെട്ടുങ്കൽ വച്ചു് അവൻ വലതുവശം തിരിഞ്ഞു് ഓടി. പുറകെ ഓടുന്ന മിന്നൽ, അവന്റെ പിമ്പിൽ ഓടുന്നവരോടു വിളിച്ചുപറഞ്ഞു, "ഇനി ധൃതികൂട്ടാനൊന്നുമില്ല നമ്മുടെ കൂട്ടിൽ പെട്ടു കഴിഞ്ഞു. പിളർപ്പിന്റെ വക്കത്തുവരെയ്ക്കേ അവൻ ഓടുകയുള്ളല്ലൊ."

സൂൎയ്യന്റെ മാൎഗ്ഗത്തിൽ ഒരു വെള്ളച്ചാട്ടത്തിൽ നിന്നുൽഭവിച്ചതു മൂലം ശക്തി ആയ ഒഴുക്കുള്ള ഒരു തോടും അതു് അനേക ശതവർഷക്കാലം ഒഴുകി ഒഴുകി കുഴിച്ചു കുഴിച്ചുണ്ടാക്കിയ അഗാധമായ ഒരു പിളർപ്പും ഉണ്ടെന്നും അതിന്റെ മറുകര കടക്കാൻ അവനു് സാധിക്കയില്ലെന്നും നിശ്ചയമുണ്ടായിരുന്നതു കൊണ്ടാണു് മിന്നൽ വിളിച്ചു പറഞ്ഞതു്. അതു സൂൎയ്യൻ കേട്ടോ എന്നു നിശ്ചയമില്ല. അതാ അവർ അതിന്റെ വക്കിൽ എത്തി. ഭയങ്കര വിപത്തിന്റെ ഗൌരവം മനസ്സിലായിട്ടും സൂൎയ്യൻ കുലുങ്ങിയില്ല. ഓട്ടത്തിന്റെ ഗതിവേഗം കുറച്ചുമില്ല. മറിച്ചു് വേഗം കൂട്ടുകയാണു് ചെയ്തതു്. അവൻ ഒന്നു കുതിച്ചു. ഒന്നു ചാടി. പരുന്തുലാസുന്ന തരത്തിൽ ആ പിളർപ്പു തരണം ചെയ്തു മറുകരയിൽ!

ആ പിളർപ്പു ചാടിക്കടക്കാൻ സൂര്യൻ മുതിരുമെന്നൊ, മുതിന്നാൽ തന്നെ മറുകരയിൽ എത്തുമെന്നൊ, അവനെ അനുധാവനം ചെയ്തവരൊ, യുവതിയൊ അശേഷം പ്രതീക്ഷിച്ചിരുന്നില്ല ചാടാനാണു് ഭാവം എന്നു് മനസ്സിലായപ്പോൾ യുവതി ഒന്നു നിലവിളിച്ചു. അവളുടെ അച്ഛൻ, മഹാധീരനായ സിംഹവും നിലവിളിച്ചുപോയി. പിളർപ്പിന്റെ മറുകരയിൽ എത്തിയ ശേഷം അവനെ പിന്തുടരുന്നവർ എന്തു ചെയ്‌വാൻ പോകുന്നു എന്നു കാണാൻ സൂര്യൻ തിരിഞ്ഞു നിന്നു. യുവതിയെ തോളിൽ നിന്നിറക്കി കൈ ചുററിപിടിച്ചു് അടുക്കൽ നിറുത്തി. സിംഹവും മിന്നലും അനുചരന്മാരും പിളർപ്പിന്റെ മറുകര എത്തി. സിംഹത്തിന്റെ അനുചരന്മാരിൽ ഒരുവൻ. സൂര്യനെ ലക്ഷ്യമാക്കി കുന്തം ചാണ്ടുന്നതിനു് കൈ ഉയർത്തി. "അരുതു്. കുട്ടി. മറുകരയ്ക്കു് ചാടിക്കടക്കണം." എന്നു് സിംഹം ഗർജ്ജിച്ചു.

സൂര്യൻ ആക്ഷേപസ്വരത്തിൽ ചിരിച്ചുകൊണ്ടു് പറഞ്ഞു. "അതിനുള്ള പൌരുഷം ഇവരിലാർക്കുമില്ല."

മിന്നൽ അതിനു മറുപടിയായി "ഞാൻ ചാടിക്കടക്കും" എന്നു പറഞ്ഞെങ്കിലും ചാടാൻ ഒരുമ്പെട്ടില്ല.

"എന്നാൽ വരണം" എന്നു് ഉത്തരം കൊടുത്തശേഷം സൂര്യൻ യുവതിയുടെ കൈയിൽ പിടിച്ചുകൊണ്ടു് കാട്ടിൽ മറഞ്ഞു.

മിന്നലും അനുചരന്മാരും പിളർപ്പു ചാടിക്കടക്കാൻ തുനിയുമെന്നു് സൂര്യനു് വലിയ ഭയമില്ലായിരുന്നു. പിളർപ്പിൽ ഇറങ്ങി മറുകര എത്തുന്നതിനു് മാർഗ്ഗം ഉണ്ടൊ ഇല്ലയൊ എന്നു് നിശ്ചയമില്ല. എത്രയും വേഗത്തിൽ കിട്ടിയതുംകൊണ്ടു് കടക്കുകയാണു് സാമർത്ഥ്യം എന്നോർച്ചു് അവൻ യുവതിയെ വലിച്ചുകൊണ്ടു് ഓടി. പിന്നോട്ടു നിൽക്കാൻ നോക്കിയാൽ ഫലമില്ലെന്നു് അനുഭവംകൊണ്ടു മനസ്സിലാക്കിയ യുവതി, അവനോടൊപ്പം

ഓടാൻ ശ്രമിക്കുകയാണു്. ശ്രമം ഒട്ടൊക്കെ വിജയി ക്കുന്നുമുണ്ടു്. കുറെ സമയം ഓടിയപ്പൊഴേക്കു യുവതിയുടെ കാലുകൾ കുഴഞ്ഞുതുടങ്ങി, ഓട്ടം ഇപ്പോൾ നിറുത്തും, ഇപ്പോൾ നിറുത്തും എന്നു് പ്രതീക്ഷിച്ചു യുവതി ഓടുകയാണു്. ഒരു മലയുടെ മുകൾ ഭാഗത്തോടടുത്തു് ഒരു പാറക്കൂട്ടവും ഒരു ഗുഹയും അടുത്തു തന്നെ ഒരു അരുവിയും കണ്ടു് സൂര്യൻ ഓട്ടം നിറുത്തി.

വിശേഷവിധിയായി ഒന്നും സംഭവിച്ചിട്ടില്ലാത്ത തരത്തിലാണു് സൂര്യന്റെ ഭാവവും സംസാരവും. അവൻ പറഞ്ഞു, "ഇന്നു നമുക്കു് ഇവിടെ കൂടാം. അവരാരും ഇവിടെ വന്നു പററുമെന്നു് ഭയപ്പെടാനില്ല."

ഏതാനും മണിക്കൂർ സമയം ഓടിയതുകൊണ്ടു് യുവതിക്കു് കിതപ്പു് നന്നായിട്ടുണ്ടു്. കിതപ്പുകൊണ്ടു മാത്രമല്ല, അവളുടെ മാറിടം ഉയരുകയും താഴുകയും ചെയ്യുന്നതു്. അതു് സൂര്യൻ കണ്ടു് രസിക്കുന്നു എന്നു മനസ്സിലാകക്കൂടി ചെയ്തപ്പോൾ യുവതി കോപാന്ധയായി. "എന്നെ കട്ടുകൊണ്ടോടിയ നീ പുരുഷനാണൊ" എന്നു് അവളാൽ കഴിയുന്നത്ര പുച്ഛരസം കലർത്തി ചോദിച്ചു. അതൊ് അവളുടെ കണ്ണുകളിൽ നിന്നു് പുറപ്പെട്ടുകൊണ്ടിരുന്ന വിദ്വേഷശരങ്ങളൊ സൂര്യനെ സ്പർശിക്കയെ ചെയ്തില്ല.

സൂര്യൻ ശാന്തസ്വരത്തിൽ മറുപടി പറഞ്ഞു—"പുരുഷനാണൊ എന്നു് ഇപ്പോഴും സംശയമുണ്ടൊ. സംശയം തീർത്തു തരാമല്ലൊ" യുവതി നിന്ദ വഴിഞ്ഞൊഴുകുന്ന സ്വരത്തിൽ "പുരുഷൻ! നല്ല പുരുഷൻ! പെണ്ണിനെ കട്ടുകൊണ്ടോടുന്ന പുരുഷൻ! മിന്നലിന്റെ കൈയിൽ കിട്ടിയാൽ അവൻ നിന്നെ ഉടച്ചു പൊടിച്ചു കളയും."

സൂര്യന്നു് അപ്പോഴും ക്ഷോഭമുണ്ടായില്ല. കാര്യം മനസ്സിലാക്കാൻ കഴിവില്ലാത്ത ഒരു കൊച്ചുകുട്ടിയെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്നരീതിയിൽ അവൻ പ

റഞ്ഞു "നീ പെണ്ണായതും ഞാൻ ആണായതുംകൊണ്ടു തന്നെയാണു് നിന്നെ ഞാൻ പിടിച്ചുകൊണ്ടു പോന്നതു്. എനിക്കൊരു പെണ്ണു വേണം. നിന്നെ കണ്ടപ്പോഴെ എനിക്കു തൃപ്തിയായി. നീ തന്നെ എന്റെ പെണ്ണെന്നു് തീർച്ചപ്പെടുത്തി. ഞാൻ കൊണ്ടുപോന്നു. അതിലെന്താണു തെററു്? മിന്നൽ എന്നെ പിടിക്കും, അല്ലേ. അവൻ വരട്ടെ. നമുക്കു കാണാം. ആരാണു് പൊടിയുന്നതെന്നു്. ആ പിളർപ്പിന്റെ വക്കു വരയ്ക്കു ഗാംഭീര്യത്തോടുകൂടി ഓടിവന്നാശേഷം, രണ്ടു ചാൺ ആഴമുള്ള ഒരു കുഴി കണ്ടു് തലകറങ്ങി നിന്നുപോയവനല്ലെ അവൻ"

യുവതി:—" അപ്പനൊ മിന്നലൊ എന്നെ അന്വേഷിച്ചുവരുകയും നിന്നെ പിടികൂടുകയും ചെയ്കയില്ലെന്നാണൊ വിശ്വാസം."

സൂര്യൻ യുവതിയുടെ നിന്ദാവചനം അവഗണിച്ചു് പറഞ്ഞു. "നീ ക്ഷീണിച്ചുപോയി. ഒന്നു വരണം നമുക്കു് ഈ ഗുഹയിൽ കേറി വിശ്രമിക്കാം. രണ്ടാളും ക്ഷീണിച്ചുവല്ലൊ."

യുവതി:—"എനിക്കു മനസ്സില്ല. വേണമെങ്കിൽ ഗുഹയിൽ പോയി കിടന്നുകൊള്ളണം. ഞാൻ ഇനി ഒരടി മുമ്പോട്ടു വയ്ക്കയില്ല"

സൂര്യന്റെ മറുപടി അവളെ കൈയിൽ കോരി എടുക്കുക ആയിരുന്നു. യുവതി മുറവിളികൂട്ടി. അവന്റെ മാറിലും മുഖത്തും ഇടിക്കയും മാന്തുകയും എല്ലാം ചെയ്തു. ആരറിയുന്നു അതൊക്കെ. സ്വന്തം ശിശുവിനെ മാതാവു് വാത്സല്യപൂർവ്വം കോരി എടുത്തുകൊണ്ടു നടക്കുന്നതുപോലെ അവൻ അവളെ പിടിച്ചുകൊണ്ടു് ഗുഹയിൽ കടന്നു. സാവധാനത്തിൽ ഒരു സ്ഥലത്തു് ഇരുത്തിയ ശേഷം രണ്ടുമൂന്നടി പിമ്പോട്ടു വച്ചു് അവിടെ നിന്നുകൊണ്ടു് യുവതിയെ സൂക്ഷിച്ചുനോക്കിയിട്ടു് പറഞ്ഞു.

"എന്തൊരു സൗന്ദര്യം. നിന്നെ കിട്ടിയ ഞാൻ ഭാഗ്യവാൻ തന്നെയാണു്. നിന്റെ പേരെന്താണു്?"

അതിനു ലഭിച്ച മറുപടി! യുവതി നിലവിളിച്ചുകൊണ്ടു് ചാടി എണീററു് സൂര്യന്റെ കൈയിൽ കടിച്ചുമുറിക്കാൻ ശ്രമിക്കുകയായിരുന്നു. അവൻ ചിരിച്ചുകൊണ്ടു് അവളുടെ കൈയിൽ ബലമായി പിടിച്ചു പഴയസ്ഥാനത്തിരുത്തി. അതോടുകൂടി അവളുടെ വിഷാദാഗ്നിയുടെ ശക്തി അൽപം കുറഞ്ഞു എന്നു തോന്നുന്നു. യുവതി നിലവിളിച്ചുകൊണ്ടു് ചുരുണ്ടുകിടന്നു.

സൂര്യൻ തീയുണ്ടാക്കി. ഗുഹയുടെ മുമ്പിൽ കൂടി തത്തിക്കളിച്ചുവന്ന ഒരു കാട്ടുകോഴിയെ കുന്തം ചാണ്ടിപ്പിടിച്ചു. അതിനെ തീയിൽ ചുട്ടെടുത്തു് നല്ലൊരു കഷണം യുവതിക്കു് വച്ചു് നീട്ടിക്കൊണ്ടു പറഞ്ഞു "വരണം. അൽപം വല്ലതും തിന്നാതിരുന്നാൽ ക്ഷീണിച്ചുപോകും"

യുവതി:-"എനിക്കു് ഒന്നും തിന്നേണ്ടാ. നിന്റേതൊന്നും എനിക്കു വേണ്ടാ."

സൂര്യൻ:-"അങ്ങിനെ തു-ങ്ങരുതു്. ആൽപം തിന്നാൽ മതി. അതു കഴിഞ്ഞു് ഉറങ്ങാം. രണ്ടാൾക്കും വിശ്രമം ആവശ്യമാണല്ലോ."

യുവതി:-"എനിക്കിപ്പോൾ ഒന്നും വേണ്ട"

സൂര്യൻ:-"എന്നാൽ അൽപംകൂടി കഴിയട്ടെ. നിന്റെ പേരെന്താണെന്നു ചോദിച്ചിട്ടു പറഞ്ഞില്ലല്ലോ".

യുവതി:-"പൈങ്കിളി" എന്നാണു്. എന്നെ എപ്പോഴാണു് വിട്ടയയ്ക്കുന്നതു്."

സൂര്യൻ:-"നല്ല പേരു്. ആളിനു ചേർന്ന പേരു തന്നെ"

യുവതി:-"എന്നെ വിട്ടയയ്ക്കുന്ന കാര്യം ഒന്നും പറഞ്ഞില്ലല്ലോ.

സൂര്യൻ:-"പൈങ്കിളിയെ എനിക്കു വേണം. നീ എന്റെ പെണ്ണായിപ്പോയി. പിന്നെ വിട്ടാൽ എങ്ങി

നെയാണ്. നമുക്ക എൻെറ നാട്ടിൽ പോയി താമസിക്കാം. ഞാൻ ഒരു ജാതിത്തലവനാണ്."

ഇതിന മറുപടി ഒന്നും പറയാതെ, പൈങ്കിളി സൂര്യൻെറ അടുക്കലേക്ക നിരങ്ങി മാറുകയാണചെയ്തത്. അവൻ സന്തോഷിച്ചു. സംതൃപ്തനായി പുഞ്ചിരി തൂകി. പൈങ്കിളി സൂര്യനോട്ട അടുത്തു എങ്കിൽ അവൻെറ കുന്തങ്ങളോട്ടും അടുക്കുകയുണ്ടായി. അവൾ പെട്ടെന്നൊരു കുന്തം എടുത്തുയർത്തി സ്വന്തം മാറിലേക്ക അതിവേഗം ആഞ്ഞുകുത്തി പൈങ്കിളിയേക്കാൾ കൈവേഗം സൂര്യനുണ്ടായിരുന്നതുകൊണ്ടും അവളുടെ ഉദ്ദേശം ക്ഷണത്തിൽ മനസ്സിലാക്കിയതു കൊണ്ടും യുവതിയുടെ ശ്രമം വിഫലമായി. സൂര്യൻ പൈങ്കിളിയുടെ കൈയ്യിൽ ഒന്നുതട്ടി. കുന്തം ലക്ഷ്യം പിഴച്ച് അവളുടെ തോളിന്മുകളിൽ കൂടി കടന്നുപോയി. സൂര്യൻ കുന്തം അവളുടെ കൈയിൽ നിന്നുപിടിച്ചു വാങ്ങിയിട്ടു ശാസിച്ചു. "എന്താണു ചെയ്തത് അപകടം ഉണ്ടാകുമായിരുന്നല്ലോ."

പൈങ്കിളി:– "എനിക്ക ജീവിക്കണ്ടാ. ചത്താൽ മതി. നിങ്ങൾ എൻെറ കൈയിൽ നിന്നു വിട്ടാലുടൻ ഞാൻ ചത്തുകളയും."

സൂര്യൻ:– "അത്രയ്ക്കായൊ. എന്നാൽ ഞാൻ നിന്നെ നല്ല പാഠം പഠിപ്പിക്കാം."

അവൻ പൈങ്കിളിയെ കോരിഎടുത്തുകൊണ്ടു് ആ അരുവിയുടെ കരയിലേക്ക പോയി. അവിടെ നിന്നു് ഒരു വള്ളി പറിച്ച് അവളെ ഒരു ചെറുവൃക്ഷത്തിന്മേൽ പുറംചേർത്തു കെട്ടിനിറുത്തി. "എൻെറ പെണ്ണ് ആയിരുന്നു കൊള്ളാം, എൻെറക്കൂടെ വരാം എന്നു സമ്മതിച്ചു പറയുന്നതു വരെയ്ക്കു് ഈ നിലതന്നെ നിന്നാൽ മതി."

പൈങ്കിളി:– "എത്ര ദിവസം നിന്നാലും, ചാകുന്നതുവരെയ്ക്കു നിന്നാലും ബലംകൊണ്ടു് എന്നെ കീഴടക്കാമെന്നു വിചാരിക്കണ്ടാ. എപ്പൊഴെങ്കിലും എന്നെങ്കിലും

എന്നെ അഴിച്ചുവിട്ടാൽ അക്ഷണത്തിൽ ഞാൻ ചത്തുകളയും. നിങ്ങളുടെ പെണ്ണാകാൻ ഞാൻ തയ്യാറില്ല"

സൂര്യൻ അമ്പരന്നു. അവൻ പഠിച്ചിട്ടുള്ള തരത്തിൽ വളരെ മര്യാദയായും സ്നേഹത്തോടും വർത്തിച്ചിട്ടും ശക്തിയും അധികാരവും പ്രയോഗിച്ചിട്ടും ഒരു ഫലവുമില്ല. ഇനി എന്താണ് വേണ്ടതെന്നറിയാതെ കുഴങ്ങി. ഇണആയി അവൻ മനസ്സുകൊണ്ടു സ്വീകരിച്ച തരുണി ആത്മഹത്യ ചെയ്‌വാൻ അവന്ന് സമ്മതവുംഇല്ലായിരുന്നു. തോൽവി സമ്മതിച്ച് അവളെ സ്വതന്ത്രയാക്കി വിടുകയാണ് വേണ്ടതെന്ന് അവൻെറ പൌരുഷം സൂര്യനെ ധരിപ്പിച്ചു.

"ജാതിമര്യാദയനുസരിച്ച് നിന്നെ ഞാൻ പിടിച്ചെടുത്തു. എൻെറ ഇണയായി സന്തോഷത്തോടെ പോരുമെന്നു ഞാൻ ആശിച്ചു. എന്നാൽ പൈങ്കിളിക്ക് എന്നോടു അതിയായ വിരോധമാണ് തോന്നിയിട്ടുള്ളതെന്ന് ഇപ്പോൾ തെളിഞ്ഞു. ഞാൻ കാരണം നീ കുത്തിച്ചാകണ്ടാ" എന്നു സൂര്യൻ ദുഃഖസ്വരത്തിൽ പറഞ്ഞുകൊണ്ടു് അവളെ കെട്ടിയിരുന്ന വള്ളികൾ അഴിച്ചു കളഞ്ഞിട്ടു പറഞ്ഞു." ഞാൻ തടസ്സപ്പെടുത്തുന്നില്ല. എന്നെ കാണുമ്പോൾ തന്നെ നിനക്ക് ദേഷ്യം വരുന്നല്ലോ. പൊയ്ക്കൊള്ളണം."

സൂര്യൻെറ മഹാമനസ്കത ആ യുവതിയുടെ മനസ്സിന്നു പെട്ടെന്നൊരു മാററം വരുത്തി എന്നു തോന്നുന്നു. ഓടി രക്ഷപെടാൻ നോക്കുന്നതിന്നു പകരം അവൾ വിസ്മയവും അൽപം നിരാശയും സ്ഫുരിക്കുന്ന ശബ്ദത്തിൽ ചോദിച്ചു. "എന്നെ വേണ്ടെന്നാണൊ"

സ്ത്രീയുടെ മനസ്സിൻെറ ആഴത്തെയും അതിലെ ചുഴലികളെയും മലരികളെയും പററി യാതൊരു ഗ്രാഹ്യവും ഇല്ലാതിരുന്ന സൂര്യന്ന് ഒന്നും മനസ്സിലായില്ല. ചോദ്യത്തിൻെറ അർത്ഥമൊ ഉദ്ദേശമൊ എന്തെന്ന് മനസ്സിലാ

ക്കാൻ അവനു ശക്തിയുണ്ടായില്ല. മുഖത്തു വന്നുകേറിയ മഹാലക്ഷ്മിയെ തുത്തു മാററുന്നതുപോലുള്ള ഒരു കടും കൈ പ്രവൎത്തിക്കാൻ തീർച്ചപ്പെടുത്തുന്നതിന് അവ ൻെറ മനസ്സിൻെറയും ബുദ്ധിയുടെയും സർവ കഴിവുകളും വിനിയോഗിച്ചു. അത്രയും കഴിഞ്ഞപ്പോളാണ്. യാതൊരു എത്തും പിടിയും ഇല്ലാത്ത തരത്തിൽ അവനെ ഒററ ചോദ്യംകൊണ്ടു് പൈങ്കിളി കറക്കിയതു്. ആ ചോദ്യത്തിനുത്തരം കൊടുക്കാൻ അവനറിഞ്ഞുകൂടാ. പൈങ്കിളിയുടെ ഉദ്ദേശം എന്താണെന്നു ഊഹിക്കുന്നതിനുപോലും സാധുവിന് ശക്തിയില്ല. എന്തുചെയ്യണം. എന്തു പറയണം എന്നറിയാതെ സൂൎയ്യൻ യുവതിയുടെ കണ്ണിലേക്കു നോക്കി. കാമദേവനെ താഴ്ത്തിക്കൊല്ലുന്നതിനു പററിയ ഭംഗിയേറിയ രണ്ടു കുളങ്ങൾ! അവയിൽ പ്രതിഫലിച്ചു കാണുന്നതെന്താണ്? നോട്ടം മാററാത്ത പക്ഷം ഭ്രാന്തു പിടിക്കുകയൊ, ആത്മഹത്യ ചെയ്'വാൻ നിർബന്ധിതനാകയൊ ചെയ്യുമെന്ന് ഭയംതോന്നി. സൂൎയ്യൻ ദൃഷ്ടി കീഴ്പോട്ടു മാററി. വറചട്ടിയിൽ നിന്നു് അടുപ്പിലേക്ക്! തൊണ്ടിപ്പഴത്തിൻെറ നിറത്തെ ലജ്ജിപ്പിക്കുന്ന രണ്ടു് അധരങ്ങൾ. "ഞങ്ങൾ എത്രകാലം ഒരുങ്ങി ഇരിക്കുന്നു. ആവശ്യക്കാർ ആരുമില്ലയൊ, നീ ഒരു ആണാണൊ" എന്നു് അവ ചോദിക്കുന്നതുപോലെ തോന്നി സൂൎയ്യന്. അവന് സ്ഥലജലനിശ്ചയമില്ലാതായി രണ്ടും ഉറച്ചു് പൈങ്കിളിയെ കോരി വാരിപ്പിടിച്ചു ഒന്നങ്ങു ചുംബിച്ചു. ഒന്നുകൂടി ചുംബിച്ചു. അവളുടെ അധരങ്ങൾ നിർജ്ജീവങ്ങൾ അല്ലെന്നു് അവയിൽ നിന്നു പുറപ്പെട്ടു് അവൻെറ ഉള്ളംകാലുമുതൽ നെറുക വരെ പാഞ്ഞു് കോരിത്തരിപ്പുണ്ടാക്കിയ കാന്തശക്തി, ആ യുവാവിനെ പഠിപ്പിച്ചു. ഒരു നിമിഷംകൊണ്ടു് തീൎന്ന നൂറു ചുംബനങ്ങൾ, ഒരുനൂറു ചുംബനത്തിൻെറ നീളമുള്ള ഒററ ചുംബനം. എവിടെ എന്തു സംഭവിക്കുന്നു

ഏന്നൊരു നിശ്ചയവുമില്ല സൂര്യന്. ക്ഷോഭവികാരിയുടെ ആധിക്യംകൊണ്ടു് അവൻ പിടിവിട്ടു് ഓടി. അല്ല അനുഭവപ്പെട്ട പരമാനന്ദം അയവിറക്കാൻ ഏകാന്തത ആവശ്യമാണെന്നു തോന്നിയതുകൊണ്ടായിരിക്കാം, സൂര്യൻ പൈങ്കിളിയെ കൈവിട്ടു് കാനന മദ്ധ്യത്തിലേക്കു് ഓടി. വികാരത്തിൻെറ ഉഗ്രത ഓരോരുത്തരിൽ ഓരോ തരത്തിലാണല്ലൊ പ്രവർത്തിക്കുന്നതു്. സ്വജനങ്ങളിൽ നിന്നും ബലം പ്രയോഗിച്ചു വേർപെടുത്തിയവൻെറ സാന്നിദ്ധ്യം അസഹ്യമായി തോന്നിയതുകൊണ്ടു് ആത്മഹത്യക്കു തയ്യാറായ യുവതിയെ ആശ്ലേഷിച്ചതു് പൌരുഷത്തിനു ചേർന്നതല്ലെന്നു് സൂര്യനു തോന്നിത്തുടങ്ങി. അതേസമയം തന്നെ അവളെ കാണണം, വാരിക്കോരി കൈയിൽ എടുത്തു വീണ്ടും വീണ്ടും നിറുത്താതെ ചുംബിക്കണം എന്നുള്ള ആഗ്രഹത്തിൻെറ ശക്തി അതികഠിനമാകയും ചെയ്യുന്നു. എന്താണു് ചെയ്യേണ്ടതെന്നറിയാതെ, എന്താണു വേണ്ടതെന്നു്. ആലോചിച്ചാലോചിച്ചു് അവൻ ഒരു കാട്ടിൽക്കൂടി ഓടുകയാണു്.

## അദ്ധ്യായം 6

അപ്രതീക്ഷിതമായ അത്യാനന്ദാനുഭവം കഴിഞ്ഞതയുടൻ ഉണ്ടായ വേർപാടു സൂര്യനു് അതിയായ കുണ്ഠിതത്തിനു കാരണമായി. ക്രൂര മൃഗങ്ങളുടെയും ശത്രുക്കളുടെയും കേളീരംഗത്തിലാണു് അവൻ എന്നുള്ള വസ്തുത സൂര്യൻ മറന്നു. പിൻ ഭാഗത്തു കാട്ടിൽ ഒരു ചലനം. ആരാണു് എന്താണു് എന്നറിവാൻ പെട്ടെന്നു് തിരിഞ്ഞു നോക്കി. തിരിഞ്ഞു വരുന്നതിനു മുമ്പു തന്നെ ഒരു മരമൊ

കരിങ്കൽ പാറയൊ ദേഹത്തു വന്നടിച്ചതു പോലെ തോന്നി. അവൻ ശത്രുവിനെ കടന്നുപിടിച്ചു. ആൎക്കും ആയുധം പ്രയോഗിക്കാൻ അവസരം ലഭിക്കാത്തവിധം അടുത്തു കൂടിയാണു് പിടിനടക്കുന്നതു്. ഇരുവരും, അപരനെ ഞെരിച്ചുടച്ചു് എല്ലുകൾ ഭസ്മമാക്കാൻ നോക്കി. പററുന്നില്ലെന്നു കണ്ടപ്പോൾ നിലത്തടിക്കാനുള്ള ശ്രമം ആരംഭിച്ചു. രണ്ടാളും ഒരുമിച്ചു വീണു. അവിടെ കിടന്നു കൊണ്ടായി പിടി. ആൎക്കുമാക്കും വിജയം സിദ്ധിച്ചില്ല. ഒരു നിമിഷം ഒരാൾ മുകളിൽ വന്നാൽ അടുത്ത നിമിഷം അപരൻ ആ സ്ഥാനത്താകും. തൻെറ പ്രതിയോഗി നല്ലൊരു മല്ലനാണെന്നല്ലാതെ, അവനാരാണെന്നു സൂൎയ്യനു് ഒരു തുമ്പുമില്ല. പിടിച്ചു പിടിച്ചു്, ആ മല്ലൻ ഒരു പ്രാവശ്യം മുകളിൽ വന്നു. അവൻ ഒരു കുന്തം എവിടെ നിന്നൊ കൈക്കലാക്കി സൂൎയ്യൻെറ മാൎവിൽ തറച്ചു താഴ്ത്താൻ കൈ ഉയൎത്തി. അപ്പോൾ ആരൊ, "അരുതു്, മിന്നൽ, കുത്തരുതു്, കൊല്ലരുതു്, പൈങ്കിളിയെ അവൻ എന്തുചെയ്തു എന്നറിഞ്ഞിട്ടാകാം" എന്നു വിലക്കി. കുന്തമേന്തി ഉയൎന്ന കൈ താണു. ആജ്ഞ നൽകിയ ആളും അടുത്തെത്തി. അവൻ സൂൎയ്യൻെറ കൈകൾ ബന്ധിച്ചു.

രണ്ടാമതായി വന്നയാൾ ഗൎജ്ജിച്ചു—"പൈങ്കിളി എവിടെ. ജീവൻ വേണമെങ്കിൽ സത്യം പറഞ്ഞു കൊള്ളണം."

"മിന്നൽ" എന്നു് പേർ വിളിച്ചു കല്പന നൽകിയപ്പോൾ ആ ആൾ പൈങ്കിളിയുടെ അച്ഛൻ സിംഹവും അപരൻ അവളുടെ കാമുകനും ആണെന്നു സൂൎയ്യൻ മനസ്സിലാക്കി.

സിംഹത്തിൻെറ ചോദ്യത്തിനു് സൂൎയ്യൻ മറുപടി പറഞ്ഞു. "പൈങ്കിളി എവിടെ ആണെന്നു് എനിക്കു് അറിഞ്ഞുകൂടാ. ഞാൻ അവളെ സ്വതന്ത്രയായി വിട്ടിട്ടു്

പോന്നു."

സൂൎയ്യൻ പറയുന്നതു് വെറും കള്ളമാണെന്നാണു് സിംഹം വിചാരിച്ചതു്. "അയാൾ കോപാന്ധനായി. "നീ പറഞ്ഞതു് പച്ചക്കള്ളമാണു്. എവിടയൊ പിടിച്ചു കെട്ടി ഇട്ടിരിക്കയാണു് സംശയമില്ല. എവിടെയാണെന്നു് പറയാത്തപക്ഷം ഇക്ഷണം നിന്റെ കഥ ഞാൻ കഴിക്കും."

തന്റെ കാമുകിയെ തട്ടി കൊണ്ടുപോകാൻ വന്നവന്റെ കഥ കഴിക്കാൻ ഇതു തന്നെ അവസരം എന്നുറച്ചു്, സൂൎയ്യനെ കുത്തി ഭൂമിയിൽ തറയ്ക്കുന്നതിനു് കുന്തവും ഉയൎത്തിക്കൊണ്ടു് അടുത്തു മിന്നൽ. പുത്രിയെ തട്ടിക്കൊണ്ടു പോയവനെ കൊല്ലുന്നതിൽ ആവശ്യം അവളെവിടെ എന്നു് അറിഞ്ഞു വീണ്ടെടുക്കയാണന്നു വച്ചു് സിംഹം മിന്നലിനെ തടഞ്ഞു.

സിംഹം പറഞ്ഞു:—"രാത്രി ആകുന്നല്ലൊ. ഇവിടെ തന്നെ വിശ്രമിക്കാം. ഈ ദ്രോഹിക്കു് ആലോചനയ്ക്കു സമയവും കിട്ടട്ടെ. നേരം വെളുക്കുമ്പോഴും നാം ആവശ്യപ്പെടുന്ന വിവരങ്ങൾ തരാതിരിക്കയാണെങ്കിൽ വായിൽ തീക്കനൽ നിറച്ചു് ഇവനെ ശരിപ്പെടുത്താം. അതാണു് ഉത്തമം. അതുകൊണ്ടു് ഇപ്പോൾ ക്ഷമിക്കുക."

രാത്രി കഴിക്കാൻ പററിയ ഒരു സ്ഥാനം കണ്ടു പിടിക്കാൻ അവൎക്കു പ്രയാസം വന്നില്ല. കല്ലുരച്ചു് തീ കത്തിച്ചു് ഒരു ആഴി ഉണ്ടാക്കി കൈവശമുണ്ടായിരുന്ന ഉണങ്ങിയ മാംസം ചുട്ടു് രണ്ടാളും തിന്നു. കൈകൾ ബന്ധിക്കപ്പെട്ടിരുന്ന സൂൎയ്യനെ ഒരു മരത്തിന്റെ വേരിൽ കെട്ടിയിട്ടു. സിംഹവും മിന്നലും, ശത്രുഭയമില്ലാതിരുന്നതുകൊണ്ടു്. ഉറക്കവും ആയി.

പൈങ്കിളിയെ തന്നെ ഓൎത്തു് ഓൎത്തു കിടന്നസൂൎയ്യൻ ശാരീരികമായും മാനസികമായും ക്ലേശങ്ങൾ ധാരാളമ

ണ്ടായിരുന്നിട്ടും മയങ്ങിപ്പോയി. ചരിഞ്ഞാണു് അവൻ കിടന്നിരുന്നതു്. അതുകൊണ്ടു് ആരൊ വളരെ സൂക്ഷിച്ചും സാവധാനത്തിലും വച്ച കാൽ പാദങ്ങൾ ഭൂമിയിൽ സ്പർശിച്ചപ്പോൾ ഉണ്ടായ നേരിയ ശബ്ദം അവൻെറ കാതിൽ കടന്നു. സൂര്യൻ പെട്ടെന്നു ജാഗ്രതാവസ്ഥയിൽ എത്തി. അവൻ ദേഹം അനക്കി ശബ്ദമുണ്ടാക്കാതെ തല തിരിച്ചു നോക്കി. ആരൊ അവിടെ ചെന്നിട്ടുണ്ടു്. അപ്പോൾ, ചാരം കൊണ്ടു് മൂടിക്കിടന്ന തീയിൽ ഒരു കരിയില വീണു കത്തി. ഒരു സ്ത്രീയാണു്, പൈങ്കിളിയാണു്. സിംഹവും മിന്നലും ഒന്നും അറിഞ്ഞില്ല. പൈങ്കിളി അപ്പനെയും മിന്നലിനെയും കുനിഞ്ഞു നോക്കി. പിന്നെ മിന്നലിൻെറ ഒരു കുന്തവും എടുത്തുകൊണ്ടു് യുവതി സൂര്യൻെറ അടുക്കലേക്കു അടുക്കുന്നതായിട്ടാണു്, നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ കണ്ടതു്. ഒരു സ്ത്രീയുടെ കൈയാൽ, താൻ ഇണ ആയി ഗണിച്ചു് പിടിച്ചെടുത്ത യുവതിയുടെ കൈയാൽ മരിക്കേണ്ടതായിട്ടാണല്ലൊ വരുന്നതു് എന്നു് സൂര്യൻ ഓർത്തു. അവൾ അവൻെറ അടുത്തു് എത്തി. കുനിഞ്ഞു് ഇടതു കൈകൊണ്ടു് അവൻെറ മാറിൽ തപ്പി. ഹൃദയസ്ഥാനം കണ്ടുപിടിച്ചു ഉടൻ കുന്തം ഉയർത്തി. കഥ കഴിഞ്ഞു എന്നു് സൂര്യൻ ഉറച്ചു. അവൻ ഹൃദയം കൊണ്ടു് വരിച്ച യുവതിയാണല്ലൊ യാത്ര ആക്കുന്നതു്, ശത്രു അല്ലല്ലൊ എന്നൊരു സമാധാനവും ആ സമയത്തു തോന്നി.

രണ്ടുനാലു നിമിഷം കഴിഞ്ഞു. കുന്തം ഹൃദയസ്ഥാനത്തു തറച്ചു കേറുന്നില്ല. അവൾ എന്തു ചെയ്കയാണു്? അവൻെറ കൈയിലെ കെട്ടു അയയുന്നു, അത്ഭുതം! സൂര്യൻ കൈകൾ അനക്കിയപ്പോൾ സ്വാതന്ത്ര്യമായി. അവൻ ചാടി എണീററു. തൊട്ടുതന്നെ നിന്നിരുന്ന പൈങ്കിളി, ശബ്ദം ഉണ്ടാക്കരുതു് സിംഹവും മിന്നലും ഉണരും സൂക്ഷിക്കണം എന്നു് ആംഗ്യം കൊണ്ടു് ധരിപ്പിച്ചു.

അവൾ ഓരോ ചുവടും സൂക്ഷിച്ചു എടുത്തു് എടുത്തു വച്ചു നടന്നു. സൂര്യൻ അവളെ അനുഗമിച്ചു. പൈങ്കിളി ഒരു ചെടിയിൽ അല്പമൊന്നു മുട്ടി. അതിന്മേൽ ചേക്കിരുന്ന പക്ഷി ഭയന്നു ശബ്ദമുണ്ടാക്കിക്കൊണ്ടു പറന്നു. പൈങ്കിളിയും സൂര്യനും മലഞ്ചെരിവിലേക്കു് ഓട്ടമായി. പക്ഷിയുണ്ടാക്കിയ ശബ്ദം കേട്ടുണൎന്ന മിന്നൽ, മിന്നൽ പിണർവേഗത്തിൽ അവൻെറ വൈരിയുടെപുറകെഓടി. ഓടി രക്ഷ പെടുക എളുപ്പമല്ലെന്നു കാണുകയാൽ സൂര്യൻ തിരിഞ്ഞുനിന്നു. രണ്ടാളും അങ്ങോട്ടുമിങ്ങോട്ടും കടന്നു പിടിച്ചു. രണ്ടാളും ഒരുമിച്ചുവീണു. മലഞ്ചെരിവിൽ കൂടി കീഴ്പോട്ടു് ഉരുണ്ടു. പൈങ്കിളി ഓടി. അവൾ അടിവാരത്തിൽ എത്തിയപ്പോഴേക്കു് യുവാക്കന്മാർ ഒരുമിച്ചു് ഉരുണ്ടു് ഉരുണ്ടു് അവളുടെ സമീപത്തു ചെന്നു ഒരു കല്ലിന്മേൽ അടിച്ചു. അതോടു കൂടി രണ്ടു പേരുടെയും പിടിവിട്ടു. രണ്ടാളും ചാടി എണീററു. പിന്നെയും അടുത്തു പിടിച്ചു. മിന്നലിൻെറ പിടിയുടെ ശക്തി ക്ഷണത്തിൽ നശിച്ചു. അവൻെറ കൈകൾ ദുർബലങ്ങളായി. അവൻ മറിഞ്ഞു വീഴുന്നു എന്നു തോന്നിയപ്പോൾ സൂര്യൻ പിടിവിട്ടു. മിന്നലിൻെറ പുറത്തു് ഒരു കുന്തം തറച്ചു നിൽക്കുന്നു! അടുത്തു നിന്നിരുന്ന പൈങ്കിളി സൂര്യനോടു പറഞ്ഞു:–"യുദ്ധത്തിൽ നിങ്ങൾ ജയിക്കുമെന്നെനിക്കറിയാമായിരുന്നു. എങ്കിലും എന്നാൽ കഴിയുന്ന സഹായം ചെയ്യാമെന്നു വച്ചതാണു്."

സിംഹത്തിൻെറ ശബ്ദം മലയുടെ മുകളിൽ കേൾക്കുന്നു. അയാളും സൂര്യനെയും മിന്നലിനെയും അന്വേഷിച്ചു പുറപ്പെട്ടിരിക്കയാണെന്നു മനസ്സിലാക്കി സൂര്യൻ ഒരു കുന്തം കൈയിൽ എടുത്തു. അതുകണ്ടിട്ടു് പൈങ്കിളി പറഞ്ഞു:–"വേണ്ടാ. അതെൻെറ അച്ഛനാണു്. നമുക്കു് ഓടിപ്പോകാം."

തലെന്നാൾ തമ്മിൽ പിരിഞ്ഞ ഗുഹയിലേക്കാ

ണ് അവർ ഓടിയതു്. പ്രകാശമാകുന്നതിനു മുമ്പു തന്നെ അവിടെ എത്തി. സൂര്യൻ തീ ഉണ്ടാക്കി ആഴികൂട്ടി. ആഴിയുടെ മുമ്പിൽ സൂര്യന്റെ സമീപം വന്നിരുന്നു പൈങ്കിളി.

സൂര്യൻ ഉടൻ തന്നെ ചോദിച്ചു:—"നീ എന്തിനാണ് എന്നെ അന്വേഷിച്ചു വന്നതു്. എന്നോടു വലിയ ശത്രുത ആണെന്നാണല്ലോ ഞാൻ മനസ്സിലാക്കിയിരുന്നതു്."

മിന്നലിന്റെ പുറത്തു് കുന്തം കുത്തിയിറക്കുന്നതിനു യാതൊരു മടിയും ശങ്കയും തോന്നാഞ്ഞ യുവതി ലജ്ജിതയായി! അവൾ നമ്രശിരസ്ക ആയിട്ടാണു് മറുപടി പറഞ്ഞതു്. "ഞാനും അങ്ങിനെയാണു് ഓർത്തു. നിങ്ങൾ പോകുന്നതിനു മുമ്പ്.....ഹാ എന്തൊരാനന്ദമായിരുന്നു......" പറഞ്ഞതു് പൂർത്തി ആകുന്നതിനു മുമ്പു തന്നെ തലെന്നാളത്തെ ചുംബന മത്സരം ഒന്നുകൂടി നടന്നവിടെ.

അവർ ഏതാനും ദിവസത്തെ മധു വിധു ആഘോഷിച്ചു. അതു കഴിഞ്ഞപ്പോൾ സൂര്യൻ പറഞ്ഞു:—"നാളെ അതി രാവിലെ എന്റെ നാട്ടിലേക്കു പുറപ്പെടണം നമുക്കു്. എന്റെ അനുജൻ പുലിയും അനുജത്തി പ്രാവും ഞാൻ ഏതു വഴിക്കുപോയി എന്നോർത്തു നോക്കിയിരിക്കയായിരിക്കും. നിന്നെയും കൊണ്ടു അവിടെ എത്തുമ്പോൾ അവക്കു വലിയ സന്തോഷമാകും. നിനക്കു അവരെ ഇഷ്ടമാകുമെന്നുള്ളതിൽ സംശയമില്ല......"

അവളുടെ പ്രാണപ്രിയന്റെ മുഖത്തുതന്നെ നോക്കിക്കൊണ്ടിരുന്ന പൈങ്കിളി, ആ മുഖത്തെ കാർമേഘം ആവരണം ചെയ്യുന്നതു കണ്ടു് ചോദിച്ചു. "എന്താണു് പെട്ടെന്നൊരു ഭാവപ്പകർച്ച ഉണ്ടായതു്."

സൂര്യൻ:—"ഒന്നു മില്ല."

പൈങ്കിളി:—"അനുജന്റെയും അനുജത്തിയുടെയും

കാര്യം വളരെ ഉത്സാഹമായും സന്തോഷമായും എന്നോടു പറഞ്ഞു കൊണ്ടിരുന്നതിന്നിടയിലാണല്ലൊ മാററം ഉണ്ടായതു്. ഒന്നുമില്ലെന്നു പറഞ്ഞാൽ ഞാൻ സമ്മതിക്കുമൊ. ആ മുഖത്തു സന്താപചിഹ്നമായ പ്രത്യക്ഷമായാൽ എനിക്കു മനസ്സിലാകയില്ലെന്നാണൊ ധരിച്ചിരിക്കുന്നതു്. കൊള്ളാം.!"

സൂൎയ്യൻ:-"എൻെറ നാട്ടിൽ കുറെനാളായി ഒരു വക, ഒരുക്കൂട്ടം, സത്വങ്ങൾ വന്നുകൂടിയിട്ടുണ്ടു്. അവർ ശല്യക്കാരാണു്. അവരെപ്പററിയുള്ള ഓൎമ്മ മനസ്സിൽ വന്നപ്പോൾ മുഖത്തു ഭാവപ്പകർച്ച ഉണ്ടായതായിരിക്കാം.

പൈങ്കിളി.-"സത്വങ്ങളൊ. അതെന്താണു്."

സൂൎയ്യൻ:-"എന്താണെന്നു് എനിക്കും നിശ്ചയമില്ല. മനുഷ്യരല്ല. മൃഗവുമല്ല."

പൈങ്കിളി:-"പറന്നു നടക്കുന്നവയാണൊ. പക്ഷികളാണൊ."

സൂൎയ്യൻ:-"പറന്നു നടക്കുന്നവയല്ല."

പൈങ്കിളി:-"എന്നാൽ എന്തെങ്കിലും മൃഗങ്ങളായിരിക്കും."

സൂൎയ്യൻ:-"ഒരു തരത്തിൽ പറഞ്ഞാൽ മൃഗങ്ങൾ തന്നെയാണു്. എന്തൊരു മുഖം ആണെന്നറിഞ്ഞൊ. അടുത്തെങ്ങാൻ ചെന്നാൽ മൂക്കിൻെറ പാലം തട്ടിപ്പോകും. രണ്ടു കാലിലാണു് നടക്കുന്നതു്."

പൈങ്കിളി:-"എന്നാൽ കുരങ്ങായിരിക്കും. കുരങ്ങു രണ്ടു കാലിൽ നടക്കുന്നതു് കണ്ടിട്ടില്ലെ."

സൂൎയ്യൻ:-"കുരങ്ങു മല്ല. എന്നാൽ അവയോടു പലതിലും സാമ്യം ഉണ്ടു്. അതുപോലെ തന്നെ മനുഷ്യനോടും ഉണ്ടു് വളരെ സാമ്യം."

പൈങ്കിളി:-"കുരങ്ങിനും മനുഷ്യനും ഇടയ്ക്കുള്ള ജന്തു വായിരിക്കും."

സൂൎയ്യൻ:-"അങ്ങിനെയാണു് എനിക്കും തോന്നി

യിട്ടുള്ളതു്. കുരഷ്യർ എന്നാണു് ഞങ്ങൾ പറയുന്നതു്. കൊച്ചുനിയൻ കുരഷ്യർ എന്നു പേർ കൊടുത്തു. അതു പാററിയ പേരാണെന്നു തോന്നുന്നുണ്ടു്. ഏതായാലും വല്ലാത്ത ശല്യമാണെന്നു് പറഞ്ഞാൽ മതിയല്ലൊ."

പൈങ്കിളി:–"അവരെ എല്ലാം അടിച്ചു് ഓടിക്കരുതോ?"

സൂര്യൻ:–"അതു് എളുപ്പമുള്ള കാര്യമല്ല. ഒരു മനുഷ്യനെ കൈയിൽ എടുത്തു് ഉണക്ക കമ്പു പോലെ ഒടിക്കാൻ കരുത്തുണ്ടു് അവയ്ക്കു്."

പൈങ്കിളി:–"എന്നാൽ അവ നമ്മുടെ കഥ കഴിക്കുമൊ?"

സൂര്യൻ :–"എണ്ണവും വണ്ണവും അവക്കു് അധികം. എന്നാൽ ആയുധങ്ങളൊന്നുമില്ല. അവ ഉണ്ടാക്കാനും ഉപയോഗിക്കുവാനും അറിഞ്ഞു കൂടാ. അതും കൂടി ഉണ്ടായിരുന്നു എങ്കിൽ അവരോടു പൊരുതു നിൽക്കാൻ മനുഷ്യനു സാധിക്കയില്ലായിരുന്നു."

പൈങ്കിളി:–"കാര്യങ്ങൾ പറഞ്ഞു തീർക്കാൻ പാടില്ലെ."

സൂര്യൻ:–"നമ്മൾ പറയുന്നതു പോലെ വർത്തമാനം പറയുകയില്ല. ഏതാണ്ടൊരു മുരമ്മലൊ മുക്കലൊ മാത്രമെയുള്ളൂ. പിന്നെങ്ങിനെയാണു് കാര്യങ്ങൾ പറഞ്ഞു തീർക്കുന്നതു്. അതു തന്നെയല്ല മനുഷ്യനെ കണ്ടാൽ അക്ഷണം കാട്ടുകേറുകയും ചെയ്യും. വംശത്തെ നശിപ്പിക്കാമൊ എന്നു നോക്കയെ മാർഗ്ഗമുള്ളൂ."

പൈങ്കിളി:–"ഒട്ടധികമുണ്ടെങ്കിൽ അതു് അത്ര എളുപ്പമല്ലായിരിക്കുമല്ലോ."

സൂര്യനും പൈങ്കിളിയും പുറപ്പെട്ടു നാട്ടിലേക്കു്. ആ യാത്രയും ഒരു മധുവിധു തന്നെ ആയിരുന്നു. നടക്കണം എന്നു തോന്നുമ്പോൾ നടക്കുക. വിശ്രമിക്കണമെന്നു തോന്നുമ്പോൾ വിശ്രമിക്കുക. ആഹാരത്തിനു് സൂ

ര്യന്റെ കുന്തവും വില്ലും കൈവശമുള്ളപ്പോൾ പ്രയാസം ഇല്ല. വന്യമൃഗങ്ങൾ അടുത്തെങ്ങാനുമുണ്ടെങ്കിൽ സൂര്യ നറിയാം. അവന്റെ മൂക്ക് അറിയിച്ചുകൊടുക്കും.

അവരുടെ ഉല്ലാസയാത്ര അവസാനിക്കാറായി എന്നും പിററന്നാൾ നാട്ടിൽ എത്താമെന്നും സൂര്യൻ ഒരു ദിവസം രാവിലെ പൈങ്കിളിയോടു പറഞ്ഞു. കുരഷ്യർ ഉള്ള പ്രദേശത്തൊടടുക്കുന്നതു കൊണ്ടു് പ്രത്യേകം സൂക്ഷിക്കണമെന്നും ധരിപ്പിച്ചു. അന്നു വൈകുന്നേരം സ്വന്ത നാട്ട് ദൂരത്തിൽ കാണാവുന്ന ഒരു മലമുകളിൽ എത്തി അവർ. സൂര്യൻ അവന്റെ ആസ്ഥാനമായ ഗ്രഹ ചക്ര വാളത്തിൽ ഏതു ഭാഗത്താണെന്നു ചൂണ്ടികാണിച്ചു കൊണ്ടിരിക്കുമ്പോൾ, അവനെ ആരൊ നോക്കുന്നു എന്നു സംശയം തോന്നി. പെട്ടെന്നു തിരിഞ്ഞപ്പോൾ ഒരു കുരഷ്യൻ ദൂരത്തിൽ ഒരു പാറക്കെട്ടിന്റെ മുകളിൽ നിൽക്കുന്നു. സൂര്യൻ കാണാതെ ഒളിക്കണമെന്നു് അതിനുണ്ടായിരുന്നു എങ്കിലും ആ ജന്തു വലിഞ്ഞു മറയുന്നതിനു മുമ്പു് പൈങ്കിളിക്കു് ആ സത്വത്തെ കാണിച്ചു കൊടുക്കുന്നതിനുപോലും സൂര്യനു സാധിച്ചു:

പൈങ്കിളി സൂര്യന്റെ മുഖത്തേക്കു നോക്കിക്കൊണ്ടു് പുഞ്ചിരി തൂകി എങ്കിലും അവളുടെ മുഖത്തു് ഭയത്തിന്റെ ലക്ഷണങ്ങൾ അവൻ കണ്ടു. അവളെ സമാധാനപ്പെടുത്തുന്നതിനു കൈയിൽ പിടിച്ചും കൊണ്ടു പറഞ്ഞു "കുരഷ്യർ ഭയങ്കര സത്വങ്ങളാണെങ്കിലും നാം സൂക്ഷ്മതയോടുകൂടിയിരുന്നാൽ അപകടം കൂടാതെ കഴിക്കാം. ഒരിക്കലും ഒരു സംഗതിവശാലും എന്തെങ്കിലും ഒരു ആയുധം കൂടാതെ ഇടം വലം തിരിയരുതു്. കുടിയിൽ നിന്നു് ഒരിക്കലും തനിയെ പുറത്തു പോകരുതു്."

ശത്രുവിന്റെ മുമ്പിൽ ആക്രമണസമയത്തു് കരിങ്കൽ പാറപോലെ ഇളകാതെ ഉറച്ചു നിന്നു കണ്ടിട്ടുള്ള തന്റെ പുരുഷൻ ഒരു ശത്രുവിനെപ്പററി ഇങ്ങനെ

സംസാരിക്കണമെങ്കിൽ ആ ശത്രുഭയങ്കരൻ തന്നെ ആയിരിക്കണം. അതുകൊണ്ടു് പുരുഷൻെറ നിർദ്ദേശം അപ്പടിയെ അനുസരിക്കേണ്ടതാണു് എന്നു് പൈങ്കിളിക്കു മനസ്സിലായി.

## അദ്ധ്യായം 7

പൈങ്കിളിയും സൂര്യനും കുടിയിൽ മടങ്ങി എത്തി. "ഇതു് എൻെറ പെണ്ണാണു്, പൈങ്കിളി," എന്നു് പരിചയപ്പെടുത്തിയപ്പോൾ എല്ലാം പൂത്തിയായി, എല്ലാവക്കും അറിയേണ്ട വിവരങ്ങൾ എല്ലാം ലഭിച്ചു എന്നാണു് സൂര്യൻെറ ഭാവം. സഹോദരന്മാരും സഹോദരിയും ദമ്പതികളെ സ്വീകരിച്ച രീതിയും മററും ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. സൂര്യനും പൈങ്കിളിയും ചെന്ന സമയം പുലി അവിടെ ഉണ്ടായിരുന്നില്ല. അധികതാമസം കൂടാതെ വേട്ടയാടി കിട്ടിയ ഒരു മല ആടിനെയും കൊണ്ടു് പുലി മടങ്ങിഎത്തി. വധുവും വരനും കുടുംബാംഗങ്ങളും ആഹാരം കഴിച്ചു കഴിഞ്ഞപ്പോൾ പ്രാവു് "മൈനാ" എന്നു വിളിക്കുന്നതുകേട്ടു് സൂര്യൻ തിരിഞ്ഞുനോക്കി. ഗുഹയുടെ ഒരു ഭാഗത്തു നിന്നു് ഒരു യുവതി പ്രാവിൻെറ അടുക്കലേക്കു ചെല്ലുന്നു.

സൂര്യൻ ചോദിച്ചു:—"അതാരാണു്. അവൾ എങ്ങിനെ ഇവിടെ വന്നു"

പുലി:—"ചേട്ടൻ യാത്രപുറപ്പെട്ടു രണ്ടു ദിവസം കഴിഞ്ഞു് ഞാൻ ഒരുപുള്ളിമാൻെറ പുറകെക്കൂടി. രണ്ടുമൂന്നു മലകൾ കടന്നു. അതു ഒരു പാറയിൽകേറി. മറുവശത്തു് എന്തോ കണ്ടു് ഭയപ്പെട്ടു് അതിവേഗം ഒരു വശത്തേക്കു ഓടിപൊയ്ക്കളഞ്ഞു. മാൻ കണ്ടതെന്താണെന്നു

റിവാൻ ഞാൻ നോക്കിയപ്പോൾ നാല് ആളുകൾ വരു ന്നു. രണ്ടു സ്ത്രീകളും രണ്ടു പുരുഷന്മാരും. അവർ വരുന്ന വഴിയിൽ ഒരു കാട്ടിന് മറഞ്ഞ് അഞ്ച് കുരഷ്യർ പതു ങ്ങി ഇരിക്കുന്നതും ഞാൻ കണ്ടു. ആ നാലാളുകളിൽ ആ ദ്യംവന്ന പുരുഷനെ ആ കുരഷ്യർ രണ്ടും കൂടി പിടിച്ചു. പുറകെവന്ന സ്ത്രീയും പുരുഷനും ഓടി. കുരഷ്യരും ഓടി. ഞാൻ പതിങ്ങുന്നതിന് മിക്കവാറും നേരെതാഴത്ത് എ ത്തി എല്ലാവരും. അവർഎന്റെ കൺമുമ്പിൽ വച്ചു പിടിക്കാൻ നോക്കിയ യുവതിയാണ് മൈനാ. അവ ളുടെ അച്ഛൻ പൂവനായിരുന്നു കൂടെയുണ്ടായിരുന്ന പു രുഷൻ. അഞ്ചു ഭയങ്കരന്മാരായ കുരഷ്യർ മുരുമ്മികൊണ്ടു അടുത്തിട്ടും പൂവൻ കുലുങ്ങിയില്ല. അയാളുടെ പി മ്പിൽ മൈനായും ഉറച്ചുനിന്നു. ഏററം മുമ്പിൽ വന്ന കുരഷ്യന്റെ ചങ്കിൽ പൂവനെറിഞ്ഞ കുന്തം തറച്ചുകേറി. രണ്ടാമൻ മൈനായോടു അടുക്കുകയാണ്. അവൾ ത ക്കംനോക്കി കുന്തം ചാണ്ടി. അവനും തുലഞ്ഞു. എ ന്റെ കുന്തം ഒരുവന്റെ രക്തം കുടിച്ചു. ബാക്കി രണ്ടു കു രഷ്യർ മുമ്പോട്ടു അടുക്കയാണെന്നു കണ്ടപ്പോൾ ഞാൻ ഒ രു വലിയ അലറലോടുകൂടി പാറവഴി കീഴ്പോട്ടു ഓടി. ഓടിയപ്പോൾ ഞാൻ തട്ടിമറിച്ചുകല്ലുകൾ പാറയിൽക്കൂടി ഉരുണ്ടു് കീഴ്പോട്ടുപോയപ്പോൾ ഉണ്ടായ ശബ്ദംകേട്ട് ഒട്ടധികം പേർ ഓടി എത്തുന്നുണ്ടെന്നു തോന്നി കുരഷ്യർ ഓടി. പൂവന് അപായകരമായി ഒന്നും സംഭവിച്ചിട്ടില്ലാ യിരുന്നു. അയാളെയും മൈനായെയും ഞാൻ കൂട്ടിക്കൊ ണ്ടുപോന്നു. അന്നു മുതൽ അവർ ഇവിടെ താമസമാ ണ്. പൂവൻ ആഹാരത്തിനു പററിയ കിഴങ്ങുകൾ എ വിടെ ഉണ്ടെന്നു മണത്തറിഞ്ഞു കളയും. കുന്തമുണ്ടാക്കാ ൻ ഒരു പ്രത്യേക വാസനയുണ്ടു്. കൊച്ചനിയൻമാർ രണ്ടുപേരെയും കുന്തം ചാണ്ടൽ പഠിപ്പിക്കയാണിപ്പോ ൾ. മൈനാ വന്നതു് വലിയ സഹായമായി എന്നാണു്

പ്രാവ് പറയുന്നതു്."

സൂര്യൻ:—പൂവനെ വിളിച്ച് എവിടെ നിന്നാണ് വന്നതെന്നും മററും ചോദിച്ചു.

പൂവൻ പറഞ്ഞു:—"ഞങ്ങളുടെ വർഗ്ഗക്കാർ കുടിയുറപ്പിച്ചിരുന്ന പ്രദേശത്തു് വേട്ടമൃഗങ്ങൾ കുറവായതുകൊണ്ടു് പാറിയ സ്ഥലംനോക്കി പുറപ്പെട്ടതാണു്. ഇങ്ങിനെ എല്ലാം വന്നുകൂടി."

സൂര്യൻ:— ഇനി മടങ്ങിപോകണമെന്നുണ്ടോ? അതൊ ഞങ്ങളുടെകൂടെ താമസിക്കുന്നോ.

സൂര്യൻെറ ചോദ്യത്തിനുത്തരം പൂവിയിൽ നിന്നാണുണ്ടായതു്. മൈനായെനോക്കി കണ്ണുകൊണ്ടു് എന്തൊ ഒരു സന്ദേശം നൽകുകയും പുഞ്ചിരിതൂകുകയും ചെയ്തിട്ടു് അവൻ പറഞ്ഞു. "പൂവൻ മടങ്ങിപോകുന്നില്ലെന്നു് എന്നോടു പറഞ്ഞു. മൈനായിക്കും പോകാൻ ഇഷ്ടമില്ല."

സൂര്യനു് കാററിൻെറഗതി അല്പമൊക്കെ മനസ്സിലായി. അയാളും പൈങ്കിളിയും മൈനായെ നോക്കിയപ്പോൾ അവൾ തലകുനിച്ചുകളഞ്ഞു. പ്രാവ് ഒരു ചെറുമന്ദഹാസത്തോടെ അവളുടെ ജോലിയിൽ ദത്ത ശ്രദ്ധയുമായി. സൂര്യൻ സഗൗരവം പറഞ്ഞു.—"പൂവനും മകളും ഇവിടെ താമസിക്കാമെന്നു തീർച്ചപ്പെടുത്തിയതു സന്തോഷമായി. ആപത്കാലമാണല്ലൊ. സംഖ്യാബലം ഉണ്ടാകുന്നതു് നന്നു തന്നെ."

ഒരു കാലത്തു് അവരുടെ വാസസ്ഥലമായിരുന്ന ഗുഹ വീണ്ടെടുക്കാൻ കുരങ്ങന്മാർ ശ്രമിക്കാനിടയുണ്ടെന്നും, അവരുടെ ആക്രമണം ഉണ്ടാകുമെന്നു് പ്രതീക്ഷിച്ച് നിരോധനം ശരിപ്പെടുത്തണമെന്നുമായിരുന്നു സൂര്യൻെറ അഭിപ്രായം.

കുരങ്ങന്മാരെ കാണാത്ത ദിവസങ്ങൾ ഇല്ലെന്നായി. മനുഷ്യരുടെ നടപടികൾ ഉററുനോക്കുകയല്ലെ അവ ചെ

യ്യുന്നതെന്ന് സംശയിക്കത്തക്ക ചില സംഭവങ്ങളും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്നു. പഴയ വാസസ്ഥലം വീണ്ടെടുക്കുന്നതിനും, ശത്രുക്കളായ മനുഷ്യരെ നശിപ്പിക്കുന്നതിനും ഉള്ള ഒരുക്കങ്ങളാണവ എല്ലാം എന്നാണു് സൂര്യന്റെ വിശ്വാസം. കുരുഷ്യരുടെ സംഖ്യ വർദ്ധിച്ചതു്, ആക്രമണത്തിനായി ഒരു സംഘത്തെയൊ പല സംഘങ്ങളെയൊ പുറത്തുനിന്നു കൊണ്ടുവന്നതുകൊണ്ടായിരിക്കണം എന്നു് സൂര്യൻ അനുമാനിക്കയും, എല്ലാവരും എല്ലാ നിമിഷത്തിലും ജാഗരൂകരായിരിക്കണമെന്നു് അനുയായികൾക്കു് കർശനമായ കൽപന നൽകുകയും ചെയ്തു.

ഈ വിധം, ഒരുതരം ശീതസമരം നടന്നുകൊണ്ടിരിക്കുന്ന കാലത്താണു്, കൊച്ചനുജന്മാർ രണ്ടുപേരും ഓടി കിതച്ചു് സൂര്യന്റെ അടുക്കൽ എത്തി "കുരുഷ്യർ ഒരു മനുഷ്യനെ പിടിച്ചുകൊണ്ടുപോയി. ഞങ്ങൾ കണ്ടു" എന്നുപറഞ്ഞതു്. വേട്ടയാടി നല്ലൊരു മൃഗത്തെ കൊണ്ടുവന്നു് സാപ്പാടും കഴിഞ്ഞു് പൈങ്കിളിയുമായി സല്ലപിച്ചുകൊണ്ടിരിക്കയായിരുന്നു അവൻ.

കുട്ടികളെ കുറെ സമയം ക്രോസ്സ്ചെയ്തപ്പോൾ വിശദവിവരങ്ങളും തെളിവും കിട്ടി. അവർ കോഴിയെ പിടിക്കുന്നതിനു കെണികൾ വച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഒരു മനുഷ്യൻ ഒരു കുന്നിന്റെ മുകളിൽ പ്രത്യക്ഷപ്പെട്ടു. അയാൾ കുറച്ചുദൂരം മുമ്പോട്ടു നടന്നപ്പോഴേക്കു ഏതാനും കുരുഷ്യർ പുറകെഓടിഎത്തി. അവർ അയാളെ കല്ലെറിഞ്ഞൊ മററു തരത്തിലൊ ഉപദ്രവിക്കാതെ പിടിച്ചുകൊണ്ടുപോകയാണു് ചെയ്തതു്. കുരുഷ്യർ കുന്നിന്റെ മറുപുറംകടന്നു് അല്പസമയത്തിനുശേഷം കുട്ടികൾ അവിടെ ഓടിഎത്തി. ആ മനുഷ്യനെയുംകൊണ്ടു് എവിടെയ്ക്കു് പോകയാണു് എന്തു ചെയ്യുന്നു എന്നു് കണ്ടു് ചേട്ടനെ വിവരം ധരിപ്പിക്കുന്നതി

നാണ് അവർ പുറക്കെ പുറപ്പെട്ടതു്. കുരഷ്യർ ആ മനുഷ്യനെയുംകൊണ്ടു് ആ കുന്നു് ഇറങ്ങി ആട്ടത്തകുന്നിന്റെ മുകളിലേക്കു് പോകുന്നതു് കുട്ടികൾകണ്ടു. ആയാളെ പിടികൂടിയ സ്ഥലത്തു കിടന്നതാണെന്നു് പറഞ്ഞു് രോമംകളയാത്ത തുകൽകൊണ്ടുണ്ടാക്കിയ ഒരു ചെറുസഞ്ചിയും അവർ ചേട്ടന്റെ കൈയിൽ കൊടുത്തു. സഞ്ചി കണ്ട ക്ഷണത്തിൽ പൈങ്കിളി "അയ്യോ" എന്നു് നിലവിളിച്ചുകൊണ്ടു് ചാടിഎണീററു് അതു കൈയിൽ വാങ്ങി. അവൾ മുറവിളിയായി. എന്താണു്, എന്താണു് എന്നു് ചോദിച്ചതിനു് മറുപടി ഇല്ല. "എന്റെ ചേട്ടൻ എന്റെ ചേട്ടൻ" എന്നുപറഞ്ഞുകൊണ്ടു് നിലവിളിതന്നെ. കുറെ സമയം വളരെ സൌമ്യമായി ചോദിച്ചാണു് സൂര്യൻ കാര്യം മനസ്സിലാക്കിയതു്. പൈങ്കിളി പറഞ്ഞു "ഈ സഞ്ചി എന്റെചേട്ടൻ അയ്യന്റെതാണു്. ചേട്ടനെയാണു് കുരഷ്യർ പിടിച്ചുകൊണ്ടുപോയതു്."

സൂര്യൻ:-"അണ്ണാന്റെ തുകൽകൊണ്ടുള്ള സഞ്ചിയായതുകൊണ്ടാണൊ? അതു് മററാക്കും ഉണ്ടാകാൻ പാടില്ലെന്നാണൊ."

പൈങ്കിളി:-"ഇതു് ചേട്ടന്റെതുതന്നെയാണു്. ആ അണ്ണാന്റെ തുകൽ പൊളിച്ചെടുത്തതു ഞാനാണു്. അപ്പോൾതന്നെ ഈ കാൽ പോയതായിരുന്നു. എന്റെ ചേട്ടനെ രക്ഷിക്കണം. എങ്ങിനെയും രക്ഷിക്കണം. നിങ്ങൾ വിചാരിച്ചാൽ സാധിക്കും."

സൂര്യൻ:-"ഞാൻ ശ്രമിച്ചുനോക്കാം. ഏതായാലും പുലി വരട്ടെ."

വേട്ടയ്ക്കുപോയിരുന്ന പുലി മടങ്ങിവന്നയുടൻ തന്നെ സൂര്യൻ പുറപ്പെട്ടു. സാധാരണ കൊണ്ടുനടക്കാറുള്ളതിൽ രണ്ടുകുന്തവും, നാലാറു് അമ്പും കൂടുതൽ എടുത്തു. ആഹാരത്തിനു് രണ്ടുവാറു് ഉണങ്ങിയ മാംസവും.

ശത്രുക്കളുടെ അക്രമത്തിൻെറയും കൊള്ളരുതായ്മയുടെയും ലക്ഷ്യങ്ങൾ സൂര്യൻ പലയിടത്തുംകണ്ടു. എങ്കിലും അവരിൽ ഒന്നിനെപ്പോലും കാണാൻ കഴിഞ്ഞില്ല. എല്ലാം ഒരു ദിക്കിൽക്കൂടി ആലോചനകൾ നടത്തുകയൊ ഉൽസവം ആഘോഷിക്കയൊ ചെയ്കയായിരിക്കുമൊ? കാൽപാടുകൾ ധാരാളമുണ്ടു്. എല്ലാം ഓരേഭാഗത്തേക്കു തന്നെയാണെന്നു കണ്ടപ്പോൾ സൂര്യൻെറ സംശയം വർദ്ധിച്ചു. പലദിവസത്തെ തേട്ടത്തിനുശേഷമാണു് അവൻ കുരങ്ങന്മാരുടെ സമ്മേളനസ്ഥലം കണ്ടുപിടിച്ചതു്. മിക്കവാറും കിഴുക്കാംതൂക്കായ മലകളാൽ ചുററപ്പെട്ട ഒരു താഴ്‌വരയിലുള്ള മൈതാനത്തുണ്ടു് മനുഷ്യനുമല്ല മൃഗവുമല്ലാത്ത ആ സത്വങ്ങളിൽ ഒട്ടനവധി. സൂര്യൻ ഒരു മലയുടെ മുകളിൽനിന്നാണു് കണ്ടതു്. അവൻ മലയുടെ മുകളിൽനിന്നു് കീഴ്പോട്ടിറങ്ങി. അവിടെ ഒരു പാറക്കെട്ടിനു മുകളിലുള്ള കാട്ടിൽകിടന്നുകൊണ്ടു് ശത്രുക്കൾ എന്തെല്ലാമാണു് ചെയ്യുന്നതെന്നു് നോക്കി. വലിയ ബഹളംതന്നെ. എല്ലായിടത്തും ഉൽസാഹവും ധൃതിയുമാണു്. സൂര്യൻകിടന്ന പാറക്കെട്ടിൻെറ ചുവട്ടിലുണ്ടു് ഒരു മൈതാനം. അവിടേക്കു് അതാ ഒരു കുരങ്ങപ്രവാഹം. എല്ലാം ചെറുപ്പക്കാരാണു്. പത്തിരുപതു മല്ലന്മാരുണ്ടു്. അവരുടെ നടുവിൽ ഉണ്ടൊരു മനുഷ്യൻ! രണ്ടുകുരങ്ങന്മാർ അയാളുടെ രണ്ടുവശവും നിന്നു് കൈകൾ കൊണ്ടു പിടിച്ചിരിക്കുന്നു. മുമ്പിലും പിമ്പിലും നടക്കുന്നവരും അയാൾ കടന്നുകളയാതെ സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ടെന്നു തോന്നുന്നു.

അവർ പാറക്കെട്ടിനു താഴെ മൈതാനത്തു എത്തി. മനുഷ്യൻെറ മേലുള്ള പിടിവിട്ടു കാവൽക്കാർ മാറിനിന്നു. എങ്കിലും അയാൾ ഓടിപ്പോകാൻ ശ്രമിച്ചാൽ പിടികൂടാൻ ഒരുങ്ങി അടുത്തുതന്നെയുണ്ടു്. യോദ്ധാക്കളുടെ കൂട്ടത്തിൽ നിന്നു് ഒരുവൻ നാലാറു കുന്ത

ങ്ങളും ചുമന്നുകൊണ്ടു് മനുഷ്യന്റെ സമീപത്തുചെന്നു. കാവൽക്കാരിൽ ഒരുവൻ അതിൽനിന്നു് ഒന്നു് മനുഷ്യന്റെ കൈയിൽ കൊടുത്തശേഷം അതു് ചാടാൻ ആംഗ്യം കാണിക്കുന്നു.

ആ തട്ടവുകാരൻ പൈങ്കിളിയുടെ സഹോദരൻ അയ്യൻ തന്നെയാണെന്നു് സൂര്യന്നു നിശ്ചയമായി. അയാളെ രക്ഷിക്കാനെന്താണു് മാർഗ്ഗം എന്നു് തല പുകഞ്ഞാലോചിച്ചുകൊണ്ടിരിക്കുമ്പോളാണു് പെട്ടെന്നു് ആ പ്രഘസനത്തിന്റെ മറെറാരുവശം അവൻ കണ്ടതു്. കുരഷ്യർ എന്താണു ചെയ്യുന്നതു്? തങ്ങൾ എത്രകണ്ടു ശ്രമിച്ചിട്ടും ഉന്മൂലനം ചെയ്‌വാൻ സാധിക്കാത്ത മനുഷ്യർ വിജയിച്ചുനിൽക്കുന്നതു് അവക്കു് കുന്തം ഉള്ളതുകൊണ്ടും, അതു ശരിക്കു പ്രയോഗിക്കാൻ വശം ഉള്ളതുകൊണ്ടും ആണു്. മനുഷ്യനിൽനിന്നു തന്നെ കുന്തംചാടൽ അഭ്യസിക്കണം എന്നു് കുരഷ്യർ തീർച്ചപ്പെടുത്തി. ഇപ്പോൾ പിടികൂടിയവനിൽനിന്നു് കുന്തം ചാടൽ കുറെ പേർ പഠിക്കണം എന്നു നിശ്ചയിച്ചു് അതിനു ശ്രമിക്കുന്നതാണു താൻ കാണുന്നതെന്നു മനസ്സിലായപ്പോഴേക്കു് അയ്യനെ രക്ഷിക്കേണ്ടതു് തന്റെ കുലത്തിന്റെ രക്ഷയ്ക്കു തന്നെ അത്യാവശ്യമാണെന്നു സൂര്യന്നു ബോദ്ധ്യമായി.

കുരഷ്യരുടെ ആജ്ഞ അനുസരിച്ചു് അയ്യൻ കുന്തം ചാടിയില്ല. അവന്റെ ചുററിലും നിൽക്കുന്ന കുരഷ്യർ അക്ഷമരാകുന്നു. അവ മുറുമുറുക്കുകയും, കുന്തം ചാടൽ പിന്നെയും പിന്നെയും ആംഗ്യം കാണിക്കുകയുംചെയ്യുന്നു. "ഞാൻ തയ്യാറായില്ല" എന്നു് അയ്യൻ പിന്നെയും പിന്നെയും പറയുന്നു. കുരഷ്യരുടെ നേതാവു് അക്ഷമനായി. അവൻ കൈ ഉയർത്തിക്കൊണ്ടു് അയ്യനെ ശിക്ഷിക്കാൻ അടുത്തു. മുമ്പുതന്നെ അക്ഷമനായി തീർന്നിരുന്ന അയ്യൻ അവന്റെ കൈയിലുണ്ടായിരുന്ന കുന്തങ്ങളിൽ ഒന്നു് ആഞ്ഞെറിഞ്ഞു. ശിക്ഷണത്തിനു പുറപ്പെട്ടവൻ മറുവ

ശത്തേക്കു മറിഞ്ഞു. അപ്രതീക്ഷിതമായുണ്ടായ ആക്രമണം കുരഷ്യക്ക് അമ്പരപ്പുണ്ടാക്കി. എന്താണ് ചെയ്യേണ്ടതെന്നു് പെട്ടെന്നു തീർച്ചപ്പെടുത്തുന്നതിനുള്ള മനഃശക്തി അവയ്ക്കുണ്ടായിരുന്നില്ല. ശത്രുക്കളിൽ കൊല്ലാൻ സാധിക്കുന്നവരെ കൊല്ലുക എന്നല്ലാതെ അതിലപ്പുറം ചിന്തിക്കയൊ കാണുകയൊ ചെയ്യുന്നില്ല അയ്യനും. അവൻ വേറൊരു കുന്തംഓങ്ങിപ്പിടിച്ചു നിൽക്കുകയാണു്. അപ്പോൾ പാറക്കെട്ടിന്റെ മുകളിൽനിന്നു് ഒരു മനുഷ്യശബ്ദം അയ്യൻ കേട്ടു

"അയ്യൻ, ഈ പാറക്കെട്ടിന്റെ മുകളിലേക്കു ഓടികേറി വരണം. അയ്യൻ, പൈങ്കിളിയുടെ സഹോദരൻ അയ്യൻ, ഇങ്ങട്ടു് ഓടുന്നം. ബാക്കി ഞാൻ നോക്കിക്കൊള്ളാം. വേഗം, ഉടനെ."

ഇത്രയും കേട്ടക്ഷണത്തിൽ അയ്യൻ ഒരു കുന്തംകൂടി ചാണ്ടി. പാറക്കെട്ടിന്റെ ചുവട്ടിലേക്കുള്ള മാർഗ്ഗത്തിൽ നിന്നിരുന്ന ഒരു കുരഷ്യയോദ്ധാവിന്റെ കഥയും കഴിഞ്ഞു. ഒന്നുകുതിച്ചു. ഒന്നുചാടി. അവൻ പാറക്കെട്ടിന്റെ ചുവട്ടിൽഎത്തി. മിക്കവാറും കിഴക്കാംതൂക്കായ ആ പാറക്കെട്ടിൽ എവിടെ ചവുട്ടിയാണൊ അവൻ കുതിച്ചുകേറുന്നതു്.! അയ്യൻ പാറക്കെട്ടിന്റെ ചുവട്ടിൽ എത്തിയപ്പോഴേക്കു സൂര്യൻ കാട്ടിൽനിന്നു പുറത്തുവന്നു് അതിന്റെ നിരപ്പിൽ നില ഉറപ്പിച്ചു. അയ്യനെ പിടിക്കാൻ പുറപ്പെട്ട കുരഷ്യരിൽ നാലുപേർ സൂര്യന്റെ കുന്തങ്ങൾക്കിരയായി. പാറക്കെട്ടുകളിലും മറവും മനുഷ്യനെക്കാൾ വേഗത്തിൽ കേറുന്നതിനു കഴിവുണ്ടു് കുരഷ്യക്ക്. അവയിൽ രണ്ടു അയ്യന്റെ കാലിൽ പിടിക്കത്തക്കവിധം അടുത്തപ്പോഴേക്ക് സൂര്യൻ കൈനീട്ടി പിടിച്ചു് അവനെരക്ഷിച്ചു. സൂര്യനുംഅയ്യനും കൂടി തിരിഞ്ഞുനിന്നു് എറിഞ്ഞകുന്തങ്ങൾ ബാക്കി ഉണ്ടായിരുന്ന കുരഷ്യരെ പിന്തിരിച്ചു് ഓടിച്ചു. പല മണിക്കൂറുകൾ

ഓടിയശേഷമെ വിശ്രമിക്കുന്നതിനു് സൂൎയ്യനു് ധൈൎയ്യമു ണ്ടായുള്ളു.

തൻെറ അപേക്ഷ അനുസരിച്ചു് സഹോദരനെ മ രണത്തിൻെറ വായിൽനിന്നു രക്ഷിച്ചുകൊണ്ടുവന്ന ഭൎത്താ വിനെ അത്യന്തം വിഷണ്ണനായിട്ടാണു് പൈങ്കിളി ക ണ്ടതു്. അതിനുള്ളകാരണം പല ദിവസം ചോദ്യംചെ യ്തു് അവൾ മനസ്സിലാക്കി. തന്നെത്താൻ ആലോചിച്ചു മനസ്സുപുണ്ണാക്കുന്നതിൽ നന്നു്, പുലിയോടും അയ്യനോ ടും പൂവനോടുംമററും ആലോചിച്ചു് ഒരുമാൎഗ്ഗം കണ്ടുപി ടിക്കയാണെന്നു് പൈങ്കിളി പറഞ്ഞതു അയാൾ സ്വീ കരിച്ചു. അവർ നാലാളും സമ്മേളിച്ചു. കൊച്ചുനരജന്മാ രും. പൈങ്കിളിയും, പ്രാവും, മൈനായും ആലോചന യിൽ പങ്കുകൊള്ളുന്നില്ലെങ്കിലും അടുത്തുതന്നെ ഇരിക്കു ന്നുണ്ടു്.

## അദ്ധ്യായം 8

സൂൎയ്യൻ ഉപക്രമമായി പറഞ്ഞു. "നമ്മുടെ ശത്രുക്ക ളായ കുരങ്ങന്മാക്കു് ആയുധങ്ങൾ ഉപയോഗിക്കാനറിഞ്ഞു കൂടാ, വിശേഷബുദ്ധിയും വിവേകവും ഇല്ല. എങ്കിലും കായികശക്തി അപാരമാണു്. എണ്ണത്തിലും നമ്മെക്കാ ൾ പതിന്മടങ്ങിലധികമുണ്ടു്. ഈ പ്രദേശം അവരുടെ നാടായിരുന്നു എന്നാണു തോന്നുന്നതു്. അച്ഛനും ഞങ്ങ ളും ഇവിടെ വന്നുകൂടി. അച്ഛനെ അവ അപായപ്പെടു ത്തി എങ്കിലും അവരുടെ ഒരു പ്രധാന കേന്ദ്രമായിരുന്ന ഈ കുടിഞാൻ പിടിച്ചെടുക്കയും പലസമരങ്ങളിൽ അവ യെ തോല്പിക്കയും ചെയ്തതുകൊണ്ടു് അവ തെക്കൻ മലക

ളിലേക്കോടിരക്ഷപെടുകയാണു ചെയ്തതു്. ഈമലകളിൽ നിന്ന് ഓടിക്കപ്പെട്ടവർ, അവരുടെ വർഗ്ഗത്തിൻെറ ഇതര ശാഖകളിൽ പെട്ടവരെക്കൂടി കൂട്ടി ഈ ഭൂപ്രദേശം വീണ്ടെടുക്കാൻ ഒരുങ്ങുകയാണെന്നാണു് അയ്യൻെറ സംസാരത്തിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു്."

പുലി:–"വരട്ടെ. ആയുധമില്ലാത്ത കുരങ്ങന്മാർക്കാണൊ, ആയുധമുള്ള മനുഷ്യർക്കാണൊ ശക്തി! എന്നു കാണിച്ചുകൊടുക്കാം."

പൂവൻ:–"എൻെറ ജാതിക്കാരെ അറിയിച്ചാൽ അവരിൽ കുറെ പേരെങ്കിലും സഹായത്തിനു വന്നേക്കും."

പൈങ്കിളി:– "അതിലെളുപ്പം എൻെറ അപ്പൻ സിംഹത്തെ അറിയിക്കയാണു്. അയ്യനെ നിങ്ങൾ അപകടത്തിൽ നിന്നു രക്ഷിച്ചു എന്നറിയുമ്പോൾ, നമ്മോടുള്ള വിരോധം പോകും. അപ്പോൾ വേഗം വരുകയും ചെയ്യും."

പൈങ്കിളിയുടെ അഭിപ്രായം സ്വീകാര്യമാണെന്നു് എല്ലാവരുംസമ്മതിച്ചു. സിംഹത്തെ വിവരം ധരിപ്പിക്കുന്നതിനു് അയ്യൻ ഉടൻതന്നെ പുറപ്പെടണമെന്നും തീരുമാനിക്കപ്പെട്ടു.

പൂവൻ ഒരു "ഭേദഗതി" അവതരിപ്പിച്ചു. "കുരഷ്യരുടെ ആക്രമണത്തെ നിരോധിക്കാൻ വരണമെന്നല്ല ആവശ്യപ്പെടേണ്ടതു്. ഈ രാജ്യത്തു രണ്ടോ നാലൊ വർഗ്ഗക്കാർക്കു ജീവിക്കുന്നതിനുവേണ്ട സൌകര്യമെല്ലാമുണ്ടു്. വേട്ടമൃഗങ്ങൾ ധാരാളം ധാരാളം. കിഴങ്ങുവർഗ്ഗങ്ങളും പഴങ്ങളും അങ്ങിനെ തന്നെ. എല്ലാ മനുഷ്യരുടെയും ശത്രുക്കളായ കുരഷ്യർ ഈ രാജ്യം പിടിച്ചെടുക്കാൻ ഇടയാക്കാതെ, അടുത്ത രാജ്യങ്ങളിൽ വിഭവമില്ലാതെ കുഴങ്ങുന്ന മനുഷ്യരെല്ലാം ഇവിടെ വന്നുകൂടി പൊതുശത്രുവിൻെറ കഥകഴിച്ചു് ഈ രാജ്യം പൂർണ്ണമായികൈവശപ്പെടുത്തണം. അതിനായി സിംഹവും അദ്ദേഹത്തിൻെറ അതിധീരന്മാ

രുമായ യോദ്ധാക്കളും വന്നുചേരണമെന്നും, അദ്ദേഹത്തി ന്റെ വേഴ്ചയുള്ള മററു വർഗ്ഗക്കാരെയും ഇവിടേക്കു ക്ഷണിക്ക ണമെന്നുംഅൗന്ന് സിംഹത്തെധരിപ്പിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം."

പൂവന്റെ അഭിപ്രായം ആദരണീയമെന്ന് എല്ലാ വരും സമ്മതിച്ചു. പിററന്നാൾതന്നെ അയ്യൻ അവന്റെ അച്ഛന്റെ അടുക്കലേക്കു പുറപ്പെടണമെന്നു തീർച്ചപ്പെട്ടു ത്തി. അയ്യൻ സൂര്യനോടു ചോദിച്ചു. "പലദിവസത്തെ സഞ്ചാരം കൊണ്ടേ ഞാൻ അവിടെ എത്തുകയുള്ളൂ എന്ന റിയാമല്ലോ. അച്ഛൻ വരുമെന്നു വയ്ക്കുന്നപക്ഷം എത്രകാ ലത്തിനുള്ളിൽ വരണമെന്നാണ് പറയേണ്ടതു്."

സൂര്യൻ:–കുരഷ്യരുടെ ലാക്കു നമുക്കറിഞ്ഞുകൂടല്ലോ. മഴക്കാലം അടുത്തുപോയി. അക്കാലത്തു് അവർ സമര ത്തിനു തുനിയുകയില്ല. അതു കഴിഞ്ഞാൽ അവർ വ ന്നേക്കും. മിക്കവാറും വേനൽക്കാലത്തിന്റെ മദ്ധ്യത്തി ലായിരിക്കാം ആക്രമണം ഉണ്ടാകുന്നതു്. അതുകൊണ്ടു് മഴക്കാലം കഴിഞ്ഞാൽ എത്രയും വേഗത്തിൽ വന്നു ചേര ണമെന്നാണ് അറിയിക്കേണ്ടതു്. അത്യന്തം ഫലഭൂയി ഷ്ഠവും എല്ലാ സൌകര്യങ്ങളും ഉള്ളതുമായ ഈ ഭൂപ്രദേശം നമ്മുടെ വർഗ്ഗത്തിനു നഷ്ടപ്പെടാതിരിക്കുന്നതിനുള്ള ശ്ര മത്തിൽ പങ്കെടുക്കുന്നതിന് വരണമെന്നാണ് നമ്മുടെ ആഗ്രഹം എന്നും ധരിപ്പിക്കണം."

ജാതിത്തലവനായ താൻ മററൊരു ജാതിത്തലവ നോടു് അതും ശത്രുഗണത്തിൽ എണ്ണപ്പെട്ടിരുന്ന ഭാര്യാ പിതാവിനോടു് സഹായാഭ്യർത്ഥന ചെയ്യുന്നതിലുള്ള ലഘുത്വം കുറയ്ക്കുന്നതിനു കൂടിയാണ് സൂര്യൻ ഇതൊ രു പൊതുപ്രശ്നമായി ചിത്രീകരിച്ചതു്.

അയ്യൻ:–"പൈങ്കിളിയെ മിന്നലിനു കൊടുക്കണ മെന്നു് അച്ഛനു് മുമ്പു് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കുറെക്കാലമായി അയാൾ വെറും വെറിയനാ

യി നടക്കയൊണ്. അതു കണ്ടതുമുതൽ അച്ഛൻ ഉദ്ദേശി ച്ചവിധം കാര്യങ്ങൾ നടക്കാഞ്ഞതു നന്നായി എന്നു പറയാറുണ്ട്. അതുകൊണ്ടും എന്നെ കുരഷ്യരിൽ നിന്നു സൂര്യൻ രക്ഷിച്ചതുകൊണ്ടും അച്ഛൻ വരാതിരിക്കയില്ല. മഴക്കാലത്തിനു മുമ്പുതന്നെ ഞാൻ മടങ്ങിഎത്തി വിവരം അറിയിക്കാൻ നോക്കാം."

മടങ്ങിവരുന്നതിന് അയ്യന് ധൃതിഉണ്ടാകുമെന്നും, അതിനുള്ള ഹേതു എന്താണെന്നും നിശ്ചയമുള്ള പൈങ്കിളി പ്രാവിനെ നോക്കി മന്ദഹസിച്ചുകൊണ്ട് സഹോദരനോടു പറഞ്ഞു. "അച്ഛൻ മഴക്കാലംകഴിഞ്ഞ പുറപ്പെടുകയുള്ളു എങ്കിലും ചേട്ടൻ ഉടൻതന്നെ വന്നാൽകൊള്ളാം. അല്ലാത്തപക്ഷം ഇവിടെ ചിലർ വിഷമിക്കും."

അടുത്ത ദിവസംതന്നെ അയ്യൻ പിതാവിന്റെ അടുക്കലേക്കു പുറപ്പെട്ടു. ശത്രുക്കളുടെ ആക്രമണം മഴക്കാലം കഴിയാതെ ഉണ്ടാകയില്ലെന്നുള്ള പ്രതീക്ഷയ്ക്കു വിരുദ്ധമായി ആക്രമണം ഉണ്ടായെങ്കിലൊ എന്നു സംശയിച്ച് സൂര്യൻ കഴിവുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കയും ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. കൊച്ചുമനുജന്മാരെ കുന്താചാലുടൽ അഭ്യസിപ്പിച്ച് അവരെയും പ്രതിരോധ സൈന്യത്തിൽ ചേർത്തു. ശത്രുക്കളുടെ പ്രവർത്തനങ്ങൾ ഉററുനോക്കുന്നതിനു സൂര്യനും പുലിയും പലപ്രാവശ്യം അവരുടെ ആസ്ഥാനപ്രദേശങ്ങൾ സന്ദർശിച്ചു.

മഴക്കാലം ആരംഭിച്ചപ്പോഴേക്ക് അയ്യൻ മടങ്ങി എത്തി സിംഹം ഏതാനും യോദ്ധാക്കളുമായി മഴക്കാലം കഴിഞ്ഞാലുടൻ വന്നുചേരുന്നതാണെന്നു അറിയിച്ചു. അയാളുടെ ജാതിയുടെ ഇപ്പോഴത്തെ താവളത്തെക്കാൾ വളരെ മെച്ചമാണു് ഈ പ്രദേശമെന്നറിയുന്നതു കൊണ്ട് ശത്രുക്കളെ തോല്പിച്ചുകഴിഞ്ഞാൽ സ്ത്രീകളും കുട്ടികളും എല്ലാം പോരുന്നതിന് ഏർപ്പാടു ചെയ്തുകഴിഞ്ഞു എന്നും അയ്യൻ റിപ്പോർട്ടു ചെയ്തു. അയ്യൻ വന്നതിൽ പ്രാവിനു

ണ്ടായ ആനന്ദത്തെ വെല്ലുന്നതായിരുന്നു അച്ഛനും അമ്മയും തന്റെ ദേശത്തേക്കു വരുന്നു എന്നറിഞ്ഞപ്പോൾ പൈങ്കിളിക്കുണ്ടായ സന്തോഷം.

മഴക്കാലം കഴിഞ്ഞു. സ്വീകരണത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായപ്പോഴേക്കു സിംഹവും ബന്ധുക്കളും വന്നുചേർന്നു. സൂര്യനെ തടവുകാരനായി കെട്ടിവരിഞ്ഞിട്ടു ശേഷം ആദ്യമായി അവനെ കണ്ടപ്പോൾ സിംഹത്തിന് അല്പമൊരു പരുങ്ങൽതോന്നിയതു് പൈങ്കിളിയുടെ സ്നേഹസംയുക്തമായ ഉപചാര സൽക്കാരങ്ങൾ മായിച്ചു കളഞ്ഞു.

അന്നു രാത്രിതന്നെ ഒരു സമരകാര്യാലോചന നടത്തി. സിംഹവും, സൂര്യനും, അര്യനും, പുലിയും, പൂവനും സിംഹത്തിന്റെ പ്രധാനനുചരനും ഇതിൽ സംബന്ധിച്ചിരുന്നു. സൂര്യൻ പരിതഃസ്ഥിതികളെല്ലാം വിശദീകരിച്ചുകൊണ്ടു ഈ വിധം സംസാരിച്ചു. "ഞങ്ങൾ കുരഷ്യരിൽ ഒട്ടധികത്തെ കൊന്നൊടുക്കി. എങ്കിലും ആ സത്വങ്ങൾ അതിവേഗം പെരുകുന്നുണ്ടു്. ഈ പ്രദേശത്തേക്കാൾ സുഖസന്ദായകവും ഫലഭൂയിഷ്ഠവും ആയ ഒരു രാജ്യം വേറില്ല. ഇവിടെ മനുഷ്യരെ ഇല്ലാതാക്കി രാജ്യം കൈവശപ്പെടുത്താമെന്നാണു് അവരുടെ ലാക്കു്. ആ സത്വങ്ങളെ ഉന്മൂലനം ചെയ്താൽ നമ്മുടെ സന്താനപരമ്പരകൾക്കു് എന്നേക്കും വേട്ടയാടി ജീവിക്കാനുള്ള സൌകര്യങ്ങൾ എല്ലാം ഇവിടെയുണ്ടു്. നാം എല്ലാവരും സഹകരിച്ചു പ്രവർത്തിച്ചാൽ ആ ജന്തുക്കളെ തോല്പിച്ചുനശിപ്പിക്കാൻ വലിയ പ്രയാസം ഉണ്ടാകയില്ല."

സിംഹം പറഞ്ഞു:- "സഹകരിക്കാൻ ഒരുങ്ങിയാണു് ഞാനും എന്റെ അനുചരന്മാരും വന്നിരിക്കുന്നതു്. അവർ ആക്രമണത്തിനു പുറപ്പെട്ടുമൊ? എന്നതേക്കു ഉണ്ടാകുമെന്നു ഊഹിക്കാൻ മാർഗ്ഗമുണ്ടോ. ആക്രമണമാണു് ഏററം നല്ല നിരോധനം എന്നാണു് എന്റെ അനു

ഭവം. അവർ ഒരുങ്ങി വരുന്നതു വരെയും കാത്തിരിക്കാതെ നമുക്കു് ആക്രമണം നടത്തിയാൽ എന്താണു്."

സൂര്യൻ:—"സംഖ്യാബലം കുരഷ്യക്കു് കൂടുതലായതുകൊണ്ടു്......"

പൂവൻ:—"സംഖ്യാബലംമാത്രമല്ല, അവർ താവളമുറപ്പിച്ചിരിക്കുന്നസ്ഥാനം ഞാൻ പലപ്പോൾ ഉററുനോക്കിയതാണു്. ഒരു വലിയസൈന്യം ഉണ്ടെങ്കിൽ തന്നെയും വലിയ നഷ്ടം സഹിക്കാതെ ആ സ്ഥലം പിടിച്ചെടുക്കാൻ പററുകയില്ല. പിടിക്കാൻ സാധിച്ചാൽ തന്നെയും കുരഷ്യരിൽ ഒട്ടധികം കാട്ടുകേറി രക്ഷപെടും. കുറെക്കാലം കഴിയുമ്പോൾ അവ പിന്നെയും നമ്മുടെ വർഗ്ഗത്തിനു ഒരു ഭീഷണി ആയിത്തീരുകയും ചെയ്യും. മറിച്ചു് അവർ ആക്രമണത്തിനു വരുമ്പോൾ, ആയുധങ്ങളും സമരതന്ത്രജ്ഞാനവും ഉള്ള നമുക്കു് അവരുടെ പ്രധാന സൈന്യത്തെ നശിപ്പിക്കാൻ സാധിച്ചേക്കാം. അതു കഴിഞ്ഞാൽ താവളത്തിൽ എത്തി കുട്ടികളെയും അവരുടെ മാതാക്കളെയും എല്ലാം നിഷ്പ്രയാസം നശിപ്പിക്കയും അങ്ങനെ വർഗ്ഗത്തെ ഇല്ലാതാക്കുകയും ചെയ്യാം."

മാസങ്ങൾ ചിലതു കഴിഞ്ഞു. കൃഷിയും കൈത്തൊഴിലും, സമയം അളക്കുന്നതിനു ഘടികാരവും, സമയം ലാഭിക്കുന്നതിനു മോട്ടോർവാഹനങ്ങളും ഒന്നും ഇല്ലാതിരുന്നതുകൊണ്ടു്, ദിവസങ്ങളും വാരങ്ങളും മാസങ്ങളും കഴിച്ചുകൂട്ടാൻ സൂര്യനും അതിഥികൾക്കും അനുചരക്കും ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. കുരഷ്യരുടെ താവളത്തിൽ ഉററുനോക്കുന്നതിൻെറ ചുമതല ഏററിരുന്ന പുലി, ഒരു ദിവസം വൈകുന്നേരം മടങ്ങി എത്തി, "അവററകൾ ആക്രമണത്തിനൊരുങ്ങിയിരിങ്ങോട്ടു തിരിച്ചിരിക്കുന്നു, ഒരു വലിയ സംഘം ഉണ്ടു്'" എന്നു റിപ്പോർട്ടുചെയ്തു.

കല്ലും ഗദയും ഒഴിച്ചു ആയുധങ്ങൾ ഒന്നുമില്ലാത്ത കുറെ ജന്തുക്കൾ ആക്രമണത്തിനു് വരുന്നു എന്നു കേട്ടാൽ

കല്യങ്ങനാവരാണൊ സിംഹവും സൂൎയ്യനും മററും! നാല ഞ്ച ദിവസംകൊണ്ടുമാത്രമെ അവർ അടുത്തു വരുകയുള്ളു എന്നായിരുന്നു പുലിയുടെ അഭിപ്രായമെങ്കിലും, പിററ നാൾ രാവിലെ തന്നെ സിംഹവും സൂൎയ്യനും പുലിയും അ നുയായികളും സ്ത്രീകളും കൊച്ചുനജന്മാരും ഒക്കെക്കൂടി, ശ ത്രുക്കൾക്കു പററിയ സ്വാഗതം അരുളുന്നതിനുള്ള ക്രമീ കരണങ്ങൾ ശരിപ്പെടുത്താൻ പുറപ്പെട്ടു. സൂൎയ്യന്റെ താ വളത്തിൽ നിന്നു ഏകദേശം രണ്ടുദിവസത്തെ യാത്രക്ക പ്പുറം ഒരു സ്ഥാനത്തുവച്ചു ശത്രുളെ സ്വീകരിക്കാമെന്നു സൂൎയ്യൻ അഭിപ്രായപ്പെട്ടു. ആ സ്ഥലം കണ്ടപ്പോൾ സിം ഹം സൂൎയ്യന്റെ അഭിപ്രായത്തോടു യോജിക്കുകയും, സൂൎയ്യ ന് സമരതന്ത്രത്തിലുള്ള പ്രായോഗിക ജ്ഞാനത്തെ പുക ഴ്ത്തുകയും ചെയ്തു രണ്ടു വൻമലകളുടെ ഇടയിലുള്ള ഒരു താഴ്‌വരയാണു സൂൎയ്യൻ തെരഞ്ഞെടുത്ത സ്ഥലം. കിഴ ക്കുവശമുള്ള മലയുടെ ചുവടിനു അടുത്തുതന്നെ നല്ലൊരു പുഴയാണു. മലയ്ക്കും പുഴയ്ക്കും ഇടയിൽ കൂടി സഞ്ചരി ക്കാൻ സ്ഥലവും സൌകൎയ്യവുമില്ല. പുഴയ്ക്കുപടിഞ്ഞാറു വശം, പടിഞ്ഞാറെ മലയുടെ അടിവാരത്തിൽ ചുരം എ ന്നു പറയത്തക്ക ഒരു ഭാഗമുണ്ടു. രണ്ടാൾക്കു ഒരുമിച്ചു നടന്നുപോകാൻ കഷ്ടിച്ചുള്ള വീതിയെ അതിനുള്ളു. അ വിടെ നിന്നു മല കുത്തനെ ഉയൎന്നുനില്ക്കുന്നു. ചുരത്തിൽ ആയുധധാരികളായ രണ്ടു യോദ്ധാക്കൾ നില ഉറപ്പിച്ചാ ൽ മതി, കരഷ്യരുടെ എത്രവമ്പിച്ച സൈന്യത്തിന്റെ യും ആക്രമണത്തെ തടഞ്ഞു നിറുത്താൻ. നിരോധന സ്ഥാനത്തിനു ചുററുമുള്ള പ്രദേശങ്ങളെല്ലാം സിംഹവും സൂ ൎയ്യനും കൂടി ചുററിനടന്നു കണ്ടു. സൂൎയ്യൻ അവന്റെ പദ്ധ തി വിശദീകരിച്ചു. സൂൎയ്യൻ പറഞ്ഞു "അത്യാഗാധമാ യതും ചുണ്ടിയവിരൽ ൨. റിക്കുന്നവേഗത്തിൽ അലറിമറി ഞ്ഞുപായുന്നതുമായപുഴയിൽ ചാടുന്നവരുടെകഥഅപ്പോ ൾതന്നെകഴിയും. ശത്രുസൈന്യം അത്രയുംചുരത്തിൽകടക്ക

ന്നതിന്ന് അനുവദിക്കണം. വടക്കെ അതിർത്തിയിൽ മാത്രം നിരോധനത്തിന് ഏർപ്പാടു ചെയ്താൽ മതി. അവർ എല്ലാവരും ചുരത്തിൽ കടക്കുന്ന ക്ഷണത്തിൽ തെക്കെ പ്രവേശന ദ്വാരത്തിലൂടെ ഏതാനും യോദ്ധാക്കൾ അവിടേക്കു കടന്ന് പിമ്പിൽനിന്ന് ആക്രമണം നടത്തണം."

സിംഹം പറഞ്ഞു:–"അവർ ചുരത്തിലേക്കു കടക്കാതെ, പടിഞ്ഞാറെ മലയ്ക്കു അപ്പുറത്തുവച്ചുതന്നെ മല ചുററി പടിഞ്ഞാറുവശത്തുകൂടി വടക്കോട്ടുകടക്കാൻ തുനിഞ്ഞാൽ നമ്മുടെ ലാക്കെല്ലാം തെററും."

സൂര്യൻ:–"ആ വഴിക്കു തിരിയുകയില്ല. മരങ്ങളുടെ ഇടയിലുള്ള പുല്ലിനു തീ കൊളുത്തിയാൽമതി. ഒട്ടധികം ഉണങ്ങിയ മരങ്ങൾ ഉണ്ടു്. പുല്ലിൽ കത്തുന്നതീ ഉണക്കമരങ്ങളിലേക്കും പടരും. കരഷ്യർ ഇങ്ങോട്ടടുക്കുന്നസമയം നമുക്കു് പുല്ലിനു തീ വച്ചുകളയാം.

സിംഹം:–"എന്നാലും അവർ ചുരത്തിൽ കേറുമൊ എന്നാണു് എൻെറ സംശയം."

സൂര്യൻ:–"സംശയിക്കേണ്ടാ. ഞാനേററു."

സിംഹം:–"അത്ര ധൈര്യമാണെങ്കിൽ പിന്നെ അക്കാര്യത്തിൽ എനിക്കൊന്നും പറയാനില്ല. പക്ഷെ..."

സൂര്യൻ:–"ഏതു വഴിക്കു് തിരിയണമെന്നു് ആലോചിക്കാൻ അവസരം കൊടുക്കരുതു്. പടൎന്നു പിടിച്ചുകൊണ്ടിരിക്കുന്ന കാട്ടുതീയിൽ കൂടി പോകാൻ അവർ ഒരുങ്ങുകയില്ല."

സിംഹം:–"തീ ശമിക്കട്ടെ എന്നു വച്ചു കാത്തിരുന്നാലൊ."

സൂര്യൻ–"എൻെറ തന്ത്രവും അവിടെ തന്നെ ചെന്നുചേരുന്നു. അയ്യനെയും വേറെ രണ്ടാളുകളെയും കൂടി എനിക്കു വേണം."

സിംഹം:–"നിങ്ങൾ നാലാളുകൾ കൂടി..."

സൂര്യൻ:– "കാട്ടുതീ കണ്ടിട്ടു്. എന്താണു് വേണ്ടതെന്നും ഏതു വഴിക്കാണു പോകേണ്ടതെന്നും കരഷ്യ

സൈന്യം സംശയിച്ചു നിൽക്കുമ്പോൾ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു് വെല്ലുവിളിച്ചും കുന്തം ചാണ്ടിയും, ഭയപ്പെട്ടു് ഓടുന്നു എന്നു് നടിച്ചും അവരെ ചുരത്തിൽ കേററാം."

സിംഹം:–"അങ്ങിനെ ആവട്ടെ. ഞാൻ എന്താണു് ചെയ്യേണ്ടതു്?"

സൂര്യൻ:–"ചുരത്തിന്റെ വടക്കെ അററത്തു് കല്ലും തടിയും എല്ലാം വലിച്ചു വച്ചു് നല്ലൊരു മുട്ടു് ഉണ്ടാക്കി, അതിന്റെ മറവിൽ നിന്നു കൊണ്ടു് അവിടെ വരുന്ന സത്വങ്ങളെ കൊന്നൊടുക്കിയാൽ മതി."

സിംഹം:–"അതിനു പണിയില്ലല്ലൊ. ആ മുട്ടും ഉടൻ തന്നെ ശരിപ്പെടുത്തണം."

സൂര്യൻ:–"എനിക്കും അല്പമെല്ലാം ഒരുങ്ങാനുണ്ടു്. സാഹായത്തിനു പുരുഷന്മാർ വേണമെന്നില്ല: പ്രാവും പൈങ്കിളിയും കൊച്ചുനിയന്മാരും ഉണ്ടെങ്കിൽ മതി."

സിംഹം:–"സൂര്യന്റെ പ്ളാൻ അനുസരിച്ചു തന്നെ കാര്യങ്ങൾ നടത്തിക്കൊള്ളണം. ഞാൻ എന്തു ചെയ്യണമെന്നു പറഞ്ഞു തന്നാൽ മതി."

സൂര്യൻ:–"എന്റെ പ്ളാൻ ഇത്രയുമെയുള്ളു. അവർ വന്നു് ശങ്കിച്ചു നിൽക്കുമ്പോൾ ഞാനും പുലിയും അയ്യനും മുമ്പിൽ ചാടിവീണു് ഒന്നു രണ്ടിനെ കുന്തം എറിഞ്ഞുകൊന്നിട്ടു് ചുരത്തിലേക്കു ഓടും. അവർ പുറകെ വരും. ചുരത്തിൽ കേറിക്കഴിയുമ്പോൾ അവരെ പിമ്പിൽ നിന്നു് ആക്രമിക്കാൻ തയ്യാറായി കുറെ പേർ ചുരത്തിന്റെ തെക്കെ അററത്തു പതിയിരിക്കണം. അവർ പിമ്പിൽ നിന്നു ആക്രമണം ആരംഭിക്കുമ്പോൾ ഞങ്ങളും ഓട്ടം മതിയാക്കി തിരിഞ്ഞു നിന്നു് സമരം ആരംഭിക്കും. പാറയുടെ മുകളിൽ കുറെ സ്ത്രീകളും കുറെ യോദ്ധാക്കളും വേണം. അവർക്ക് അപകടം കൂടാതെ നമ്മെ സഹായിക്കാം. കുന്തം എറിയുകയും കല്ലുകൾ വലിച്ചിടുകയും

ചെയ്യാം. ഞങ്ങൾ മൂന്നു പേരെയും തട്ടി ഇട്ടു വടക്കോ
ട്ടു കടക്കാൻ മിടുക്കുള്ളവരെ വടക്കെ അററത്തുള്ള മുട്ടുകൾ
വച്ചു പൊടിക്കാം."

സിംഹം:-"ഞാൻ വടക്കെ മുട്ടുകൾ ത്തന്നെ ആയി
രിക്കണമെന്നു നിർബന്ധമുണ്ടോ."

സൂര്യൻ:-"അപകടം കുറവായി......"

സിംഹം:-"അത്രയല്ല. വൃദ്ധനും ഭീരുവും ആയില്ല.
ചുരത്തിൻെറ തെക്കെ അററത്തു പതിയിരുന്നു ആക്രമ
ണം നടത്തേണ്ടവരെ നയിച്ചുകൊള്ളാം ഞാൻ."

സൂര്യൻ:-"അങ്ങിനെ ആവട്ടെ. എൻെറ ഒരുക്കം
പൂർത്തി ആക്കുന്നതിന്ന് പോകയാണു്."

സൂര്യൻ പൈങ്കിളിയെയും പ്രാവിനെയും അനുജ
ന്മാരെയും കൂട്ടിക്കൊണ്ടു് പുറപ്പെട്ടു. എല്ലാവരുടെ തോ
ളിലുമുണ്ടു് ചുമക്കാവുന്നത്ര കുന്തങ്ങൾ. കുരഷ്യർ കാട്ടു
തീ കണ്ടു്, ഏതു വഴിക്കാണു് മുമ്പോട്ടു പോകേണ്ടതെ
ന്നു സംശയിച്ചു നിൽക്കുമെന്നു് അനുമാനിച്ചു പതി ഇ
രിക്കാൻ പററിയ ഒരു കാട്ടു കണ്ടു പിടിച്ചു് അവിടെ വ
ച്ചു ഒരു കെട്ടു് കുന്തം. പിന്നീട്ടു് കുരഷ്യരെ ചുരത്തിലേ
ക്കാകർഷിക്കുന്നതിന്നു് അവനോടൊപ്പം പുറപ്പെടുന്നവർ
ക്കു് പതിയിരിക്കുന്നതിന്നു പററിയസ്ഥാനങ്ങളും തീർച്ച
പ്പെടുത്തി. അവിടയും ഓരോ കെട്ടു കുന്തങ്ങൾ നിക്ഷേ
പിച്ചു. അതു കഴിഞ്ഞു് ചുരത്തിലേക്കു പുറപ്പെട്ടു. അ
പ്പോഴേക്കു കൊച്ചുനിയന്മാർ പിന്നയും രണ്ടു കെട്ടു കുന്ത
വുമായി അവിടെ എത്തിക്കഴിഞ്ഞു. കുരഷ്യരെ ഭയ
ന്നു് ഓടുന്ന എന്ന ഭാവത്തിൽ ഓടി, അവരെ ചുരത്തിന്നു
ള്ളിൽ കയററിയശേഷം അവരുടെ കഥ കഴിക്കുന്നതിന്നു
ചുരത്തിൽ തെക്കു മുതൽ വടക്കുവരയ്ക്കു്, നാലാറടി ദൂ
രത്തിൽ ഓരോ കുന്തം വീതം, ക്ഷണത്തിൽ എടുക്കത്തക്ക
വിധം കുത്തി നിറുത്തി. അവർ ചുരത്തിൻെറ വടക്കെ
അററത്തു് എത്തിയപ്പോഴേക്കു് അവിടുത്തെ മുട്ടിൻെറ

പണി മിക്കവാറും പൂത്തി ആയിരിക്കുന്നു. മറുവശത്തു നിന്നുകൊണ്ടു് ശത്രുക്കളെ ലക്ഷ്യമാക്കി കുന്തം ചാണ്ടുന്നതിനു വേണ്ട സൌകര്യങ്ങളും ശരിപ്പെടുത്തിക്കഴിഞ്ഞു എന്നു സിംഹം അറിയിച്ചു.

ശത്രുക്കളെ സൂര്യനും മററും ആകർഷിച്ചു ചുരത്തിൽ കേററിക്കഴിഞ്ഞാൽ അവരെ പിമ്പിൽ നിന്നു ആക്രമിക്കുന്നതിനു് നിയുക്തരായവർ പ.തിയിരിക്കേണ്ട സ്ഥാനങ്ങൾ നിശ്ചയിക്കയും ആയുധങ്ങൾ ശേഖരിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നു് അയ്യൻ സൂര്യനെ ധരിപ്പിച്ചു. മുകൾ ഭാഗത്തു നിന്നു ശത്രുക്കളെ ആക്രമിക്കുന്നതിനു് സ്ത്രീകൾക്കു വേണ്ട ആയുധങ്ങളും കല്ലുകളും ക്രമീകരണങ്ങളും ശരിപ്പെടുത്തിയിട്ടുണ്ടെന്നു് മൈനാ റിപ്പോർട്ടു ചെയ്തു.

പ്രായവും പരിചയവും കൂടുതൽ ഉള്ളവർ ഉണ്ടായിരുന്നിട്ടും മുൻകൂട്ടി ആരും ഒന്നും ആലോചിച്ചു തീർച്ചപ്പെടുത്താതെ തന്നെ, എല്ലാവരും സൂര്യനെ അവരുടെ കമാൻഡർ ആയി സ്വീകരിച്ചു എന്നാണല്ലോ എല്ലാവരും അവരവർ ഏററ ജോലിയുടെ പുരോഗതി അവനെ പ്രത്യേകം ധരിപ്പിച്ചതിൽ നിന്നു മനസ്സിലാക്കേണ്ടതു്. തന്റെ പുത്രന്റെ പ്രായം മാത്രമുള്ള ജാമാതാവിന്റെ അധികാരം വകവച്ചു കൊടുക്കാൻ സിംഹത്തിനു് അല്പം പ്രയാസം തോന്നിയിരിക്കണം. എന്നാൽ ആ യുവാവു് പ്രത്യക്ഷപ്പെടുത്തിയ സാമരതന്ത്രജ്ഞതയും, വിവേകവും, ഒരുക്കങ്ങളുടെ വിശദാംശങ്ങളിൽ പ്രവേശിച്ചു നടത്തിയ അന്വേഷണവും മൂലം സിംഹത്തിന്റെ ബഹുമാനം അവൻ സമ്പാദിച്ചു. അതുകൊണ്ടു് സൂര്യനു് പ്രഥമസ്ഥാനം അനുവദിച്ചു കൊടുക്കുന്നതിനു് അയാൾക്കു ആദ്യം തോന്നിയ പ്രയാസം താനെ മാറി.

ഒരുക്കങ്ങൾ പൂത്തി ആയി എന്നു വിശ്വസ്തരായ സഹപ്രവത്തകരിൽ നിന്നു് ലഭിച്ച റിപ്പോർട്ടു ശരിയാണോ എ

ന്ന് നോക്കുന്നതിനല്ല, എന്തെങ്കിലും ക്രുട്ടതലായി ചെയ്യേണ്ടതുണ്ടോ എന്നറിയുന്നതിന് എല്ലാ സ്ഥാനങ്ങളും സൂര്യൻ സന്ദർശിച്ചു പരിശോധിച്ചു. തൻെറ പുരുഷൻെറ നിലപാടിൽ പെട്ടെന്ന് എന്തൊ ഒരു മാററം, ഒരു ഉയർച്ച ഉണ്ടായി എന്നു തോന്നി പൈങ്കിളിക്ക്. അവളുടെ അച്ഛനും സഹോദരനും മററ് എല്ലാവരും തന്നെ അവൻെറ നേതൃത്വം സ്വീകരിച്ചതു് പൈങ്കിളിയെ ആഹ്ലാദഭരിതയാക്കി. അവനെ പററിയുണ്ടായിരുന്ന ബഹുമാനം ശതഗുണീഭവിച്ചു. ഒരുക്കങ്ങൾ പരിശോധിക്കുന്നതിന് സൂര്യൻ പുറപ്പെട്ടപ്പോൾ പൈങ്കിളിയും അവനെ അനുഗമിച്ചു. അവൻെറ നോട്ടത്തിലും നടത്തയിലും സംസാരത്തിലും എല്ലാം വലിയ ഒരു മാററം, ഒരു ഘനം ഉണ്ടായിട്ടുണ്ടെന്ന് അവൾക്ക് ബോധ്യമായി.

സൂര്യനും അവൻെറ പെണ്ണും മടങ്ങി എത്തിയ ശേഷമാണ് എല്ലാവരും ആഹാരം കഴിച്ചതു്. ആ സമയം സൂര്യൻ അവൻെറ സൈന്യത്തോടു പറഞ്ഞു. "നാളെ ഏതെങ്കിലും സമയത്തു് ആക്രമണമുണ്ടാകുമെന്നുള്ളതിൽ സംശയമില്ല. ഇന്ന് എല്ലാവരും, അവരവരുടെ ശക്തിക്കപ്പുറം വേല ചെയ്തതാണ്. അതുകൊണ്ട് എല്ലാവരും ഇപ്പോൾ തന്നെ കിടന്നുറങ്ങണം. അല്ലാത്ത പക്ഷം നാളെ ആയാസപ്പെടാൻ പ്രയാസമാകും."

കൊച്ചനിയന്മാരിൽ ഒരുവൻ ചോദിച്ചു–"ശത്രുക്കൾ രാത്രിയിൽ വന്നെങ്കിലൊ? ആരെങ്കിലും കാവൽചെയ്യാത്ത പക്ഷം അവർ ഒളിഞ്ഞു വന്നു നമ്മളെ എല്ലാം കൊന്നു കളയുകയില്ലെ."

സൂര്യൻ ചിരിച്ചുകൊണ്ടു ചോദിച്ചു–"അതിന് എന്തു ചെയ്യണമെന്നാണ് പറയുന്നതു്. ആരാണ് കാവൽ ചെയ്വാനിരിക്കുന്നതു്."

അനിയൻ–"ഞാൻ വെളുക്കുന്നതു വരയ്ക്കും ഉറക്കമി

ളച്ചിരുന്നു കൊള്ളാം."

സൂൎയ്യൻ അനുവദിച്ചു. എല്ലാവരും ആഴിക്കു ചുററിലും കിടന്നുറങ്ങി. കാവൽ ചെയ്യാമെന്നേററ അനിയൻ കുറെ സമയം കടിച്ചു പിടിച്ച് ഇരുന്നശേഷം ഉറങ്ങി മറിഞ്ഞു വീണു. സൂൎയ്യൻ കിടന്നുറങ്ങുന്നില്ലേ എന്നു പൈങ്കിളി ചോദിച്ചു. ഉറങ്ങിക്കൊള്ളാമെന്നു പറഞ്ഞ് അവൻ അവിടെ നിന്ന് എണീററുപോകയാണ് ചെയ്തത്. പകൽ ചെയ്ത ഒരുക്കങ്ങൾ എല്ലാം ഒരിക്കൽക്കൂടി അവൻ പരിശോധിച്ചശേഷം, ഒരു പാറക്കെട്ടിൻെറ മുകളിൽ ഇരുപ്പായി. അവൻെറ തലയിലെ ഭാരം, ചുമതലയുടെ കാഠിന്യം, ഉറക്കത്തെ ദൂരത്തോടിച്ചു. കിഴക്കു വെള്ള വീശിത്തുടങ്ങി. സൂൎയ്യൻ താവളത്തിൽ മടങ്ങി എത്തി.

## അദ്ധ്യായം 9

പ്രതീക്ഷിച്ചിരുന്നതിൽ അഞ്ചെട്ടു മണിക്കൂർ താമസിച്ച്, ഉച്ചയ്ക്കുശേഷമാണ് കുരങ്ങസൈന്യം പ്രത്യക്ഷപ്പെട്ടത്. അവർ ദൂരത്തുള്ള ഒരു മലയുടെ മുകളിൽ കേറിയപ്പോൾ തന്നെ കണ്ടു്, ഒരുക്കങ്ങൾ എല്ലാം ഒരിക്കൽക്കൂടി പരിശോധിച്ചു സൂൎയ്യൻ. സൂൎയ്യനും സിംഹവും പ്രധാന അനുചരന്മാരും ചേൎന്ന് ഒരു കൂടിയാലോചനകൂടി നടത്തി. അയ്യൻ ചോദിച്ചു "രാത്രിയിൽ ആക്രമിക്കാനായിരിക്കുമൊ അവർ ഉദ്ദേശിക്കുന്നതു്."

സൂൎയ്യൻ—"അതുണ്ടാകുമെന്നു തോന്നുന്നില്ല."

സിംഹം—"അവൎക്കു നല്ല പരിചയമില്ലാത്ത പ്രദേശ

ത്തു് എവിടെ ആരെ ആക്രമിക്കാമെന്നു പോലും അറി യാതെ രാത്രിയിൽ എന്തു ചെയ്യാനാണു്."

സൂര്യൻ:-"ഈ രാത്രി അവർ ആ മലഞ്ചെരുവിൽ കൂടും. അതിരാവിലെ പുറപ്പെടും. അപ്പോൾ നല്ലൊരു സ്വാഗതമരുളുന്നതിനു നാം തയ്യാറായിരുന്നാൽ മതി."

സൂര്യന്റെ അഭിപ്രായം ശരിയായിരുന്നു. പിറ്റെ നാൾ പുലർച്ചയോടുകൂടി കുരുഷ്യസൈന്യം പുറപ്പെട്ടിരി ക്കുന്നു എന്നു് ചാരൻ അറിയിച്ചു. പ്രധാന നേതാക്ക ന്മാർ മുമ്പിൽ. അവരുടെ പിമ്പിൽ യോദ്ധാക്കൾ. എ ല്ലാവരുടെ കൈയിലും കല്ലുകളും ഗദയുമുണ്ടു്. യോദ്ധാ ക്കളുടെ പിമ്പിൽ കിടാങ്ങളും പെണ്ണുങ്ങളും ഒട്ടധികം. ഈ വിധത്തിലാണു് കുരുഷ്യർ പുറപ്പെട്ടിരിക്കുന്നതെന്നും, മല്ലന്മാരായ യോദ്ധാക്കൾ വളരെ ഉണ്ടെന്നുമാണു് ചാരൻ അറിയിച്ചതു്.

കുരുഷ്യർ ഒരുനാഴിക ദൂരത്തുഎത്തുമ്പോൾ പുൽക്കാട്ടി ന്നു തീവയ്ക്കാൻ നിയോഗിക്കപ്പെട്ടിരുന്നവനു് സൂര്യൻഒരി ക്കൽക്കൂടി വേണ്ട ഉപദേശം നൽകി. പാറക്കെട്ടിന്റെ മുകളിൽ നില ഉറപ്പിക്കാൻ നിയോഗിക്കപ്പെട്ടിരുന്നവ രും സിംഹത്തിന്റെ നേതൃത്വത്തിൽ ചുരത്തിന്റെ പ്ര വേശനദ്വാരത്തിൽ പതിയിരിക്കാൻ തെരഞ്ഞെടുക്ക പ്പെട്ടിരുന്നവരും വേണ്ട വിധത്തിൽ പ്രവൎത്തിക്കണം എന്നു് പ്രതീക്ഷിക്കുന്നതായി അവരെയും, പാറക്കെട്ടി ന്റെ മുകളിലേക്കു നിയോഗിക്കപ്പെട്ടിരുന്നവർക്കാണു് ശത്രുക്കളെ തകൎത്തുകളയാൻ ഏററം സൌകൎയ്യം എന്നുള്ള വസ്തുത അവരെയും ഒരിക്കൽക്കൂടി ധരിപ്പിച്ചുശേഷം, സൂ ൎയ്യൻ പുലിയെയും അയ്യനെയും കൂട്ടിക്കൊണ്ടു്, അവർ പതിയിരിക്കുന്നതിനു നിശ്ചയിച്ചിരുന്ന സ്ഥലത്തേക്കു പുറപ്പെട്ടു. അവർ സ്ഥാനങ്ങളിൽ എത്തിച്ചേൎന്നു് അ ധികസമയം കഴിയുന്നതിനുമുമ്പു് പുല്ലുമേട്ടിൽനിന്നു പു ക പൊങ്ങിത്തുടങ്ങി. കുരുഷ്യർ അടുത്തുവന്നു കഴിഞ്ഞു

എന്നു് അറിയിക്കുന്നതിനുള്ള ഒരു അടയാളമായും അതു പ്രയോജനപ്പെട്ടു. സൂൎയ്യൻ പതിയിരുന്ന സ്ഥലത്തിനടുത്തു വന്നശേഷമാണു് കുരുഷ്യർ ആ പുകയും അതിൻെറ പിന്നാലെ കത്തിയാളി ഉയൎന്ന തീയും കണ്ടതു്. കുരുഷ്യ നേതാക്കന്മാർ അന്ധാളിച്ചു് തീ കണ്ടിടത്തു തന്നെ നിന്നു പോയി. അപ്പോഴേക്കു പുറകെവന്ന യോദ്ധാക്കളും അഗ്നിബാധ കണ്ടു. എല്ലാവരും അവിടേക്കു കൈകൂണ്ടുകയൊ മുരുമ്മുകയൊ ചെയ്യുന്നു. ആ മാൎഗ്ഗം സ്വീകരിക്കാനുറച്ചാണു് അവർ വന്നതെന്നു് വ്യക്തമായി. എന്താണു് വേണ്ടതെന്നറിയാതെ ആലോചിച്ചുകൊണ്ടു നില്ക്കുന്ന സമയമാണു് ചുരത്തിലേക്കു അവരെ ആകൎഷിക്കുന്നതിനു് പററിയ അവസരം എന്നുറച്ചു് സൂൎയ്യൻ അലറിക്കൊണ്ടു ഒളിവിൽനിന്നു പുറത്തേക്കു ചാടി കുരുഷ്യനേതാക്കന്മാരുടെ സമീപത്തേക്കു കുതിച്ചുപാഞ്ഞു. ആ ഓട്ടത്തിനിടയ്ക്കു് അവൻ എറിഞ്ഞ കുന്തം ഏററം മുമ്പിൽനിന്ന കുരുഷ്യനേതാവിൻെറ നെഞ്ചിൽ തറച്ചുകേറി. അവൻ മറിഞ്ഞു നിലത്തുവീഴുന്നതിനു മുമ്പുതന്നെ മറെറാരു നേതാവിൻെറ കുടവയർ തുളച്ചുകടന്നു സൂൎയ്യൻെറ രണ്ടാമത്തെ കുന്തം. പിന്നെ അവൻ അവിടെ നില്ക്കാതെ കൂക്കുവിളിച്ചുകൊണ്ടു് ചുരത്തിലേക്കു ഓടുകയാണു ചെയ്തതു്. രണ്ടു നേതാക്കന്മാരെ കൊന്നവനെ പിടിക്കാനുള്ള ബദ്ധപ്പാടിൽ, അവർ മറെറാരു ഭാഗത്തുകൂടിയാണു് മുമ്പോട്ടു പോകാൻ ഉദ്ദേശിച്ചിരുന്നതെന്നുള്ള കഥ വിസ്മരിച്ചു് കുരുഷ്യനേതാക്കന്മാരിൽ ബാക്കി ഉണ്ടായിരുന്നവരും, യോദ്ധാക്കളിൽ പലരും സൂൎയ്യൻെറ പുറകെ ഓടി. അപ്പോഴാണു് പുലിയും അയ്യനും ഇളകിയതു്. ലാക്കു നോക്കാതെ തന്നെ കുന്തം ചാണ്ടേതക്കവിധം അത്ര അധികം ആളുകൾ അവരുടെ മുമ്പിൽചെന്നു ചാടിയിരുന്നു. പുലിയുടെ ഒരു കുന്തം രണ്ടുപേരുടെ കഥ ഒരേസമയത്തു കഴിച്ചു. അയ്യൻ മൂന്നുകുന്തം എറിഞ്ഞു. എത്രപേർ തുലഞ്ഞു എ

നാറിഞ്ഞുകൂടാ  ലക്കം ലഗാനമില്ലാതെ കുതിച്ചുപാഞ്ഞു ചെന്ന പലർ മുമ്പിൽ ചത്തുവീണവരെ തട്ടിവീണു. അവരെ ചവിട്ടിമെതിച്ചു പാഞ്ഞു പുറകെ വന്നവർ.

സൂര്യൻ ചുരത്തിൻെറ പ്രവേശനത്തിൽ എത്തി. പുലിയും അയ്യനുംഅവിടെഎത്തി. ആമൂന്നുപേരെയും അല്ലാതെ മററൊന്നും കാണുന്നില്ല കുരഷ്യസൈന്യം. അവരെ കൊല്ലുക എന്നുള്ളതു മാത്രമായി അവരുടെ ലക്ഷ്യം. ഇടംവലം നോക്കാതെ പാഞ്ഞടുത്തു. ശത്രുക്കൾ അടുത്തു വരുന്നതുവരെ, നിശ്ചലരായിനിന്ന ആ യുവാക്കൾ അവർ അടുത്തു് എത്തിയപ്പോഴേക്കു അല്പാല്പമായി ചുരത്തിലേക്കു പിൻമാറി. ശത്രുക്കളിൽ ഭൂരിഭാഗവും ചുരത്തിൽ പ്രവേശിച്ചതോടെ സിംഹം ഒന്നു ഗർജ്ജിച്ചു. അവനും അനുയായികളും പതിയിരുന്നിടത്തുനിന്നു പുറത്തു ചാടി കുരഷ്യരെ വേട്ടയാടാൻ തുടങ്ങി. ഏതാനും പെണ്ണുങ്ങൾക്കും കിടാങ്ങൾക്കും ചുരത്തിൽ പ്രവേശിക്കാൻ അവസരം കിട്ടുന്നതിനു മുമ്പാണു് സിംഹവും അനുചരന്മാരും ഒളിവിൽനിന്നു് പുറത്തു ചാടിയതു്.

സിംഹം ആക്രമണം ആരംഭിച്ചു എന്നറിഞ്ഞ ക്ഷണത്തിൽ, അതേവരെ സംഘട്ടനത്തിനിടകൊടുക്കാതെ തെററിത്തെററി മുമ്പോട്ടു മാറിക്കൊണ്ടിരുന്ന സൂര്യനും പുലിയും അയ്യനും തിരിഞ്ഞുനിന്നു. അപ്പോഴേക്കു് അവർ നേരത്തെ ഒട്ടധികം കുന്തങ്ങൾ കൂട്ടിയിരുന്ന സ്ഥലത്തോടു അടുത്തിരുന്നു. കുന്തങ്ങൾ എടുത്തു സൂര്യനും പുലിക്കും കൊടുക്കുന്ന ജോലിയാണു് അയ്യന്നു് കിട്ടിയതു്. അതാരു ചെയ്യണമെന്നു് മുൻകൂട്ടി നിശ്ചയിച്ചിരുന്നതല്ല. സൂര്യൻെറ കുന്തം എത്ര കുരഷ്യരെ നശിപ്പിച്ചു എന്നും, പുലി എത്രഎണ്ണത്തെ കൊന്നുഎന്നും തീർച്ചപ്പെടുത്താൻ ഒരു മാർഗ്ഗവുമില്ല. അവരെ അടുത്തുകൂടി പിടിക്കുന്നതിനും കല്ലെറിഞ്ഞു വീഴിക്കുന്നതിനും കുരഷ്യർ വളരെ ശ്രമിച്ചു. അവക്കു മരണത്തെ അല്പംപോലും

ഭയമില്ലെന്നു് തെളിയിക്കാൻ മാത്രമാണു് അതുകൊണ്ടു് സാധിച്ചതു്. കുന്തമേററു വീണ കുരുഷ്യശരീരമാകുന്ന കുന്നിൽ കേറി സൂര്യനോടു അടുക്കാൻ പിമ്പിൽ നിന്നവർ ശ്രമിക്കേണ്ടതായിവന്നു. സൂര്യൻെറയും സഹോദരൻെറയും കുന്തമഴ അവരെ എല്ലാം തുളച്ചുകടന്നുകൊണ്ടിരുന്നു.

അപ്പോഴേക്കു സിംഹത്തിൻെറ ആക്രമണത്തിൻെറ ഫലവും പ്രത്യക്ഷപ്പെട്ടു തുടങ്ങി. കുരുഷ്യരിൽ ഒരു ഭാഗം പിമ്പോട്ടു തിരിഞ്ഞുനിന്നു സമരം ചെയ്യാനാരംഭിച്ചു. ഇടയ്ക്കു നിന്ന കുരുഷ്യർ മുമ്പിലും പുറകിലും നടക്കുന്ന സംഘട്ടനത്തിൽ പങ്കുചേരാൻ ബദ്ധപ്പെട്ടപ്പോൾ പാറക്കെട്ടിൻെറ മുകളിൽനിന്നു് പൈങ്കിളിയും പ്രാവും കൊച്ചനിയന്മാരും അവരുടെ സഹായത്തിനു നിയോഗിക്കപ്പെട്ടിരുന്ന യോദ്ധാക്കളും ആക്രമണം ആരംഭിച്ചു. കുന്തത്തെക്കാൾ ഫലപ്രദമാണു് വലിയ കല്ലുകൾ എന്നു് അനിയന്മാരിൽ ഒരുവൻ കേറിനിന്ന കല്ലു് ഉരുണ്ടുരുണ്ടു് താഴത്തേക്കു വീണു് നാലു കുരുഷ്യരെ ചതച്ചു പൊടിച്ചപ്പോൾ മനസ്സിലാക്കിയ സ്ത്രീകൾ കുന്തം എറിയൽ ഉപേക്ഷിച്ചു കല്ലുകൾ വർഷിക്കാൻ തുടങ്ങി. കുരങ്ങിൻെറ സ്വഭാവത്തിൽ പലതും ഉണ്ടു് കുരുഷ്യക്കു്. മനുഷ്യനു് കേറാൻ സാധിക്കാത്ത മരങ്ങളിലും പാറക്കെട്ടുകളിലും കേറാൻ അവയ്ക്കു വലിയ പ്രയാസമില്ല. പാറക്കെട്ടിൻെറ മുകളിൽ സ്ത്രീകളാണു് നിൽക്കുന്നതെന്നു കണ്ടു കുരുഷ്യയോദ്ധാക്കളിൽ ചിലർ, കീഴക്കാംതൂക്കായ ആ പാറക്കെട്ടിൽ പിടിച്ചു മേൽപോട്ടു കേറി. പൈങ്കിളിയും അനുചരരും അവരെ എല്ലാം വധിച്ചു. രണ്ടാൾ നിലംപതിച്ചാൽ മൂന്നാൾ അവരുടെ സ്ഥാനത്തുകടന്നു് മേൽപോട്ടു കേറുകയായി. അവരിൽ ചിലരെങ്കിലും പാറക്കെട്ടിൻെറ മുകളിൽ ചെന്നു പററുകയില്ലേ എന്നു് പൈങ്കിളിക്കു ഭയംതോന്നി. അപ്പോ

ൾ പ്രാവു് രണ്ടു യോദ്ധാക്കളെയും വിളിച്ചുകൊണ്ടു് ഓടു ന്നതു കണ്ടു അവൾ. പ്രാവു് ഭയന്നു് ഓടുകയാണൊ, ച തിയ്യൊ എന്നു സംശയിച്ചു. അടുത്തനിമിഷത്തിൽ പ്രാ വും യോദ്ധാക്കളും മടങ്ങി എത്തി. കത്തി എറിഞ്ഞു കൊണ്ടിരുന്ന കൊമ്പുകളും ചില്ലികളുമുണ്ടു് മൂവ രുടെയും പക്കൽ. അതു് അവർ കുരക്ഷ്യ സൈന്യത്തി ന്റെ മദ്ധ്യത്തിലേക്കു വലിച്ചെറിഞ്ഞു. അതുവരെ ഭ യം എന്നാൽ എന്തെന്നു ചോദിച്ചുകൊണ്ടിരുന്ന കുരക്ഷ്യ യോദ്ധാക്കൾ പരിഭ്രാന്തരായി. കലങ്ങിമറഞ്ഞു് ഇളകി പാഞ്ഞുകൊണ്ടിരുന്ന നദിയിൽ അവരിൽ എത്ര എ ണ്ണം ചാടിച്ചത്തു എന്നു് ഇന്നും നിശ്ചയമില്ല.

അപ്പോഴേക്കു സൂൎയ്യനോടു ഏററുമുട്ടിക്കൊണ്ടിരുന്ന വരിൽ ബാക്കി ആരും തന്നെ ഇല്ലാതായിരുന്നു. സിം ഹത്തിനും ഇരയില്ലാതായി. തെക്കുനിന്നും വടക്കുനിന്നും സമരം നടത്തിക്കൊണ്ടിരുന്നവർ, അവർ നിഗ്രഹിച്ച കുരക്ഷ്യ ശരീരകുന്നുകൾ കേറിഇറങ്ങി വന്നപ്പോൾ, മദ്ധ്യ പ്രദേശത്തു കല്ലുകളുടെ അടിയിൽ ചതഞ്ഞു തകൻ കിട ക്കുന്നവയും സ്ത്രീകളുടെ കുന്തം ഏററു മരിച്ചവയും ആയ കുറെ പ്രേതങ്ങളെ മാത്രമാണു് കണ്ടതു്. ശത്രുഭടന്മാരിൽ ഒരുവൻപോലും ബാക്കിഇല്ല. പുലിയുടെയും അയ്യന്റെ യും മററു ചെറുപ്പക്കാരുടെയും ഉത്സാഹത്തിന്റെ തിള യ്ക്കൽനിലച്ചില്ല. ചുരത്തിൽകേറാൻഇടയാകാഞ്ഞ കുറെ സ്ത്രീകളുംകിടാങ്ങളുംപുറകോട്ടു് ഓടിരക്ഷപെട്ടിട്ടുണ്ടെന്നും, അവരെ പിന്തുടൎന്നു് എല്ലാററിനെയും കൊന്നൊടുക്കണ മെന്നുമായിരുന്നു അക്കൂട്ടരുടെ അഭിപ്രായം. അവർ അ തിനായി പുറപ്പെടുന്നതിനു് സൂൎയ്യന്റെ അനുമതി ആ വശ്യപ്പെട്ടു.

സൂൎയ്യൻ പറഞ്ഞു:–“രാത്രി ആയിത്തുടങ്ങി. ഇനി കൊന്നവരെ പിന്തുടരേണ്ട അത്യാവശ്യമൊന്നുമില്ലല്ലൊ. “നാളെ രാവിലെ ആയാലും മതി.”

പുലി:-"നാളെ രാവിലെ പുറപ്പെട്ടാൽ അവരെ ആരെയും കണ്ടില്ലെന്നുവരാം. അവർ കടന്നുകളയുമെന്നാണ് എന്റെ ഭയം."

സൂര്യൻ:-"സ്ത്രീകളും കിടാങ്ങളും ആണല്ലോ. അവർ പോയാൽ എവിടററം പോകും. എപ്പോൾ വേണമെങ്കിലും പുറകെപോയി പിടിക്കാനെയുള്ളു. ഇപ്പോൾ ആഹാരം വല്ലതും കഴിച്ച് നമുക്ക് വിശ്രമിക്കാം."

സിംഹം പറഞ്ഞു:-"നമ്മുടെ കൂട്ടത്തിൽ എത്ര ആളുകൾക്ക് അപകടം സംഭവിച്ചു എന്ന് അന്വേഷിക്കണം. മുറിവേററവർക്ക് വേണ്ട ശുശ്രൂഷ ചെയ്യണം. ഇവയാണ് ഉടനടി നടക്കേണ്ടത്."

എല്ലാവരും പാറക്കെട്ടിന് വടക്കുഭാഗത്ത് ഒരു ഉയന്ന സ്ഥലത്തു ചെന്നുകൂടി. പൈങ്കിളിയും, പ്രാവും, മൈനായും ഒരു ആഴി അതിവേഗത്തിൽ ശരിപ്പെടുത്തി. എല്ലാവരും ആഴിക്കു ചുററിലും കൂടിയപ്പോൾ, വാറായി കണ്ടിച്ച് ഉണക്കി ശരിപ്പെടുത്തിയ മാംസം യുവതികൾ വിളമ്പി. ഓരോരുത്തരും അവരവരുടെ കൈയിൽ കിട്ടിയ മാംസം തീയിൽ ചുട്ടുതിന്ന് തുടങ്ങിയപ്പോൾ അപകടം സംഭവിച്ചവരെപ്പററി അന്വേഷണം ആരംഭിച്ചു. ജീവനാശം സംഭവിച്ചവരിൽ പൂവന്റെ പേരാണു ആദ്യം പുറത്തുവന്നതു്. അതു് കേട്ട മൈനായുടെ മുഖത്ത് ദുഃഖഛായ പ്രത്യക്ഷമായി എങ്കിലും, അവൾ ചെയ്തുകൊണ്ടിരുന്ന ജോലി—ആർക്കെങ്കിലും കൂടുതൽ മാംസം വേണമൊ എന്ന അന്വേഷണം-മുറയ്ക്കു തുടന്നു. അതു് ആ യുവതിക്ക് അവളുടെ അച്ഛനൊട്ട് സ്നേഹമില്ലാതിരുന്നതുകൊണ്ടോ അവൾക്കു സങ്കടം ഇല്ലാതിരുന്നതുകൊണ്ടോ അല്ല. ഏതു നിമിഷത്തിലും ആപായം സംഭവിക്കാൻ ഇടയുള്ളതായിരുന്നു അവരുടെ ജീവിതപരിതസ്ഥിതികൾ. മരിച്ചവർക്കുവേണ്ടി വിലപിച്ചിരിക്കാൻ സമയവും സൌകര്യവും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് ദുഃഖ

ത്തൊരു അതിരിനപ്പുറത്തു നിറുത്തുന്നതിനുള്ളശക്തി പ്രകൃതിഅവക്കു നൽകിയിരുന്നു. സൂൎയ്യൻെറപക്ഷത്തു നാലാളുകൾ മാത്രമെ നഷ്ടപ്പെട്ടുള്ളു. മുറിവ് ആരും ഒരു കാൎയ്യമായി ഗണിച്ചിരുന്നില്ല എന്നുള്ളതിനു സേനാനായകനായ സൂൎയ്യൻ തന്നെ തെളിവു നൽകുന്നുണ്ട്. അവൻെറ നെററിയിൽ കുരിഷ്യനേതാക്കന്മാരിൽ ഒരുവൻ എറിഞ്ഞ കല്ലുകൊണ്ട് നല്ലൊരു മുറിവുപററി. അതിൽനിന്ന് രക്തം അല്പാല്പമായി ഇപ്പോഴും വാൎന്ന് കൊണ്ടിരിക്കുന്നു. രക്തം കണ്ണിലും വായിലും വീഴാതിരിക്കുന്നതിന് വിരൽകൊണ്ട് വടിച്ചു ദൂരത്തു തെറിപ്പിക്കയാണ് അവൻ ചെയ്യുന്നതു്. ആഹാരം കഴിഞ്ഞപ്പോൾ, ആ രാത്രി അവിടെത്തന്നെ വിശ്രമിക്കയെന്നു തീൎച്ചപ്പെടുത്തി. കുരിഷ്യസൈന്യത്തിൽ ഒരുവൻപോലും ബാക്കി ഇല്ലെങ്കിലും രാത്രി കാവൽ ശരിക്കുവേണമെന്ന് സിംഹവും സൂൎയ്യനും ഒരേസമയം അഭിപ്രായപ്പെട്ടു. ആ ഡ്യൂട്ടിക്ക് ചിലരെ നിയോഗിച്ചു കഴിഞ്ഞു് സൂൎയ്യൻ എണീററു പൈങ്കിളിയുടെ സമീപത്തേക്കു ചെന്നു. അവൾ ഉടൻതന്നെ ഒരു ഇലയിൽ എന്തൊ അവൻെറ നെററിയിൽ വച്ചുപിടിപ്പിച്ചുശേഷം പറഞ്ഞു.

"എത്രനേരമായി ഞാൻ കൈയും കാലും കാണിക്കാൻ തുടങ്ങിയിട്ട്", വായ് തുറന്നിരിക്കുന്നതുപോലാണ് നെററിയിലെ മുറിവ്. ഇപ്പൊഴും ചോര ഒലിച്ചുകൊണ്ടാണല്ലൊ ഇരിക്കുന്നതു്."

സൂൎയ്യൻ ചിരിച്ചുകൊണ്ട്:- "ഇററു ചോര പോയാലെന്താ ചത്തുപോകുമൊ? ഈമരുന്നു നീററലുണ്ടാക്കുമൊ."

പൈങ്കിളി:-"ഇല്ല. നല്ല തണുപ്പും സുഖവും തോന്നും. നാളത്തേക്കു മുറിവു കരിയുകയും ചെയ്യും. എൻെറ അമ്മപറഞ്ഞു തന്ന ഒരു മരുന്നാണു്."

സൂൎയ്യൻ മറുപടി പറയുന്നതിനുമുമ്പു് കൊച്ചുനിയന്മാർ അവിടെ ഓടിഎത്തി. അവരിൽ ഒരുവൻ ചോ

ദിച്ചു. "ചേട്ടാ, ആ കുരഷ്യരെല്ലാം ചത്തെത്തിയൊ."

സൂൎയ്യൻ:—"എന്നാണു് തോന്നുന്നതു്. എന്താ ചോദിച്ചതു്."

കൊച്ചനിയൻ:—"എല്ലാവരെയും നിങ്ങൾ കൊന്നൊ എന്നറിയാനാണു്."

സൂൎയ്യൻ:—"അറിഞ്ഞിട്ടു്......"

രണ്ടാമൻ:—"ഞങ്ങൾക്കു പ്രായമാകുമ്പോൾ യുദ്ധം ചെയ്യാനും കൊല്ലാനും കുരഷ്യർ ഇല്ലെങ്കിൽ ഞങ്ങൾ പിന്നെന്തു ചെയ്യും."

സൂൎയ്യൻ:—അതിനു വേണ്ടവർബാക്കിയുണ്ടു്. പേടിക്കേണ്ട. സ്ത്രീകളും കിടാങ്ങളും കുറെ ഓടിരക്ഷപെട്ടിട്ടുണ്ടു്. നിങ്ങൾ യോദ്ധാക്കളാകുമ്പൊഴേയ്ക്കു് അവർക്കും അങ്കത്തിനു പ്രായമാകും."

കൊച്ചനിയൻ "എന്നാൽമതി."

പൈങ്കിളി:—"അപ്പോൾ ഇനിമേലും അവററകളുടെ ശല്യം കൂടാതെ ഇവിടെ ജിവിക്കാൻ സാധിക്കയില്ലെന്നാണൊ? ഓടിപ്പോയവരെ പിന്തുടർന്നു നശിപ്പിക്കയല്ലെ നന്നു്."

സൂൎയ്യൻ:—"ഇവിടെ അതിശക്തരായ മനുഷ്യർ ഉണ്ടെന്നും, അവരോടു മല്ലിടാൻ പോകുന്നതു് അപകടമാണെന്നും, ഓടിരക്ഷപെട്ട സ്ത്രീകൾ അവരുടെ വൎഗ്ഗക്കാരുള്ള ദിക്കിൽ ചെന്നറിയിച്ചുകൊള്ളും. അതുകൊണ്ടു് അടുത്ത കാലത്തെങ്ങും കുരഷ്യവൎഗ്ഗം ഇങ്ങടുത്തെത്തി നോ

ക്കുകയില്ല."

പൈങ്കിളി:-"അടുത്തകാലം കഴിഞ്ഞാലൊ-"

സൂൎയ്യൻ:-"മന്ദഹസിച്ചുകൊണ്ട്" "പൈങ്കിളിയുടെ മക്കളുടെ കാലത്തോ? അപ്പോഴേക്കു ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് മനുഷ്യർ ധാരാളം ണ്ടാകും. അവർ കുരഷ്യരെ അടുത്ത പ്രദേശങ്ങളിൽ നിന്നുതന്നെ ഓടിച്ച് അവിടവും എല്ലാം കൈ അടക്കിക്കൊള്ളും. എന്റെ പെണ്ണിന് ഇപ്പോൾ തൃപ്തി ആയൊ?"

പൈങ്കിളി:-"എന്റെ പെണ്ണിന് എന്നോ തൃപ്തി ആയതാണ്. അതറിഞ്ഞില്ലെ?"

SEN GUPTA PUBLIC LIBRARY
P.O. Kuthiravattam
Calicut-16
Parayanchery

(ശുഭം)

A. 1330 - 240217

[illegible]

A/1330 വി. എം. ചെറിയാൻ

240217